


# 1
# അമൃതം

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും കഴിയുമ്പോഴാണ് ഓരോ ജീവിതവും അർഥപൂർണമാവുന്നത്. എന്നാൽ അവനവന്റെ സുഖഭോഗങ്ങൾ വർധിപ്പിക്കാനുള്ള പരക്കം പാച്ചിലുകൾക്കിടയിൽ അപരനെ മറന്നുപോകുന്ന ഒരു കാലത്താണ് നമ്മളോരോരുത്തരും ജീവിക്കുന്നത്. മറ്റുള്ളവർക്കുവേണ്ടി നാം കരുതിവയ്ക്കുന്ന ഒരു തുള്ളി കണ്ണുനീരോ, ഒരു പിടി അന്നമോ ഒരു ആശ്വാസവാക്കോ ഒരു തലോടലോ ദയാപൂർണമായ ഒരു നോട്ടമോ ഒരു പുഞ്ചിരിയോ പോലും അതാഗ്രഹിക്കുന്നവർക്ക് സ്നേഹത്തിന്റെ വലിയ ഒരു അനുഭവം തന്നെയായിരിക്കും സമ്മാനിക്കുക എന്ന തിരിച്ചറിവ് കുട്ടികളിലുണ്ടാവേണ്ടതുണ്ട്. ജീവിക്കാൻ പ്രേരിപ്പിക്കുന്ന അമൃതതുല്യമായ ശക്തിവിശേഷം തന്നെയാണ് സ്നേഹം എന്ന് നാമറിയുന്ന നിമിഷങ്ങളാണവ. സ്നേഹത്തിന്റെ വ്യത്യസ്ത മുഖങ്ങൾ കാണിച്ചുതരുന്ന പാഠഭാഗങ്ങളാണ് ഈ യൂണിറ്റിലുള്ളത്. മനുഷ്യസ്നേഹത്തിന്റെ മഹാദീപ്തി കുഞ്ഞുമനസ്സുകളിൽ വളർത്തിയെടുക്കാൻ കഴിയുന്ന തരത്തിൽ ഈ യൂണിറ്റിലെ പഠനാനുഭവങ്ങൾ ഒരുക്കുവാനും അതിലേക്ക് കുട്ടികളെ നയിക്കാനും ടീച്ചർക്ക് കഴിയേണ്ടതുണ്ട്.

സ്നേഹത്തിന്റെ ആദ്യചിത്രം നാം കാണുന്നത് പ്രവേശകമായി നൽകിയിട്ടുള്ള കഥാഭാഗത്തിലാണ്. തനിക്കേറെ പ്രിയപ്പെട്ട ചോറും മുളകുചമ്മന്തിയും, തന്റെ ഉച്ചവിശപ്പിനെക്കുറിച്ചോർക്കാതെ, വഴിവക്കിലെ വിശന്നുതളർന്ന വൃദ്ധനു നൽകുന്ന, കഥയിലെ കുട്ടിയുടെ മനസ്സ് ക്ലാസിലെ ഓരോ കുട്ടിയിലേക്കും സംക്രമിപ്പിക്കാൻ നമുക്ക് കഴിയണം.

മാതൃസ്നേഹത്തിന്റെ മധുരോദാരമായ സ്മൃതി ചിത്രമാണ് കണ്ണനും അമ്മയും. (മാതൃവാത്സല്യവും കണ്ണന്റെ കുസൃതിത്തരങ്ങളും നിറഞ്ഞ കൃഷ്ണഗാഥാവരിക

ളാണ് വെണ്ണക്കണ്ണനിലുള്ളത്.) മാതൃത്വത്തിന്റെ മഹനീയ ഭാവങ്ങളിലേയ്ക്കും അമ്മമാർക്ക് മക്കൾ നൽകേണ്ടുന്ന സ്നേഹസാന്ത്വനങ്ങളിലേക്കും കുട്ടികളെ നയിക്കാൻ നമുക്ക് സാധിക്കണം.

നിത്യചൈതന്യയതിയുടെ സ്നേഹം താൻ ശക്തിയെന്ന പാഠം, നമ്മളിൽനിന്ന് മറ്റുള്ളവരിലേക്കും മനുഷ്യസമൂഹത്തിലേക്കും പ്രകൃതിയിലേക്കും പടരേണ്ടുന്ന സ്നേഹപ്രകാശത്തെക്കുറിച്ചാണ് ഓർമ്മിപ്പിക്കുന്നത്. സ്നേഹത്തിന്റെ മാന്ത്രിക ശക്തികൊണ്ട് നാം ജീവിക്കുന്ന ലോകത്തെത്തന്നെ സുന്ദരമാക്കാമെന്ന ഉൽകൃഷ്ട സന്ദേശം നൽകുന്നു, ഈ പാഠം.

ഒ.എൻ.വി യുടെ 'കുടയില്ലാത്തവർ' കവിയുടെ ബാല്യകാലസ്മരണകളാണ്. സ്നേഹത്തിന്റെ ഉദാത്തമായ അനുഭവമാണ് ഈ കവിത പകരുന്നത്. തനിക്കാരുമല്ലാത്ത ഒരുവനെയും അനിയനായി (അനിയനല്ലാത്തവനെയും അനിയനായി) കാണാനുള്ള മനോഭാവം കുഞ്ഞുങ്ങളിൽ വളർത്താൻ ഈ കവിത ഏറെ സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല. സ്നേഹത്തിന്റെ മൂല്യം പകരാനായി ഈ യൂണിറ്റിലെ വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ ഉപയോഗപ്പെടുത്തണം.

**പ്രവേശകം**

ഡോ. കെ.ശ്രീകുമാറിന്റെ 'വിശപ്പ്' എന്ന കഥയിലെ ഒരു ഭാഗമാണ് പ്രവേശകമായി നൽകിയിരിക്കുന്നത്. സ്വയംപൂർണമായ ഒരു കഥാസന്ദർഭം തന്നെയാണിത്. കുട്ടികൾ ഇത് വായിക്കട്ടെ. അവരുടെ വായനാനുഭവം അറിയാനുള്ള ചെറുചോദ്യങ്ങൾ ചോദിക്കാവുന്നതാണ്.

- ആരൊക്കെയാണ് കഥയിലുള്ളത്?
- കഥ ഇഷ്ടപ്പെട്ടോ?
- എന്തുകൊണ്ടാണ് കഥ ഇഷ്ടപ്പെട്ടത്?
- കഥയിലെ ആരെയാണ് ഇഷ്ടപ്പെട്ടത്? എന്തുകൊണ്ട്?

ഇത്തരം ചോദ്യങ്ങളിലൂടെ കഥയുടെ കേന്ദ്രപ്രമേയത്തിലേക്ക് കുട്ടികളെ നയിക്കാൻ കഴിയും. പിന്നീട്, പാഠപുസ്തകത്തിലെ ചോദ്യം ചോദിക്കാം. കഥയിലെ കുട്ടിയുടെ സ്ഥാനത്ത് നിങ്ങളായിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു? പ്രതികരണങ്ങൾ അവതരിപ്പിക്കാൻ നിർദേശിക്കാം. ആവശ്യമെങ്കിൽ വ്യക്തിഗതമായി ഒന്നോ രണ്ടോ വരിയിൽ എഴുതി അവതരിപ്പിക്കുകയുമാവാം.

ഉച്ചയ്ക്ക് കഴിക്കാനായി തനിക്കുവേണ്ടി അമ്മ കൊടുത്തയച്ച ചോറും താനേറെ ഇഷ്ടപ്പെടുന്ന മുളകുചമ്മന്തിയും വഴിയോരത്തെ വൃദ്ധനു നൽകുന്ന കുട്ടിയുടെ മനോഭാവം എല്ലാ കുട്ടികളിലേക്കും പകരുകയെന്നതാണ് പ്രധാനം. സ്നേഹത്തിന്റെ ഈ ചിത്രത്തിൽനിന്നു തുടങ്ങി ഇതുപോലെ നമ്മെ സ്നേഹിക്കുന്നവരും, നമ്മൾ

സ്നേഹിക്കേണ്ടവരുമായി ആരൊക്കെയാണുള്ളത് എന്ന ആലോചനയിലൂടെ സർവ ചരാചരങ്ങളേയും സ്നേഹിക്കണമെന്ന ആശയത്തിലെത്തണം. സ്നേഹത്തിൽ ചില ത്യാഗങ്ങളുണ്ട്. കുട്ടി സ്വന്തം ഭക്ഷണം ത്യജിക്കുകയായിരുന്നല്ലോ. ഇത് കുട്ടി സന്തോഷത്തോടെയാണ് ചെയ്യുന്നത്. ഒരമ്മ മകനു നൽകുന്ന സ്നേഹം, നമ്മൾ മറ്റുള്ളവർക്കു നൽകുന്ന സ്നേഹം എന്നിവ പ്രമേയമായി വരുന്ന പാഠങ്ങളാണ് തുടർന്നുവരുന്നത് എന്ന് സൂചിപ്പിച്ചുകൊണ്ട് വെണ്ണക്കണ്ണനിലേക്കു കടക്കാം.

## കൃഷ്ണഗാഥയും ചെറുശ്ശേരിയും

മലയാളസാഹിത്യത്തിൽ അദ്വിതീയ സ്ഥാനമാണ് കൃഷ്ണഗാഥയ്ക്കുള്ളത്. സാഹിത്യമേന്മകൊണ്ടും രസപുഷ്ക്കലതകൊണ്ടും ഈ കാവ്യം സർവാതിശായിയായി നിലകൊള്ളുന്നു. എഴുത്തച്ഛന്റെ ആദ്യാത്മരാമായണം, ഭാരതം, ഭാഗവതം എന്നീ കിളിപ്പാട്ടുകൃതികളോട് സമശീർഷമായി നിൽക്കുന്ന ഉൽകൃഷ്ട കാവ്യമാണ് കൃഷ്ണഗാഥ. ഭാഗവതം ദശമസ്കന്ധത്തെ അടിസ്ഥാനമാക്കിയാണ് കൃഷ്ണഗാഥ രചിക്കപ്പെട്ടിട്ടുള്ളത്. ശ്രീകൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള കഥയാണ് ഇതിലെ ഇതിവൃത്തം.

ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ എന്നീ മൂന്ന് കവികളെ ചേർത്ത് പ്രാചീന കവിത്രയം എന്ന് വിളിക്കാറുണ്ട്.

കുമാരനാശാൻ, ഉള്ളൂർ. എസ്. പരമേശ്വരയ്യർ, വള്ളത്തോൾ നാരായണമേനോൻ എന്നിവരെ ചേർത്ത് ആധുനിക കവിത്രയം എന്നും വിളിക്കാറുണ്ട്.

കോലത്തുനാട്ടിലെ രാജാവായിരുന്ന ഉദയവർമൻകോലത്തിരിയുടെ കൊട്ടാരം ആശ്രിതനായിരുന്ന ചെറുശ്ശേരിനമ്പൂതിരിയാണ് കൃഷ്ണഗാഥയുടെ കർത്താവ് എന്നാണ് വിശ്വാസം. രാജാവിന്റെ ആജ്ഞപ്രകാരം എഴുതപ്പെട്ട കൃതിയാണ് കൃഷ്ണഗാഥ. ഗാഥ എന്നാൽ പാട്ട്. മഞ്ജരിവൃത്തത്തിലാണ് ഗാഥകൾ രചിക്കപ്പെടുന്നത്.

*‘പാലാഴിമാതുതാൻ പാലിച്ചുപോരുന്ന*
*കോലാധിനാഥനുദയവർമൻ*
*ആജ്ഞയെച്ചെയ്കയാലജ്ഞനായുള്ള ഞാൻ*
*പ്രാജ്ഞനെന്നിങ്ങനെഭാവിച്ചിപ്പോൾ*
*ദേവകിസൂനുവായ് മേവിനിന്നീടുന്ന*
*കേവലൻ തന്നുടെ ലീലചൊൽവാൻ*
*ആവതല്ലെങ്കിലുമാശതാൻ ചൊല്കയാൽ*
*ആരംഭിച്ചീടുന്നേനായവണ്ണം’* എന്നിങ്ങനെ

കാവ്യത്തിന്റെ ആദ്യഭാഗത്തും

*'ആജ്ഞയാ കോലഭൂപസ്യ*
*പ്രാജ്ഞസ്യോദയവർമണ:*
*കൃതായാം കൃഷ്ണഗാഥായാം'*

എന്ന് അവസാനത്തിലും ചെറുശ്ശേരി എഴുതിയിരിക്കുന്നതുകാണാം. നാടൻ പദങ്ങൾ ധാരാളമായി ഉൾപ്പെടുത്തിയാണ് മന്ദ്രമധുരമായ ഈ കാവ്യം രചിക്കപ്പെട്ടിട്ടുള്ളത് എന്നതാണ് ഏറെ ശ്രദ്ധേയമായ വസ്തുത.

## കൃഷ്ണഗാഥ – രചനയ്ക്കു പിന്നിലെ ഐതിഹ്യം

രാജാവും ചെറുശ്ശേരി നമ്പൂതിരിയും കൂടി ചതുരംഗം കളിക്കുകയായിരുന്നു. തൊട്ടടുത്തായി തൊട്ടിലിൽ കുട്ടിയെ താരാട്ടിയുറക്കിയിരുന്ന രാജപത്നി ചതുരംഗക്കളത്തിലേക്ക് കണ്ണയച്ചപ്പോൾ കണ്ടത്, അടിയറവ് പറയാനൊരുങ്ങുന്ന രാജാവിനെയായിരുന്നു. ഒരു നീക്കം കൂടി തെറ്റിയാൽ രാജാവിന് തോല്വി ഉറപ്പ്. കുട്ടിയെ താരാട്ടു പാടിയുറക്കുകയാണെന്ന വ്യാജേന 'ഉന്തുന്തു/ന്തുന്തുന്തു/ന്തുന്തുന്തു/ന്തുന്തുന്തു/ന്തുന്തുന്തു/ന്തുന്തുന്തു/ന്താളെയുന്ത്' എന്ന് രാജ്ഞി പാടിയപ്പോൾ അർഥം മനസ്സിലായ രാജാവ് ആളെന്ന കരുനീക്കി പരാജയത്തിൽനിന്ന് കരകയറി. സന്തുഷ്ടനായ രാജാവ് പത്നി പാടിയ ഈണത്തിൽ ഒരു കാവ്യം രചിക്കാൻ ചെറുശ്ശേരിയോട് ആവശ്യപ്പെട്ടുവെന്നും അപ്രകാരം രചിക്കപ്പെട്ടതാണ് കൃഷ്ണഗാഥയെന്നുമാണ് ഐതിഹ്യം.

### കൃഷ്ണഗാഥയെക്കുറിച്ച് മഹാകവി ഉള്ളൂർ

മാതൃഭാഷയിലെ മഹനീയങ്ങളായ കാവ്യങ്ങളിൽ അഗ്രിമസ്ഥാനം അർഹിക്കുന്നത് ഏതാണെന്നുള്ള ചോദ്യത്തിന് സഹൃദയൻമാർ ഏകകണ്ഠമായി നൽകുന്ന ഉത്തരം കൃഷ്ണഗാഥയെന്നായിരിക്കും. നമ്മുടെ സാഹിത്യനഭോവീഥിയിൽ നമുക്ക് ഭാസുരങ്ങളായ പല ജ്യോതിർഗോളങ്ങളെയും സമീക്ഷിക്കാവുന്നതാണ്. എന്നാൽ പരിപൂർണമായ ശരച്ചന്ദ്രബിംബം ഏകമേവാദ്വിതീയമായി മാത്രമേ അവിടെ പ്രകാശിക്കുന്നുള്ളൂ. അത് കൃഷ്ണഗാഥയല്ലാതെ മറ്റൊന്നുമല്ല എന്ന് ഏതു സഹൃദയനും സധൈര്യം സമർഥിക്കുവാൻ സാധിക്കുന്നതാണ്.

**– കേരള സാഹിത്യചരിത്രം, മഹാകവി ഉള്ളൂർ**

### പാഠാപഗ്രഥനം

അമ്മ കുളിക്കാൻ പോയ സമയത്ത് വെണ്ണ കട്ടുതിന്നാനായി ആരും കാണാതെ കണ്ണൻ മുറിക്കുള്ളിൽ കടക്കുകയാണ്. ഉറിയിൽ തൂക്കിയിട്ട വെണ്ണക്കുടത്തിനു താഴെ അതിൽ എത്തിപ്പിടിക്കാൻ കഴിയാതെ കണ്ണൻ ഏറെനേരം നിന്നു. തന്റെ നീളക്കുറവിൽ കണ്ണൻ ഖേദിക്കുന്നതായി കവി പറയുന്നുണ്ട്. ദൂരെച്ചെന്ന് ഒരു ഉരൽ വലിച്ചു

കൊണ്ടുവന്ന് ഉറിക്കുതാഴെയായി കമഴ്ത്തിവച്ചു. ഉയരംപോരെന്നു കണ്ട് ഒരു പീഠം കൂടി ഉരലിനുമുകളിൽ കയറ്റിവച്ചു. അതിന്മേൽ കയറി നിന്ന് ഉറിയിൽ തൊടാൻ ശ്രമിക്കുമ്പോൾ താഴെ വീണുപോകുകയും ഉച്ചത്തിൽ നിലവിളിക്കുകയും ചെയ്യുന്നു. ഈ കരച്ചിൽ കേട്ടിട്ടാണ് അമ്മ അവിടെയെത്തുന്നത്. "എന്താ കണ്ണാ നീയീ ചെയ്യുന്നത്?" എന്ന അമ്മയുടെ ചോദ്യത്തിനുമുന്നിൽ തന്റെ കള്ളത്തരം മറച്ചുവച്ച് ചിലതെല്ലാം പറഞ്ഞ് അമ്മയെ വിശ്വസിപ്പിക്കാൻ കണ്ണൻ ശ്രമിക്കുന്നു. അമ്മ കുളിച്ചു വരുന്നതുവരെ ഈ പാൽവെണ്ണ ഈച്ചയോ പൂച്ചയോ മറ്റാരുമോ തൊടാതെ കാക്കുകയായിരുന്നു താനെന്ന് കണ്ണൻ അമ്മയെ ധരിപ്പിക്കാൻ ശ്രമിക്കുന്നു. വെണ്ണക്കണ്ണൻ എന്ന പാഠഭാഗത്തിന് തൊട്ടുമുമ്പുള്ള ചില വരികൾ കാണുക:

*"സ്നാനത്തിനായിട്ടു മാതാവു പോകുന്ന*
*കാലത്തെപ്പാർത്തുനിന്നന്നൊരുനാൾ*
*വെണ്ണയും പാലും വെച്ചുള്ളകം പൂകിനാൻ*
*വേഗത്തിൽ നോക്കിക്കൊണ്ടങ്ങുമിങ്ങും*
*തൂക്കിനനല്ലുറി തങ്കീഴിൽച്ചെന്നിട്ടു*
*നോക്കിനിന്നീടിനാനേറെനേരം,*
*പാരിച്ചുഖേദിച്ചാൻ നീളമില്ലായ്കയാൽ*
*ഈരേഴു പാരുമളന്നോൻ പിന്നെ*
*ദൂരത്തു നിന്നൊരു പാഴുരൽ കൊണ്ടന്നു*
*ചാരത്തുചാലെക്കമഴ്ത്തിവച്ചാൻ*
*ഉന്നതിപോരാഞ്ഞുപിന്നെയതിൻമീതെ*
*ഉന്നതമായൊരു പീഠം വച്ചാൻ.........*

കണ്ണന്റെ കുസൃതി നിറഞ്ഞ വാക്കുകൾക്കുമുന്നിൽ വാത്സല്യത്തിന്റെ ആൾരൂപമായി നിൽക്കുന്ന അമ്മയെയാണ് പാഠഭാഗത്ത് നാം കാണുന്നത്. "അമ്മ കുളിച്ചുവരുന്നതുവരെയും ഈ പാൽവെണ്ണ ഞാൻ കാത്തു സൂക്ഷിച്ചതല്ലേ; ഇങ്ങനെയുള്ള എനിക്ക് അല്പം പോലും വെണ്ണതരാതെ അമ്മ എങ്ങോട്ടാണ് പോകുന്നത്?" എന്ന് കണ്ണൻ ചോദിക്കുന്നു. ഇതുകേട്ട് അമ്മ കണ്ണന്റെ കയ്യിൽ വെണ്ണ നൽകുന്നു. വെണ്ണ കിട്ടിയപ്പോൾ കണ്ണന്റെ മുഖം നിലാവുപോലെ തിളങ്ങുന്നു. ഒറ്റക്കൈ തന്നിൽ വെണ്ണ വെക്കുമ്പോൾ മറ്റേക്കൈ സങ്കടപ്പെടില്ലേ എന്ന് കണ്ണൻ വീണ്ടും പറയുകയാണ്. ഇതുകേട്ട് അമ്മ പിന്നെയും വെണ്ണയ്ക്കായി പോയപ്പോൾ കയ്യിലെ വെണ്ണ പതിയെ വായിലിട്ട് വെണ്ണ കാക്കകൊണ്ടുപോയി എന്നു പറയുകയാണ്. കണ്ണന്റെ കുസൃതിത്തരങ്ങളും വെണ്ണക്കൊതിയും എത്രമാത്രമാണെന്നു വ്യക്തമാക്കുന്നതിന് ഇത്ര നല്ലൊരു സന്ദർഭം ഇല്ലതന്നെ. ഇതുകേട്ട് അമ്മ ചിരിച്ചുകൊണ്ട് വീണ്ടും വെണ്ണകൊണ്ടുവന്ന് കണ്ണന്റെ രണ്ടു കയ്യിലും വച്ചുകൊടുക്കുമ്പോൾ തിളങ്ങുന്ന തിങ്കൾപോലെ പുഞ്ചിരിച്ചുകൊണ്ടു നിൽക്കുകയാണ് കണ്ണൻ.

ലളിതസുന്ദരമായ പദങ്ങൾകൊണ്ട് മാതൃവാത്സല്യത്തിന്റെ ആർദ്രമധുരമായ ഭാവ ചിത്രമാണ് ചെറുശ്ശേരി ഈ കാവ്യഭാഗത്ത് വരച്ചിരിക്കുന്നത്. കണ്ണന്റെ കുസൃതി ആസ്വദിച്ച് സ്നേഹവാത്സല്യങ്ങൾ ചൊരിയുന്ന അമ്മയെ ഇവിടെ കാണാം. കുട്ടി കൾക്ക് സ്വന്തം അമ്മയെക്കുറിച്ചും അമ്മയുടെ സ്നേഹവാത്സല്യങ്ങളെക്കുറിച്ചും ഓർക്കാൻ അവസരം നൽകാവുന്നതാണ്.

## വെണ്ണക്കണ്ണൻ

### പറയാം എഴുതാം

കുട്ടികൾ വ്യക്തിഗതമായി കവിത വായിക്കട്ടെ. കവിത ഈണത്തിലും താളത്തിലും ചൊല്ലി ആസ്വദിക്കാനുള്ള കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുകവഴി കവിതയുടെ ആശയത്തിലേക്ക് അവരെ നയിക്കാൻ കഴിയും. പാഠത്തിന്റെ ആശയത്തിലേക്ക് കുട്ടി കളെ നയിക്കാനുതകുന്ന ചോദ്യങ്ങളാണ് ഇവിടെ കൊടുത്തിട്ടുള്ളത്. കവിതയുടെ ആവർത്തിച്ചുള്ള ചൊല്ലലിലൂടെയും ടീച്ചറുടെ വിശദീകരണങ്ങളിലൂടെയും കുട്ടി കൾക്ക് ആശയഗ്രഹണം എളുപ്പത്തിൽ സാധിക്കുന്നതാണ്. ചോദ്യങ്ങൾക്കുള്ള ഉത്തരം ആദ്യം കവിതയിലെ വരികളായും തുടർന്ന് സ്വന്തം വാക്യങ്ങളായും പറ യാനും എഴുതാനും നിർദേശിക്കാം.

- വെണ്ണ ലഭിക്കാൻ കണ്ണൻ കണ്ടെത്തുന്ന ന്യായങ്ങൾ
  - ☐ അമ്മ കുളിച്ചുവരുന്നതുവരെ ഞാൻ പാൽവെണ്ണ കാത്തു സൂക്ഷിച്ചു.
  - ☐ ഒരു കയ്യിൽമാത്രം വെണ്ണവയ്ക്കുമ്പോൾ മറ്റേക്കൈ സങ്കടപ്പെടും.
  - ☐ വെണ്ണ കാക്ക കൊണ്ടുപോയി.
- വെണ്ണ കിട്ടിയപ്പോൾ കണ്ണൻ ചെയ്തത്.
  - ☐ മറ്റേ കയ്യിലും വെണ്ണവേണമെന്നു പറഞ്ഞു.
  - ☐ വെണ്ണ വായിലിട്ടിട്ട് കാക്ക കൊണ്ടുപോയി എന്നു പറഞ്ഞു.
- വെണ്ണിലാവോലുന്ന തിങ്കൾപോലെ കണ്ണന്റെ മുഖം തിളങ്ങിയത്.
  - ☐ രണ്ടു കയ്യിലും അമ്മ വെണ്ണ നൽകിയപ്പോൾ

### വരികൾ കണ്ടെത്താം

സൂചനകൾക്കനുസരിച്ചുള്ള വരികൾ കവിതയിൽനിന്ന് കണ്ടെത്തിച്ചൊല്ലാനുള്ള പ്രവർത്തനമാണിത്. ആവർത്തിച്ചുള്ള ചൊല്ലലിനുശേഷം കുട്ടികൾക്ക് വളരെ രസ കരമായും മത്സരിച്ചും ഉത്തരം നൽകാൻ കഴിയുന്ന പ്രവർത്തനമായി ഇതിനെ മാറ്റാ വുന്നതാണ്. ആവശ്യമെങ്കിൽ കൂടുതൽ സൂചനകൾ ഉപയോഗിക്കാം.

- കയ്യിലെ വെണ്ണയെ കാക്ക കൊണ്ടുപോയി.
  'കള്ളനായുള്ള .................... കൊണ്ടുപോയി'.

- കണ്ണൻ കള്ളം പറഞ്ഞിട്ടും അമ്മ വെണ്ണ നൽകുന്നു.

  'വൈകാതവണ്ണമക്കൈതവ..........വെണ്ണവച്ചാൾ'.

### അർഥം കണ്ടെത്താം

പാഠഭാഗത്ത് പരിചിതമല്ലാത്ത പദങ്ങൾ പട്ടികപ്പെടുത്തട്ടെ. ഈ പദങ്ങളുടെ സന്ദർഭത്തിനനുസരിച്ചുള്ള അർഥം ഊഹിച്ചു പറയാൻ ആവശ്യപ്പെടാം. പിന്നീട് പദങ്ങളുടെ അർഥം യൂണിറ്റിന്റെ പിറകിലുള്ള അർഥസൂചികയുമായി താരതമ്യം ചെയ്ത് ഉറപ്പു വരുത്തി എഴുതാൻ നിർദേശിക്കാം. അർഥസൂചികയിൽ പദങ്ങൾ അക്ഷരമാലക്രമത്തിലാണ് ക്രമീകരിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെടുത്താൻ ശ്രദ്ധിക്കണം. നിഘണ്ടു ഉപയോഗിക്കാനുള്ള പരിശീലനമായി ഈ അർഥസൂചിക പ്രയോജനപ്പെടുത്താവുന്നതാണ്.

### അടിവരയിട്ട പദങ്ങൾക്കുപകരം മറ്റൊരു പദം ചേർത്ത് മാറ്റിയെഴുതൽ

അടിയിൽ വരയിട്ടിരിക്കുന്ന പദങ്ങൾക്കു പകരം പരിചിതമായ മറ്റൊരു പദം ചേർത്ത് മാറ്റിയെഴുതുകയാണ് വേണ്ടത്. പകരം പദങ്ങൾ കുട്ടികളെക്കൊണ്ടു തന്നെ പറയിക്കാൻ ശ്രമിക്കണം. കുട്ടികൾ കണ്ടെത്തിയ പദങ്ങളുടെ ചേർച്ചയും പരിശോധിക്കണം. അങ്ങനെ ഈ പ്രവർത്തനം പൂർത്തിയാക്കാം.

### മാതൃകപോലെ മാറ്റിയെഴുതാം

കവിതയിലെ ചില പ്രത്യേക പ്രയോഗങ്ങൾ മാറ്റിയെഴുതുകയാണ് വേണ്ടത്. ഉദാഹരണമായി നൽകിയ വാക്കിനുണ്ടായ മാറ്റം പോലെ തുടർന്നു വരുന്നവ മാറ്റിയെഴുതട്ടെ.

- ഏതുമേ താരാതെ → ഒന്നും തരാതെ
- കേഴുംപോലെ → കരയുംപോലെ

### ചൊല്ലി രസിക്കാം

കണ്ണന്റെ അമ്മയുടെ സ്നേഹവാത്സല്യങ്ങൾ കുട്ടികൾ പരിചയപ്പെട്ടു കഴിഞ്ഞു. മറ്റൊരമ്മയെയും കുട്ടിയെയും പരിചയപ്പെടുന്നതിനായി ഇടശ്ശേരിയുടെ പൂതപ്പാട്ടിൽനിന്നുള്ള ഒരു ഭാഗമാണ് നൽകിയിരിക്കുന്നത്. കവിത ഈണത്തിൽ ചൊല്ലി അവതരിപ്പിക്കണം. കുട്ടികളെ ഗ്രൂപ്പായി തിരിച്ച് കവിത ചൊല്ലി അവതരിപ്പിക്കാൻ നിർദേശിക്കാം. കവിതയുടെ ആശയത്തിലേക്കു നയിക്കാനുള്ള ചെറുചോദ്യങ്ങൾ ചോദിക്കാം.

- എന്തൊക്കെ ആഭരണങ്ങളാണ് ഉണ്ണിക്കുള്ളത്?
- അമ്മ എങ്ങനെയാണ് ഉണ്ണിക്ക് ആഹാരം കൊടുക്കുന്നത്?
- അമ്മ കുഞ്ഞിനെ ഉറക്കുന്നത് എങ്ങനെയാണ്?

## പൂതപ്പാട്ട്

**ഇടശ്ശേരി ഗോവിന്ദൻ നായർ**

മാതൃസ്നേഹത്തിന്റെ ആർദ്രമധുരമായ ആവിഷ്ക്കാരമാണ് ഇടശ്ശേരിയുടെ 'പൂതപ്പാട്ട്' എന്ന കവിത. തന്റെ പ്രിയപ്പെട്ട ഉണ്ണിയെ തട്ടിയെടുത്ത പൂതത്തിന്റെ കയ്യിൽ നിന്നും സ്നേഹത്തിന്റെ ശക്തിയൊന്നുകൊണ്ടുമാത്രം അവനെ തിരിച്ചു വാങ്ങുന്നു കവിതയിലെ അമ്മ. പേടിപ്പിച്ചും പ്രലോഭിപ്പിച്ചും കുഞ്ഞിനെ തിരികെ കൊടുക്കാതിരിക്കാൻ ശ്രമിച്ച പൂതത്തിന്റെ മുന്നിൽ തന്റെ രണ്ടുകണ്ണുകളും ചൂഴ്ന്നെടുത്ത് കാഴ്ചവയ്ക്കുകയാണ് അമ്മ. താഴെ കൊടുത്ത വരികൾ ചൊല്ലിക്കൊടുക്കാവുന്നതാണ്.

'പേടിപ്പിച്ചോടിക്കാൻ നോക്കീ പൂതം
പേടിക്കാതങ്ങനെ നിന്നാളമ്മ
കാററിൻ ചുഴലിലായ്ച്ചെന്നൂ പൂതം
കുറ്റികണക്കങ്ങു നിന്നാളമ്മ
നരിയായും പുലിയായും ചെന്നൂപൂതം
തരികെന്റെ കുഞ്ഞിനെയെന്നാളമ്മ.
പൂതമാക്കുന്നിന്റെ മേൽമൂടിപ്പാറയെ
കൈതപ്പൂപോലെ പറിച്ചുനീക്കി.
കൺചിന്നുമാറതിൽ പൊന്നും മണികളും
കുന്നുകുന്നായിക്കിടന്നിരുന്നു.
പൊന്നും മണികളും കിഴികെട്ടിത്തന്നിടാം
പൊന്നാരക്കുട്ടനെ ഞാനെടുക്കും
അപ്പൊന്നും നോക്കാതെയമ്മണി നോക്കാതെ
യമ്മ തൻ കണ്ണുകൾ ചൂഴ്ന്നെടുത്തു
പുലരിച്ചെന്താമരപോലവ പൂതത്തിൻ
തിരുമുമ്പിലർപ്പിച്ചു തൊഴുതുരച്ചു.
ഇതിലും വലിയതാണെന്റെ പൊന്നോമന
അതിനെത്തരികെന്റെ പൂതമേ നീ.'

## സമാനാർഥമുള്ള പദങ്ങൾ

കുട്ടികളുടെ പദാവലീവികസനത്തിന് സഹായകമാകുന്ന പ്രവർത്തനമാണിത്. തന്നിട്ടുള്ള പദങ്ങളോട് അർഥപരമായി സമാനതയുള്ള കൂടുതൽ പദങ്ങൾ കണ്ടെത്തി എഴുതിച്ചേർക്കുകയാണ് വേണ്ടത്. മറ്റു കുട്ടികളുടെ സഹായത്തോടെ ആദ്യം ഇത് കണ്ടെത്തട്ടെ. പാഠപുസ്തകത്തിന്റെ അവസാന പേജിൽ നൽകിയിട്ടുള്ള സമാതാർഥ സൂചിക പിന്നീട് ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

## ആവർത്തനത്തിന്റെ ഭംഗി

കവിതയ്ക്ക് താളഭംഗിയും ശബ്ദസൗകുമാര്യവും നൽകാനായി കവികൾ ശബ്ദാലങ്കാരത്തിന്റെ സാധ്യതകൾ ഉപയോഗിക്കാറുണ്ട്. ഇത്തരത്തിലുള്ള അക്ഷരാവർത്തനഭംഗി കൃഷ്ണഗാഥയിൽ ധാരാളമായിക്കാണാവുന്നതാണ്. കവിതാസ്വാദനഘട്ടത്തിൽ ഇക്കാര്യം കുട്ടികളെ ബോധ്യപ്പെടുത്തണം. ഇത്തരം വരികൾ ഉച്ചത്തിൽ ചൊല്ലി അവതരിപ്പിക്കാൻ അവസരം നൽകണം. അക്ഷരങ്ങളുടെ ആവർത്തനം കവിതയ്ക്കു നൽകുന്ന സൗന്ദര്യം ചർച്ച ചെയ്യണം. ഇങ്ങനെ അക്ഷരാവർത്തനഭംഗിയുള്ള മറ്റു കവിതാഭാഗങ്ങളും പരിചയപ്പെടുത്താം.

*ഉദാ: കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി......*
*കാഞ്ചന കാഞ്ചി കുലുങ്ങിക്കുലുങ്ങി....*

## ഒരേ ഈണം ഒരേ താളം

കൃഷ്ണഗാഥയിലെ വരികളും, മഹാകവി വള്ളത്തോളിന്റെ സാഹിത്യമഞ്ജരിയിലെ ഏതാനും വരികളും ചൊല്ലി ആസ്വദിക്കാനുള്ള പ്രവർത്തനമാണിത്. കുട്ടികൾ സംഘമായി ചൊല്ലിക്കട്ടെ. അതിനുശേഷം ഈ രണ്ടു കവിതകളും ഒരേ ഈണത്തിൽ ചൊല്ലാൻ കഴിയുന്നത് എന്തുകൊണ്ടാണ് എന്നു ചോദിക്കണം. കുട്ടികൾ പ്രതികരിക്കട്ടെ, രണ്ടു കവിതകളിലെയും വരികളിലെ അക്ഷരങ്ങളുടെ എണ്ണം തുല്യമാണെന്ന് കുട്ടികൾ തിരിച്ചറിയണം. അതാണ് ഒരേ ഈണവും ഒരേ താളവും കിട്ടാൻ ഒരു കാരണം എന്ന് കുട്ടികൾ മനസ്സിലാക്കണം. താളത്തെക്കുറിച്ചും വൃത്തത്തെക്കുറിച്ചുമുള്ള ആദ്യഅറിവായി ഇതിനെ കാണാം.

## സ്നേഹം താൻ ശക്തി

വിദ്യാഭ്യാസം, ആരോഗ്യശാസ്ത്രം, സാഹിത്യം, സംഗീതം, ചിത്രകല, വാസ്തുശില്പം, ആധ്യാത്മികത, ഏകലോകചിന്ത തുടങ്ങിയ വിഷയങ്ങളിൽ ഏറെ പഠിച്ചും പഠിപ്പിച്ചും ജീവിച്ചിരുന്ന കേരളീയനായ ഒരു സന്ന്യാസിയായിരുന്നു നിത്യചൈതന്യയതി. ഭൗതികവും ആധ്യാത്മികവുമായ സൗന്ദര്യമാണ് ജീവിതത്തിന്റെ അന്തസ്സത്തയെന്ന് അദ്ദേഹം നമ്മെ പഠിപ്പിച്ചു.

ഒരു അവധിക്കാലത്ത് വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരിക്കുന്ന ലൈലയുടെയും കുട്ടന്റെയും മുന്നിലേക്ക് ഒരു മൈന പറന്നെത്തുന്നു. പേടിയില്ലാതെ അടുത്തുവന്നിരിക്കുന്ന മൈനയെ പിടിക്കാൻ കുട്ടൻ ശ്രമിക്കുന്നു. പറന്നുപോയ മൈനയെ തന്റെ തെറ്റാലിയുപയോഗിച്ച് എയ്തുവീഴ്ത്താൻ കുട്ടൻ ശ്രമിക്കുമ്പോൾ ലൈല അവനെ പിന്തിരിപ്പിക്കുകയാണ്. 'ഒരു പീഡയെറുമ്പിനും വരുത്തരുതെ'ന്ന് അമ്മ പറഞ്ഞു പഠിപ്പിച്ച പാഠം അവൾ ഓർമ്മിപ്പിക്കുന്നു. ആ പാവം മൈനയെ ഉപദ്രവിക്കരുതെന്ന് അവൾ പറയുന്നു. തന്റെ തെറ്റ് ബോധ്യപ്പെട്ട കുട്ടൻ തെറ്റാലി തറയിലിട്ടപ്പോൾ മൈന മാവിൻകൊമ്പിലിരുന്ന് മധുരമായി പാടുന്നു. അപ്പോൾ ആ മാവിലെ ഉണങ്ങിയും മുരടിച്ചും നിന്ന ഇലകളെല്ലാം പൊഴിഞ്ഞു വീഴുന്നു. പട്ടുപോലെ മൃദുലമായ തളിരിലകൾ നിറഞ്ഞ് ഏതാനും നിമിഷങ്ങൾ കൊണ്ട് ആ മാവ് സുന്ദരമായിത്തീരുന്നു. മൈനയുടെ അസാധാരണത്വം കണ്ട് കുട്ടികൾ അത്ഭുതപ്പെടുന്നു. മൈനയെപ്പോലെ നമുക്കും പാടാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ലൈല ആഗ്രഹിക്കുന്നു. മൈന വീണ്ടും പാടിയ വരികൾ ഏറ്റുപാടിക്കൊണ്ട് കുട്ടികൾ മുറ്റത്തും പുരയിടത്തിലുമെല്ലാം ഓടിനടന്നപ്പോൾ ഒരു മായാവിദ്യയാലെന്നപോലെ പൂച്ചെടികൾ അവിടങ്ങളിലെല്ലാം നിറഞ്ഞു. അങ്ങനെ കുട്ടികളുടെ സ്നേഹഗാനത്തിൽ ലയിച്ച് ലോകം തന്നെ അതീവസുന്ദരമായിത്തീരുന്നു. സ്നേഹത്തിന്റെ കൈകൾ നാം ജീവിക്കുന്ന ലോകത്തിന്റെ ഇരുളടഞ്ഞ മൂലകളിലേക്കു നീളുമ്പോൾ അവിടങ്ങളിൽ വർണപുഷ്പങ്ങൾ വിരിയുന്നു എന്ന ഭാവനാപൂർണമായ ചിന്തയിലൂടെ കുഞ്ഞുമനസ്സുകളിൽ വിശ്വസ്നേഹത്തിന്റെ വിത്തുകൾ വിതക്കുകയാണ് നിത്യ ചൈതന്യയതി.

'ഒരു പീഡയെറുമ്പിനും വരുത്തരുതെന്ന്' അമ്മ പറഞ്ഞതായി ലൈല കുട്ടനെ ഓർമ്മിപ്പിക്കുന്നുണ്ട്. സഹജീവിസ്നേഹത്തിന്റെ പ്രാധാന്യം കുട്ടികളെ ഓർമ്മിപ്പിക്കാനുള്ള സന്ദർഭമായി ഇത് പ്രയോജനപ്പെടുത്തണം. ശ്രീനാരായണഗുരുവിന്റെ 'അനുകമ്പാദശക'ത്തിലെ വരിയാണിതെന്ന് ഓർമ്മിപ്പിക്കുന്നത് നന്ന്. താഴെ ചേർത്ത മറ്റുവരികൾ കൂടി പരിചയപ്പെടുത്തുകയുമാവാം.

*'ഒരു പീഡയെറുമ്പിനും വരു-*
*ത്തരുതെന്നുള്ളനുകമ്പയും സദാ*
*കരുണാകര! നൽകുകുള്ളിൽ നിൻ*
*തിരുമെയ് വിട്ടകലാതെ ചിന്തയും?*

***- അനുകമ്പാദശകം, ശ്രീനാരായണഗുരു -***

കുട്ടികൾ ഏറ്റുപാടുന്ന സ്നേഹത്തിൽനിന്നുദിക്കുന്നു ലോകം എന്ന വരികൾ സ്നേഹഗായകനായ മഹാകവി കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകി'യിൽ നിന്നുള്ളതാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്താവുന്നതാണ്. സ്നേഹത്തിന്റെ സൗന്ദര്യം, ശക്തി അതിന് സ്വാതന്ത്ര്യവുമായുള്ള അഭേദത്വം എന്നിവ കവിതയിലൂടെ

സാക്ഷാത്ക്കരിച്ച കവിയാണ് കുമാരനാശാൻ. വീണപൂവ് മുതൽക്കുള്ള കവിതകൾ ഇതിന് ഉദാഹരണങ്ങളാണ്. ബാഹ്യരൂപത്തിലും പ്രതിപാദ്യത്തിലും വ്യത്യാസങ്ങൾ ദർശിക്കാമെങ്കിലും ആശാൻ കവിതയുടെ പൊതുവായ അന്തർധാരയായി വർത്തിക്കുന്ന വികാരം സ്നേഹം തന്നെയാണെന്നു കാണാം. 2500 വർഷങ്ങൾക്കു മുമ്പ് നടന്നതായി കല്പിക്കപ്പെടുന്ന കഥയാണ് ചണ്ഡാലഭിക്ഷുകിയിലേത്. ജാതിചിന്തയുടെ നിരർഥകത ബോധ്യപ്പെടുത്തുന്ന ഈ കൃതിയിലെ കഥാപാത്രങ്ങൾ മാതംഗി എന്ന ചണ്ഡാലിനിയും ആനന്ദൻ എന്ന ബുദ്ധഭിക്ഷുവുമാണ്.

### ഗുരുവിനെക്കുറിച്ച് നിത്യചൈതന്യയതി

....... അങ്ങനെയിരിക്കുമ്പോൾ ഒരാളെന്നോട് എഴുതി ചോദിച്ചു: 'ശ്രീനാരായണ ഗുരുവിന്റെ കൃതികളിൽ 'സ്നേഹം' എന്നൊരു വാക്കേ പ്രയോഗിച്ചു കാണുന്നില്ലല്ലോ'? എന്ന്. അതിനുപകരം അരുൾ, അൻപ്, അനുകമ്പ എന്നീ മൂന്നുവാക്കുകളെയാണ് ഗുരു പ്രശംസിച്ചിട്ടുള്ളത്. ഗുരുവിന്റെ ജീവിതത്തിൽ നിറഞ്ഞു നിന്നിരിക്കുന്നതും അവ തന്നെ. ദൈവത്തെപ്പറ്റി പറയുമ്പോഴൊക്കെ ഹൃദയത്തിൽ നിറഞ്ഞു തീവ്രമായി അനുഭവപ്പെട്ടിട്ടുള്ളത് അരുളും, സഹജീവികളോട് അവിടുന്ന് കാട്ടിയിരുന്ന അൻപുമാണ്, ഒരു പീഡ എറുമ്പിനും വരുത്തരുതെന്ന് പറയുമ്പോൾ അതിൽ നിറഞ്ഞിരുന്നത് അനുകമ്പയും ആയിരുന്നു. അതെല്ലാം കൊണ്ടാണ് ലോകസാഹിത്യത്തിലെ ഒരു രാജ്യക്കാരന്റേയോ, ഒരു വംശജന്റേയോ നേർക്കല്ല, മനുഷ്യവർഗത്തെ ഒന്നായി അരുളും അൻപും അനുകമ്പയും ഉള്ളവരാക്കാൻ ശ്രമിച്ചിട്ടുള്ള പല മഹത്തുക്കളുടെയും സാഹിത്യകൃതികളിലേക്ക് ഞാൻ തിരിഞ്ഞത്.

**കണ്ടെത്താം**

കുട്ടികൾ പാഠഭാഗം വായിക്കട്ടെ. വ്യക്തിഗതവായനയ്ക്കും സംഘ വായനയ്ക്കും ശേഷം നന്നായി വായിക്കുന്ന കുട്ടികളെകൊണ്ട് പൊതുവായി വായിപ്പിക്കുകയും ചെയ്യാം. തുടർന്ന് സാമാന്യാശയം കണ്ടെത്തുന്നതിനായി കണ്ടെത്താം എന്ന ഭാഗത്ത് നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് കുട്ടികൾ ഉത്തരം നൽകട്ടെ. ഉത്തരം പറയിക്കുകയും എഴുതി തയാറാക്കാൻ നിർദേശിക്കുകയും ചെയ്യാം.

- കുട്ടൻ ക്ഷുഭിതനായത്

  പിടിക്കാനായി മൈനയുടെ തൊട്ടടുത്ത് കുട്ടൻ എത്തിയപ്പോൾ മനുഷ്യർ ചിരിക്കുന്ന സ്വരത്തിൽ ഒച്ചയുണ്ടാക്കിക്കൊണ്ട് അത് പറന്നുപോയി. ഇത് കണ്ടാണ് കുട്ടൻ ക്ഷുഭിതനായത്.

- ലൈലയ്ക്കും കുട്ടനും അമ്മ പകർന്നുകൊടുത്ത പാഠം.

  'ഒരു പീഡയെറുമ്പിനും വരുത്തരുത്'.

- മൈനയുടെ പാട്ട് കേട്ട് മരത്തിനുണ്ടായ മാറ്റം

  ഉണങ്ങിയും മുരടിച്ചും നിന്ന മാവ് അതിവേഗം പൂത്തുതളിർത്തു.

- മൈന മനുഷ്യശബ്ദത്തിൽ പാടിയ പാട്ട്

  സ്നേഹത്തിൽ നിന്നുദിക്കുന്നൂ......

### അർഥം കണ്ടെത്താം

തന്നിട്ടുള്ള വാക്കുകളുടെ അർഥം സന്ദർഭത്തിൽനിന്ന് ഊഹിച്ചെഴുതാൻ കുട്ടികളോട് നിർദേശിക്കണം. ശരിയായ അർഥം കണ്ടെത്തി അർഥസൂചിക നോക്കി ഉറപ്പുവരുത്തി ആദ്യം പാഠപുസ്തകത്തിലും തുടർന്ന് നോട്ടുപുസ്തകത്തിലും എഴുതട്ടെ.

### കണ്ടെത്താം എഴുതാം

ആഴത്തിലുള്ള വായനയിലേക്ക് കുട്ടികളെ നയിക്കാനുള്ള ചോദ്യങ്ങളാണിവ. സന്ദർഭാനുസരണം കഥ ഭാവാത്മകമായി വായിച്ചുകേൾക്കാൻ അവസരമുണ്ടാക്കാം. ഈ ചോദ്യങ്ങൾക്കുത്തരം നൽകാൻ പാഠം വീണ്ടും വായിക്കാൻ അവസരം നൽകണം. തുടർന്ന് ഉത്തരം എഴുതിത്തയാറാക്കാൻ നിർദേശിക്കാം. പിന്നീട് അവതരണം, ചർച്ച, മെച്ചപ്പെടുത്തൽ എന്നിവ കൃത്യമായി നടക്കണം.

- ഇത് വെറുമൊരു മൈനയല്ല എന്ന് ലൈല പറഞ്ഞത് മൈനയുടെ മനുഷ്യശബ്ദത്തിലുള്ള പാട്ടും ആ പാട്ടുകേട്ടു ഉണങ്ങിയ മരത്തിനുണ്ടായ മാറ്റവും ശ്രദ്ധിച്ചതുകൊണ്ടാണ്.
- കുട്ടികളുടെ സ്നേഹഗീതങ്ങളാൽ മുറ്റവും പുരയിടവും ചുറ്റുപാടും നാടുമെല്ലാം പൂച്ചെടികൾ നിറഞ്ഞ് മനോഹരമായിത്തീർന്നു.

### വ്യത്യാസം കണ്ടെത്താം

'അ' മുന്നിൽ ചേരുമ്പോൾ വാക്കുകൾക്കുണ്ടാകുന്ന വിപരീതാർഥം മനസ്സിലാക്കാൻ അവസരമൊരുക്കണം.

നീതി - അനീതി

ധർമം -അധർമം

സത്യം - അസത്യം

വിപരീതാർഥമുള്ള വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ ഉണ്ടാക്കാനും നിർദേശിക്കാം.

ഉദാ: അനീതിയെ എതിർക്കണം

അസത്യം പറയരുത്

അധർമം ചെയ്യരുത്

'അ' ചേരുമ്പോൾ മാത്രമല്ല മറ്റു രീതിയിലും വിപരീതാർഥമുള്ള പദങ്ങൾ ഉണ്ടാകുന്നത് പരിചയപ്പെടുത്തണം.

ഇഷ്ടം - അനിഷ്ടം

ഉപകാരം - ഉപദ്രവം

ശത്രു - മിത്രം

സത്കർമം - ദുഷ്കർമം

### കേട്ടെഴുതാം

പാഠത്തിന്റെ വിശകലനഘട്ടത്തിൽ പുതിയ പദങ്ങൾ അപ്പപ്പോൾ ബോർഡിലെഴുതി ലിഖിത രൂപത്തിലേക്ക് കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരണം.. അങ്ങനെ അവയുടെ ഉച്ചാരണം, ലേഖനം, അർഥം എന്നിവയിൽ ധാരണയുണ്ടാക്കണം. പിന്നീട് പാഠത്തിലെ പ്രവർത്തനങ്ങളുടെ അവസാനം ഏതാനും വാക്കുകൾ തെറ്റുകൂടാതെ എഴുതാനുള്ള പ്രവർത്തനമായി കേട്ടെഴുത്ത് നടത്താം. തെറ്റിച്ച വാക്കുകൾ ആവർത്തിച്ചെഴുതിക്കുകയല്ല, തെറ്റ് മനസ്സിലാക്കി തിരുത്താനുള്ള പ്രവർത്തനമാണ് തുടർന്നു നടക്കേണ്ടത്.

- കേട്ടെഴുത്തിന് തെരഞ്ഞെടുക്കാവുന്ന പദങ്ങൾ : ക്ഷുഭിതൻ, തെറ്റാലി, ലാക്കുനോക്കുക, മാധുര്യം, അസാധാരണം, അനുബന്ധം, പീഡ, അബദ്ധം, മൃദുലം, വൃദ്ധ, മുരടിച്ച, കുരുണിപ്പ്, മനുഷ്യശബ്ദം, പ്രത്യക്ഷപ്പെടുക.

### മാറ്റിയെഴുതാം

പാഠത്തിൽനിന്നുള്ള ചില വാക്യങ്ങൾ അർഥവ്യത്യാസം വരാതെ മാറ്റിയെഴുതാനുള്ള പ്രവർത്തനമാണിത്.

- അവർ മുറ്റത്ത് കളിക്കുകയാണ്, മുറ്റത്ത് അവർ കളിക്കുകയാണ്.
- പതുക്കെ അടുത്തുചെന്നാൽ അതിനെ കയ്യിലെടുക്കാമെന്ന് അവനു തോന്നി – എന്നുമാണ് മാറ്റിയെഴുതേണ്ടത്.

### പൂക്കളുണ്ടാക്കാം

ഭാഷാപ്രവർത്തനത്തിന്റെ ഭാഗമായി പ്രവൃത്തിപരിചയ പരിശീലനത്തിനുള്ള അവസരമൊരുക്കാൻ കൂടിയാണ് കടലാസുപൂക്കൾ നിർമിക്കുന്ന ഈ പ്രവർത്തനം. പാഠപുസ്തകത്തിൽ കാണിച്ച രീതിയിലോ, വ്യത്യസ്തരീതികളിലോ കടലാസു

പൂക്കൾ ഉണ്ടാക്കാവുന്നതാണ്. ക്ലാസ്മുറിയിൽ മേശപ്പുറത്ത് ഈ കടലാസുപൂക്കൾ കൊണ്ട് പൂപ്പാത്രം നിറച്ചുവയ്ക്കാം. കുട്ടികൾ ഉണ്ടാക്കുന്ന പൂവുകളെ വലുപ്പം, ഭംഗി, ആകൃതി എന്നിവ അടിസ്ഥാനമാക്കി പരസ്പരം വിലയിരുത്താൻ അവസര മൊരുക്കാം. പൂക്കളുണ്ടാക്കിയതിനുശേഷം അതിനെക്കുറിച്ച് ഒന്നോ രണ്ടോ വാക്യ ങ്ങൾ എഴുതാൻ നിർദേശിക്കുകയും ചെയ്യാം.

### സ്നേഹവചനങ്ങൾ

സ്നേഹത്തിന്റെ മഹത്ത്വം വ്യക്തമാക്കുന്ന വചനങ്ങളും വരികളും ശേഖരിച്ച് പാഠ പുസ്തകത്തിൽ ആദ്യം എഴുതട്ടെ. ചാർട്ടിൽ എഴുതി ക്ലാസിലും സ്കൂൾ പരിസ രത്തും പ്രദർശിപ്പിക്കാവുന്നതാണ് (എന്റെ കവിതാശേഖരത്തിൽ ചേർക്കുകയും ചെയ്യണം)

- സ്നേഹമാണഖിലസാരമൂഴിയിൽ
  സ്നേഹസാരമിഹസത്യമേകമാം.
- ഒരൊറ്റമതമുണ്ടുലകിന്നുയിരാം
  പ്രേമമതൊന്നല്ലോ
  പരക്കെ നമ്മെ പാലമൃതൂട്ടും
  പാർവണശശിബിംബം
- അന്യജീവനുതകി സ്വജീവിതം
  ധന്യമാക്കുമമലേ വിവേകികൾ.
- സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
  സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും

### വായിക്കാം

പാഠം കുട്ടികളെക്കൊണ്ട് ഉച്ചത്തിൽ വായിപ്പിക്കണം. ഉച്ചാരണശുദ്ധി, ഒഴുക്ക്, ഭാവം, ശബ്ദവ്യതിയാനം, ആശയവ്യക്തത എന്നിവ പാലിച്ച് വായിക്കാനുള്ള കഴിവ് എല്ലാ കുട്ടികൾക്കും ഉണ്ടാവേണ്ടതുണ്ട്.

മനുഷ്യനും മറ്റു ജീവജാലങ്ങളും സസ്യലതാദികളുമെല്ലാം സഹവർത്തിക്കുമ്പോ ഴാണ് ഈ പ്രപഞ്ചം മനോഹരമാകുന്നത്. ഈ ആശയം വ്യക്തമാക്കുന്ന ഓസ്കാർ വൈൽഡിന്റെ കഥ മൂന്നാം ക്ലാസിൽ പഠിച്ചിട്ടുണ്ട്. അത് ഓർമിപ്പിക്കാം.

## കുടയില്ലാത്തവർ

എല്ലാത്തരം വിഭാഗീയതകൾക്കുമപ്പുറം മനുഷ്യരെ സ്നേഹമെന്ന വികാരത്തിൽ വിളക്കിച്ചേർക്കാൻ ആഗ്രഹിക്കുന്ന കവിയാണ് ഒ.എൻ.വി. ആത്മകഥാംശം നിറഞ്ഞ

‘കുടയില്ലാത്തവർ’ എന്ന ഈ കവിതയിലൂടെ തന്റെ ബാല്യകാലത്തെ ഒരു സ്നേഹാർദ്രനിമിഷത്തിന്റെ ഓർമ്മയിലേക്ക് നമ്മളെ കൊണ്ടുപോവുകയാണ് കവി.

നീണ്ട ഒരവധിക്കാലത്തിനുശേഷം പള്ളിക്കൂടം തുറക്കുന്നു. ഒപ്പം മഴയുമെത്തുന്നു. അവധിക്കാലത്തിനൊപ്പം കുട്ടികളുടെ മനസ്സിനെ ആഹ്ലാദിപ്പിച്ച അനുഭവങ്ങളെല്ലാം പോയ് മറയുന്നതായി കവി പറയുന്നു. പൂരവും പെരുന്നാളും പൂതവും തെയ്യവുമെല്ലാം ചേർന്ന് ആഹ്ലാദാരവങ്ങൾ തീർത്ത ദിനങ്ങൾ മാഞ്ഞുപോയി. പടക്കം പൊട്ടിച്ചുതിമിർത്ത വിഷുക്കാലവും ഓർമ്മയായി. പുതുമഴയുടെയും പുത്തനുടുപ്പിന്റെയും പുതുപാഠപുസ്തകത്തിന്റെയും ‘പുതുമണം’ എങ്ങും നിറയുന്നു. വർണക്കുടകൾ ചൂടി മഴവെള്ളച്ചാലിലൂടെ പൊടിമീനിൻ നിരപോലെ ആർത്തുല്ലസിച്ചു പോകുന്ന കുട്ടികളെക്കാണുമ്പോഴാണ് കവി തന്റെ ബാല്യം ഓർത്തുപോകുന്നത്. ഒരു വാഴയിലവെട്ടിത്തലയിൽ വച്ച് സ്ലേറ്റും ബുക്കും മാറിലണച്ച് നനയാതെയാകെ നനഞ്ഞുപോയിരുന്ന തന്നെ ചേർത്തുപിടിച്ച് സ്വന്തം കുടയിൽ കൊണ്ടുപോകാൻ മനസ്സു കാണിച്ച ഒരു കൊച്ചുപെങ്ങൾ കവിയുടെ മനസ്സിൽ നിറഞ്ഞുപെയ്യുന്ന സ്നേഹമഴയായി നിൽക്കുകയാണ്.

**കണ്ടെത്താം**

വ്യക്തിഗത വായനയ്ക്കും സംഘവായനയ്ക്കും അവസരം നൽകിയതിനു ശേഷം കവിതയുടെ സാമാന്യാശയം കണ്ടെത്തുന്നതിനുള്ള ചോദ്യങ്ങളിലേക്ക് കടക്കാം. ഉത്തരങ്ങൾ കവിതയിലെ വരികളായി ചൊല്ലുകയും പിന്നീട് സ്വന്തം വാകൃത്തിൽ പറയുകയും എഴുതുകയും വേണം. ആവശ്യമെങ്കിൽ കൂടുതൽ ചോദ്യങ്ങൾ ചോദിക്കാം.

- ഒഴിവുകാലത്തോടൊപ്പം പോയ്മറഞ്ഞത് പൂരവും പെരുന്നാളും പൂതവും തെയ്യക്കാലവും വിഷുവും എല്ലാമാണ്.
- മഴവെള്ളച്ചാലിലൂടെ പലനിറത്തിലുള്ള കുടകൾ പിടിച്ച് പൊടിമീനുകൾ പോലെ നടന്നുനീങ്ങുന്ന കുട്ടികളെ കണ്ടപ്പോഴാണ് കവിക്ക് ബാല്യകാലം ഓർമ്മ വരുന്നത്.
- വാഴയിലയ്ക്കു കീഴിൽ മഴയത്ത് നനഞ്ഞുപോവുകയായിരുന്ന തന്നെ തന്റെ കുടയിൽ ചേർത്തുനിർത്താൻ കൊച്ചുപെങ്ങൾ മനസ്സു കാണിച്ചു.

കവിതയുടെ ആശയം സാമാന്യമായി പരിചയപ്പെട്ടു എന്ന് ഈ ഘട്ടത്തിൽ ഉറപ്പു വരുത്തണം.

**കണ്ടെത്താം എഴുതാം**

കവിത കൂടുതൽ ആഴത്തിൽ വായിക്കാൻ പ്രേരിപ്പിക്കുന്ന ചോദ്യങ്ങളാണിവ. വരികൾക്കിടയിൽ വായിക്കാനും വരികൾക്കപ്പുറത്തേക്ക് ചിന്തിക്കാനും കുട്ടികളെ

പ്രാപ്തരാക്കുന്നതിനാണ് ഇത്തരം ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നത്. കവിത ഭാവാത്മകമായി ചൊല്ലികേൾക്കുന്നതിനും സംഘചർച്ചയ്ക്കും അവസരമുണ്ടാക്കാം.

- വേനൽക്കിനാക്കൾ കരിഞ്ഞേ പോയ്.

  അവധിക്കാലം കഴിയുമ്പോൾ അതുവരെയുണ്ടായിരുന്ന ആഹ്ലാദാരവങ്ങൾ അവസാനിക്കുന്നു. കളിച്ചും ചിരിച്ചും കൂട്ടുകൂടിയും മതിവരാത്ത അവസ്ഥയും ബാക്കിയായ ആഗ്രഹങ്ങളുമൊക്കെയാണ് ഈ വേനൽക്കിനാക്കളായി കുട്ടികൾ പറയേണ്ടത്.

- കുതിരുന്നു ഞാനാ മഴയിലല്ല

  മഴ നനഞ്ഞു പോകേണ്ടിവന്ന അവസ്ഥയിൽ തന്നെ കുടയിൽ ചേർത്തു പിടിച്ച് കൊണ്ടുപോകുന്ന കൊച്ചുപെങ്ങൾ കവിക്ക് സ്നേഹത്തിന്റെ ഒരു പെരുമഴപെയ്ത്തായിത്തന്നെയാണ് അനുഭവപ്പെടുന്നത്. അപ്രതീക്ഷിതമായ ആ സ്നേഹപ്രകടനം കവിയെ വല്ലാതെ സ്പർശിക്കുന്നു.

## പ്രയോഗഭംഗി

കവിതയെ സുന്ദരമാക്കുന്നത് അതിൽ സന്ദർഭാനുസരണം ചേർക്കുന്ന സവിശേഷ പ്രയോഗങ്ങളാണ്. ഈ പ്രയോഗങ്ങളുടെ ഭംഗി ആസ്വദിക്കുമ്പോഴാണ് കവിതയുടെ സൗന്ദര്യം പൂർണമായും നമുക്കാസ്വദിക്കാൻ കഴിയുക. ഈ വരികളിൽ തെളിയുന്ന വൈകാരികാനുഭവങ്ങൾ കുട്ടിയിലെത്താൻ ശ്രദ്ധിക്കണം.

- മഴത്തുള്ളികളും തുള്ളി വന്നല്ലോ.

  പള്ളിക്കൂടം തുറക്കുമ്പോൾ കുട്ടികൾ തുള്ളിച്ചാടി വരുന്നതുപോലെ മഴത്തുള്ളികളും ആഹ്ലാദത്തോടെ തുള്ളിവന്നു.

- പൊടിമീനിൻ നിരപോലാം കൂട്ടുകാർ

  മഴയത്ത് കൂട്ടമായിപ്പോകുന്ന കുട്ടികൾ പുതുമഴയിൽ വെള്ളച്ചാലിലൂടെ ഒഴുകി നീങ്ങുന്ന പൊടിമീനുകളെ ഓർമ്മിപ്പിക്കുന്നു.

- അനിയനല്ലാത്തോരനിയൻ

  ആരുമല്ലാത്ത, ആരാണെന്നുപോലുമറിയാത്ത തന്നെ സ്നേഹസാമീപ്യം കൊണ്ട് വീർപ്പുമുട്ടിക്കുന്ന, സ്വന്തം അനിയനായിക്കാണുന്ന കൊച്ചുപെങ്ങളുടെ മനസ്സ്.

## വാക്കുകൾ

കവിതയിലെ പുതുമണം എന്ന വാക്കിന്റെ അർഥം ചർച്ച ചെയ്തുകൊണ്ട് ഈ പ്രവർത്തനം ആരംഭിക്കാം. പുതുമണം എന്നാൽ പുതിയ മണം എന്നാണ് അർഥം. കടുത്ത വേനലിനുശേഷം മഴപെയ്തപ്പോൾ മണ്ണിനുണ്ടായ മണമാണ് ഇവിടെ പുതുമണം എന്നതുകൊണ്ട് സൂചിപ്പിച്ചിരിക്കുന്നത്. ഇതുപോലെ വേനൽ അവസാനി

ക്കുമ്പോൾ പുതിയതായി ചെയ്യുന്ന മഴയാണ് പുതുമഴ. ഇങ്ങനെ 'പുതു' ചേർക്കുമ്പോൾ പുതിയ എന്ന അർഥം വരുന്നത് ശ്രദ്ധയിൽപ്പെടുത്തണം. പുതു ചേർത്തുണ്ടാക്കാവുന്ന വാക്കുകൾ കുട്ടികൾ കണ്ടെത്തി പറയട്ടെ.

പുതുമണം, പുതുമഴ, പുതുകാലം, പുതുലോകം, പുതുഗാനം, പുതുനാദം.....

**മറക്കാത്ത മഴക്കാലം**

ഒരു മഴക്കാല അനുഭവം എഴുതി തയാറാക്കാനുള്ള പ്രവർത്തനമാണിത്. (ടീച്ചർ തന്റെ ഒരു മഴക്കാല അനുഭവം ക്ലാസിൽ അവതരിപ്പിക്കണം). കുട്ടികളിൽ കുറച്ചു പേർക്ക് അനുഭവങ്ങൾ പറയാൻ അവസരം നൽകാം.തുടർന്ന് അനുഭവം എഴുതിത്തയാറാക്കാൻ നിർദേശിക്കണം. മഴക്കാല അനുഭവങ്ങൾ പലർക്കും പല രീതിയിലായിരിക്കും ഉണ്ടാവുക. ചിലർക്ക് ആഹ്ലാദകരവും ചിലർക്ക് സങ്കടകരവും ആവാം.

- ആശയങ്ങൾ ക്രമമായി അവതരിപ്പിക്കൽ
- അനുഭവത്തിന്റെ തീവ്രത ചോർന്നുപോകാതെ വൈകാരികതയുണർത്തും വിധം അവതരിപ്പിക്കൽ
- മനസ്സിൽത്തട്ടുംവിധം അവതരിപ്പിക്കൽ
- സന്ദർഭത്തിനു യോജിച്ച പദങ്ങളും പ്രയോഗങ്ങളും ഉപയോഗിക്കൽ.

തുടങ്ങിയ കാര്യങ്ങൾ ടീച്ചറുടെ അനുഭവാവതരണത്തിലും തുടർന്ന് കുട്ടികളുടെ രചനാഘട്ടത്തിലും ശ്രദ്ധിക്കണം. എം.ടി, ഇ. ഹരികുമാർ തുടങ്ങിയ സാഹിത്യകാരൻമാരുടെ രചനാഭാഗങ്ങൾ ഉചിതസന്ദർഭത്തിൽ പരിചയപ്പെടുത്തണം. ഇതുപോലുള്ളവ ശേഖരിക്കാൻ നിർദേശിക്കാം.

എം.ടി.വാസുദേവൻനായരുടെ ഒരു മഴയനുഭവം വായിക്കൂ...

> അടച്ചു പിടിച്ചു പെയ്യാൻ തുടങ്ങിയാൽ ഉണങ്ങാത്ത ഉടുപ്പുകൾ പ്രശ്നമാണെങ്കിലും കാലവർഷത്തെ ഒരു ഉത്സവകാലം പോലെ ഞാൻ കാത്തിരുന്നു.... ഉറങ്ങുന്നതിനുമുമ്പ് ഇരുട്ടിൽക്കിടന്ന് രണ്ട് ചെവിയും വിരലിട്ടടയ്ക്കുക, പിന്നെ പതുക്കെ തുറക്കുക, അപ്പോഴാണ് മഴയുടെ മുറുക്കിക്കൊട്ടൽ ശരിക്കും രസിക്കുന്നത്.... ചെറിയ കൃഷിക്കാരുടെ വീട്ടിൽ വേണ്ടത്ര ഭക്ഷണമുണ്ടായെന്നു വരില്ല. മുണ്ടകൻ കൊയ്ത്ത് അപൂർവമായ ഞങ്ങളുടെ വീട്ടിലെ സ്ഥിതിയും അതുതന്നെയായിരുന്നു. മഴക്കാലത്ത് വിശപ്പ് കൂടും. അടുക്കളയിൽ അരി തിളയ്ക്കുന്ന ഗന്ധം ഉമ്മറക്കോലായിൽ മഴ കണ്ടിരുന്ന എന്റെ മൂക്കിലെത്തുന്നത് എത്ര പെട്ടെന്നാണ്.
>
> **– എം.ടി വാസുദേവൻനായർ**

.... വൈകുന്നേരങ്ങളിൽ നേരത്തേ ഇരുട്ടുമ്പോൾ ഇടിമിന്നലിനും പേമാരിക്കുമിടയിൽ അപ്പോഴും എത്തിയിട്ടില്ലാത്ത അച്ഛനെ കാത്ത് ഞാൻ പടിക്കലേക്കു കണ്ണും നട്ട് ഭീതിദമായ മനസ്സുമായി ഉമ്മറത്തിണ്ണയിരിക്കാറുള്ളത് ഓർമ്മ വരുന്നു.

**– ഇ. ഹരികുമാർ**

### ചിത്രം വരയ്ക്കാം

ഭാഷാപഠനത്തെ കലാപഠനവുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനമാണിത്. വരികളിൽ വർണിച്ചിട്ടുള്ള ദൃശ്യത്തെ ചിത്രീകരിക്കാൻ പറയണം. മഴക്കാലത്ത് പലനിറത്തിലുള്ള കുടകൾക്കു കീഴിൽ കുട്ടികൾ ഒന്നിച്ചുപോകുന്ന ദൃശ്യം കുട്ടികൾ പലപ്പോഴും കണ്ടിട്ടുള്ളതാണ്. അവരുടെ മനസ്സിൽ തങ്ങിനിൽക്കുന്ന ഈ ദൃശ്യം ഓരോ കുട്ടിയും കഴിയുന്ന രൂപത്തിൽ വരയ്ക്കട്ടെ. ചിത്രങ്ങൾ ചേർത്ത് ചിത്രപത്രിക തയാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കാവുന്നതാണ്.

### ശേഖരിക്കാം

മഴക്കവിതകൾ കുട്ടികൾ മുൻക്ലാസിൽ പഠിച്ചിട്ടുണ്ട്. അവ ഓർത്തെഴുതാൻ ആവശ്യപ്പെടാം. കൂടുതൽ മഴക്കവിതകൾ, പാട്ടുകൾ, നാടൻപാട്ടുകൾ എന്നിവയും ശേഖരിക്കാം. ചൊല്ലാം. പുസ്തകത്തിൽ ചേർക്കാൻ നിർദേശിക്കാം.

- മഴപെയ്ത് മയപെയ്ത് മയയോട് മയന്നെ
  എന്തിര് മയ്യിത് നെട്ങ്കണ്ടം നെറഞ്ഞക്കി,

  **നാടൻപാട്ട്**

- 'അമ്മേ വരൂ വരൂ വെക്കം വെളിയിലേ-
  ക്കല്ലെങ്കിലിമ്മഴതോർന്നുപോമേ
  എന്തൊരാഹ്ലാദമാ മുറ്റത്തടിക്കടി
  പൊന്തുന്ന വെള്ളത്തിൽത്തത്തിച്ചാടാൻ.'

  **– ബാലാമണിയമ്മ**

### എന്റെ കവിതാപുസ്തകം

പഠനപ്രവർത്തനങ്ങളുടെ ഭാഗമായി വായിക്കാനും ചൊല്ലാനും ശേഖരിക്കാനും അവസരം ലഭിക്കുന്ന കവിതാഭാഗങ്ങൾ ചേർത്ത് രൂപപ്പെടുത്താനുള്ള പുസ്തകമാണിത്. ചൊല്ലി രസിക്കാനും താരതമ്യം ചെയ്യാനും ഈണം കണ്ടെത്താനുമൊക്കെയായി തുടർന്നുള്ള യൂണിറ്റുകളിൽ ധാരാളം കവിതാശകലങ്ങൾ കടന്നുവരുന്നുണ്ട്. ഇവയെല്ലാം കവിതാപുസ്തകത്തിൽ ഉൾപ്പെടുത്താനുള്ളവയാണ്. കുട്ടികളുടെ സ്വന്തം രചനകളായ കവിതകളും ഇതിൽ ചേർക്കാം. കുട്ടികളെ കവിതാസ്വാദനത്തിന്റെ വഴിയിലേക്ക് നയിക്കാൻ ഈ പുസ്തകം സഹായകമാകും. ഇതുപോലെ വായിക്കുന്നതും ശേഖരിക്കുന്നതുമായ കഥകൾ ചേർത്ത് എന്റെ കഥാപുസ്തകവും തയാറാക്കാവുന്നതാണ്.

- ഇടവപ്പാതിപ്പാതിരയാ-
  ണിടിയും മഴയും പൊടിപൂരം
  പുരമുറ്റത്തെപ്പുളിമാവിൻമേ-
  ലൊരുഗന്ധർവ്വൻ പാടുന്നു?

**- ഇടശ്ശേരി**

- ചിന്നിത്തെറിക്കും നറുമുത്തുപോലെ
  നീളുന്ന വെള്ളിത്തെളിനൂലുപോലെ
  ആകാശഗംഗാ പ്രസരങ്ങൾപോലെ-
  യാഹാ! പതിപ്പൂ പുതുവർഷതോയം?

**- വൈലോപ്പിള്ളി**

- ഒരു മഴപെയ്തു
  ഭൂമി കുളിർത്തു
  ഒരു കതിർ നീണ്ടു
  ഭൂമി പൊലിച്ചു.

**- അയ്യപ്പപ്പണിക്കർ**

- കാറ്റിന്റെ കൂട്ടില്ലാതെയിടിയില്ലാതെ തനി-
  ച്ചങ്ങനെ പെയ്തീടണം താമരനൂലുപോലെ
  തൂവെള്ളിക്കമ്പിപോലെ
  തുമ്പിക്കൈവണ്ണം
  ഒടുക്കം കുടംകൊണ്ടുചൊരിയുന്നതുപോലെ.
  എന്തൊരു രസമതുകാണുവാ, നതിൻഗാനം കേൾക്കുവാൻ.

**- കുഞ്ഞുണ്ണി**

- കൊട്ടിപ്പാടുന്നൂ മഴ!
  നടവരമ്പത്തൊരു
  കുട്ടിയുണ്ടതിൻ കൈയിൽ
  പുസ്തകം, പൊതിച്ചോറും
  കുടയായൊരു തൂശനിലയും
  അതുകൊത്തിക്കുടയുന്നുവോ
  മഴക്കാറ്റിന്റെ കാക്കക്കൂട്ടം.

**- ഒ.എൻ.വി.**

## ചർച്ച ചെയ്യുക

ഒ.എൻ.വി കുറുപ്പിന്റെ കുഞ്ഞേട്ത്തി എന്ന കവിതയിലെ ഏതാനും വരികളും പാഠത്തിലെ ആശയവും തമ്മിൽ താരതമ്യം ചെയ്യാനും ചർച്ച ചെയ്യാനുമുള്ള പ്രവർത്തനമാണിത്. കുട്ടികൾ രണ്ടു കവിതകളിലെയും ആശയങ്ങൾ ആദ്യം പറയട്ടെ. ഇതിനായി ചെറുചോദ്യങ്ങളിലൂടെ കുട്ടികളെക്കൊണ്ട് പ്രതികരിപ്പിക്കാം. പിന്നീടവർ ഇരുകവിതയിലുമുള്ള സ്നേഹത്തിന്റെ വ്യത്യസ്തമുഖങ്ങൾ തിരിച്ചറിയട്ടെ. പാഠത്തിലെ, കവിയുടെ ആരുമല്ലാത്ത കൊച്ചുപെങ്ങളാണ് കവിക്ക് സ്നേഹസാമീപ്യം പകരുന്നതും മഴയിൽനിന്ന് കുടയിലേക്ക് ചേർത്തു നിർത്തുന്നതും. കുഞ്ഞേടത്തി തന്റെ സ്വന്തം അനിയനായ ഉണ്ണിക്കാണ് സ്നേഹവാത്സല്യങ്ങൾ പകരുന്നത്. മടിയിലിരുത്തിയും മാറോട് ചേർത്തും ലാളിക്കുകയും കഥ പറയുകയും ചെയ്യുന്നത് അതുകൊണ്ടാണ്. ഈ ആശയമാണ് കുട്ടികളിൽ എത്തേണ്ടത്. ഇവയിൽ ഏതു സ്നേഹമാണ് മഹത്തരമായത് എന്നു ചോദിക്കാം. തനിക്കറിയാത്തവരെ സ്നേഹിക്കാനും സഹായിക്കാനും നമുക്കു കഴിയണമെന്ന ചിന്ത കുട്ടികളിലുണർത്തുകയും വേണം.




# 2

# ഹരിതം

## ആമുഖം

**ജ**നിച്ചു വളരുന്ന ചുറ്റുപാടിനെ അറിഞ്ഞും അതിനോട് സംവദിച്ചും കുട്ടികൾ വളർന്നു വരുന്ന രീതി നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. തനിക്കു ചുറ്റിലുമുള്ള വസ്തുക്കളെ ചേതനമെന്നോ അചേതനമെന്നോ വേർതിരിക്കാതെ പൂവിനോടും പൂമ്പാറ്റയോടും കല്ലിനോടും മുള്ളിനോടും കൂട്ടുകാരോടെന്ന പോലെ കുട്ടികൾ സല്ലപിക്കുന്നത് കവിതാശീലുകളിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. നാടൻ പാട്ടുകളിൽ തുടങ്ങി മഹാകവികളുടെ കുട്ടിക്കവിതകളിൽ വരെ ഇതിന് ഉദാഹരണങ്ങൾ കണ്ടെത്താം. തന്നെ പ്രകൃതിയുടെ ഭാഗമായി കരുതിയ മനുഷ്യൻ പ്രകൃതിയോട് ഇണങ്ങി ജീവിച്ചതിന്റെ സാക്ഷ്യപത്രങ്ങളായിരുന്നു ഈ സാഹിത്യാവിഷ്കാരങ്ങൾ. നഗരവത്കരണപ്രക്രിയയ്ക്ക് വേഗത കൂടിയപ്പോൾ നമുക്ക് മറ്റു ജീവജാലങ്ങളോടുള്ള അടുപ്പം കുറഞ്ഞു തുടങ്ങി. പ്രകൃതി ആർത്തിയോടെ കീഴടക്കാനുള്ള ഒരു വിഭവം മാത്രമാണെന്ന ചിന്ത പ്രബലമായി.

നാം പ്രകൃതിയിൽനിന്ന് അകന്നുപോകുന്നുവെന്ന യാഥാർഥ്യം ഇന്നെല്ലാവരും അംഗീകരിക്കുന്നുണ്ട്. ഈ അവസ്ഥ പ്രകൃതിയുടെയും മനുഷ്യന്റെ തന്നെയും നാശത്തിലേക്കാണ് നയിക്കുക എന്ന് ന്യായമായും ഭയപ്പെടേണ്ടിയിരിക്കുന്നു. മനുഷ്യന് പ്രകൃതിയിൽനിന്ന് വേറിട്ട നിലനില്പില്ലെന്ന ബോധം കുട്ടിക്കാലം മുതൽക്കു തന്നെ വളർന്നു വരേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി രണ്ടു സാഹിത്യ രചനകളാണ് രണ്ടാം യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആദ്യത്തേത് മനുഷ്യൻ പ്രകൃതിയിലെ ജീവജാലങ്ങളെ സ്നേഹത്തോടെ പരിചരിക്കുന്നതിന്റെയും രണ്ടാമത്തേത് സ്വാർഥലാഭത്തിനായി പ്രകൃതിയോട് അതിക്രമം കാണിക്കുന്നതിന്റെയും ചിത്രീകരണങ്ങളാണ്. വ്യത്യസ്തമായ ഈ രണ്ടു ചിത്രങ്ങളും ഉപയോഗപ്പെടുത്തി പ്രകൃതിയോടുള്ള മമത ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യമാണ് യൂണിറ്റിലൂടെ കൈവരിക്കാനുള്ളത്.

## പ്രവേശക പ്രവർത്തനം

മഹാകവി കുട്ടമത്തിന്റെ 'പച്ചക്കിളി' എന്ന കവിതയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനത്തിലൂടെ യൂണിറ്റിലേക്കു പ്രവേശിക്കാം.

പ്രവേശക പ്രവർത്തനത്തിന്നായി നല്കിയ കവിതകൾ വിശദപഠനത്തിനുള്ള തല്ലല്ലോ. കവിതയിലെ മുഖ്യപ്രമേയം കുട്ടികളിലെത്തിയതിനുശേഷം കൂടെ ചേർത്ത പ്രവർത്തനത്തിലേക്കു നീങ്ങുകയാണ് വേണ്ടത്.

കുട്ടികൾ സ്വന്തമായി വായിക്കട്ടെ. തുടർന്ന് കവിതയുടെ കേന്ദ്രാശയത്തിലേക്കു നയിക്കുന്ന ഏതാനും ചെറുചോദ്യങ്ങളാവാം.

പച്ചക്കിളി എവിടെയാണ് പാറിയെത്തിയത്? കിളി വന്നിരുന്നപ്പോൾ അശോക മരത്തിന്റെ ചില്ലയ്ക്ക് എന്തു മാറ്റമാണുണ്ടായത്? ശാരികപ്പൈതലിന്റെ മോടികണ്ട് ആരാണ് കൂടെക്കൂടിയത്?

തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറയാൻ അവസരം നൽകുന്നതിലൂടെ കവിതയുടെ ആശയം കുട്ടികളിലേക്ക് എത്തിക്കാം. സന്ദർഭാനുസരണം കവിത ചൊല്ലിയവതരിപ്പിക്കാം.

പച്ചക്കിളി അശോകമരത്തിന്റെ ചില്ലയിൽ ചെന്നിരുന്നപ്പോൾ മരം അതിനെ ആഹ്ലാദ ത്തോടെ സ്വീകരിക്കുന്നതും ആ ആഹ്ലാദം പങ്കുവയ്ക്കാൻ കാറ്റ് അടുത്തു കൂടുന്ന തുമായ മനോഹരകാഴ്ചയിലേക്ക് കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരണം.

തുടർന്ന്, കുട്ടികൾ കണ്ടിട്ടുള്ള ആഹ്ലാദകരമായ കാഴ്ചകൾ അവരെക്കൊണ്ടു പറ യിക്കാം.കുട്ടികൾ പങ്കുവയ്ക്കുന്ന കാഴ്ചകളിൽ കിളിയും മരവും മാത്രമല്ല പൂക്കളും മരങ്ങളും അടങ്ങിയ പ്രകൃതിഭംഗിയും മറ്റു ജീവജാലങ്ങളും ഉൾപ്പെടുന്നു എന്ന് ഉറപ്പു വരുത്തണം.

ഇങ്ങനെ കുട്ടികളുടെ കാഴ്ചയനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് പാഠഭാഗത്തേക്ക് പ്രവേശിക്കാവുന്നതാണ്.

കാസർഗോഡ് ജില്ലയിലെ കുട്ടമത്ത് ഗ്രാമത്തിൽ 1880 ഒക്ടോബർ 12 ന് ജനിച്ചു. സംസ്കൃതസാഹിത്യത്തിലും വൈദ്യശാസ്ത്രത്തിലും അവഗാഹം നേടി. നീലേശ്വരം രാജാസ് ഹൈസ്കൂളിൽ അധ്യാപകനായിരുന്നു. 'കേരളചന്ദ്രിക' യുടെ പത്രാധിപരായി പ്രവർത്തിച്ചു. 1941 ൽ ചിറയ്ക്കൽ വലിയ രാജാവ് മഹാകവി സ്ഥാനം നൽകി. കാളിയമർദ്ദനം, അമൃതരശ്മി പത്ത്ഭാഗം, ദേവയാനിചരിതം, ബാലഗോപാലൻ, നചികേതസ്സ് തുടങ്ങി മുപ്പതിൽപരം കൃതികൾ രചിച്ചു. 1942 ആഗസ്റ്റ് 7 ന് അന്തരിച്ചു.

## പച്ചക്കിളി (താരാട്ട്)

പച്ചക്കിളിയൊന്നു പാറി-യൊരു
കൊച്ചശോകത്തോപ്പിലേറി;
ചാഞ്ചാടിയപ്പഴാച്ചില്ലി-ക്കൊമ്പു
താൻ ചാടുമർമ്മരം ചൊല്ലി.
ചഞ്ചൽതളിർ കൊണ്ടു വീശി-നറും-
ചെഞ്ചായമൊന്നങ്ങു പൂശി.
ശാരികപ്പൈതലിൻ മോടി-കണ്ടു
മാരുതനും ചെന്നുകൂടി.

ഊഞ്ഞാലിലാടിത്തുടങ്ങീ-കിളി
ചാഞ്ഞു കുഴഞ്ഞു കുലുങ്ങീ.
തൻപദമൂന്നിയക്കൊമ്പിൽ-പല
ചെമ്പവിഴം ചാർത്തിയമ്പിൽ,
അങ്ങുമിങ്ങും താൻ ചെരിഞ്ഞും,-ചിറ-
കങ്ങിനേ ഭംഗ്യാ വിരിഞ്ഞും

കുങ്കുമ കസ്തൂരിബിന്ദു-പോലെ
തൽകണ്ണു ചിമ്മി വിടർന്നു.
ചഞ്ചുവാംപൂമൊട്ടുലർത്തി-ചെററു-
കൊഞ്ചിയോമൽഗളം താഴ്ത്തി;
വിശ്വശില്പിക്കുള്ള സൃഷ്ടി-ഗുണം
വിശ്രുതമിങ്ങിനേ കാട്ടി.

അർക്കനത്തോപ്പിട നീക്കി, -മെല്ലെ-
യക്കിളിയേയെത്തിനോക്കി.

**കുട്ടമത്ത് കുന്നിയൂർ - കുഞ്ഞിക്കൃഷ്ണക്കുറുപ്പ്**

## എന്റെ പനിനീർച്ചെടി

മേരിജോൺ കൂത്താട്ടുകുളത്തിന്റെ ‘അന്തിനക്ഷത്രം’ എന്ന സമാഹാരത്തിലെ ‘ജന്മ വാസന’ എന്ന കവിതയുടെ ആദ്യഭാഗമാണ് ‘എന്റെ പനിനീർച്ചെടി’ എന്ന ശീർഷ കത്തിനു താഴെ ചേർത്തിരിക്കുന്നത്.

### പാഠാപഗ്രഥനം

വീട്ടുമുറ്റത്ത് നട്ടുവളർത്തിയ പനിനീർച്ചെടിയെ പരിചരിച്ച പെൺകുട്ടിക്ക് പുലരി ത്തുടുപ്പിൽ പൂമൊട്ടുകൾ തിളങ്ങുന്നതു കണ്ടപ്പോഴുള്ള ആഹ്ലാദമാണ് കവിതയുടെ പ്രമേയം.

താൻ നട്ടുവളർത്തിയ പനിനീർച്ചെടി തന്റെ വീട്ടുമുറ്റത്തിന് അലങ്കാരമാണെന്നു പറഞ്ഞുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. ഓരോ ദിവസവും ആഹ്ലാദത്തോടെ അവൾ പനിനീർച്ചെടിയെ വെള്ളമൊഴിച്ച് പരിപാലിച്ചു. പനിനീർച്ചെടി മൊട്ടിടു ന്നതു കണ്ട് ആഹ്ലാദിക്കുവാനും ചില്ലകൾ തോറുമുള്ള നാമ്പുകളെ പ്രാണികൾ നശിപ്പിക്കാതെ സംരക്ഷിക്കുവാനും മുളയ്ക്കുന്ന കുരുന്നില ഉച്ചവെയിലിൽ വാടാ തിരിക്കുവാനും ശ്രദ്ധിച്ച പെൺകുട്ടി ആ ചെടിക്ക് കാവൽ മാലാഖയായി മാറി. മഞ്ഞുകാലം വന്നുചേർന്നപ്പോൾ പനിനീർച്ചെടി തളിർത്ത് മനോഹരിയായി ത്തീർന്നു. മഞ്ഞുതുള്ളികൾ മൂർധാവിലണിഞ്ഞ് ‘സുമംഗലി’ യായിത്തീർന്ന ചെടി യുടെ ചില്ലകളിൽ മുകുളങ്ങൾ, പുളകങ്ങൾപോലെ അങ്കുരിച്ചു. പുലരിത്തുടുപ്പിനെ നോക്കി ആ പൂമൊട്ടുകൾ മന്ദഹസിച്ചപ്പോൾ അവളുടെ മനസ്സ് ആനന്ദ സാഗരത്തി ലാറാടി. കവിതയ്ക്കു നൽകിയിരിക്കുന്ന പേരിന്റെ പ്രത്യേകത കുട്ടികളുടെ ശ്രദ്ധ യിൽപ്പെടുത്താവുന്നതാണ്. പനിനീർച്ചെടി എന്നല്ല എന്റെ പനിനീർച്ചെടി എന്നാണ് കവിതാശീർഷകം. പനിനീർച്ചെടി എന്നാകുമ്പോൾ ഏതോ പനിനീർച്ചെടി എന്നേ അർഥമാകുന്നുള്ളൂ. എന്റെ പനിനീർച്ചെടി എന്ന ശീർഷകം പനിനീർച്ചെടിയോട് കുട്ടിക്കുള്ള അടുപ്പവും സ്നേഹവും വ്യക്തമാക്കുന്നുണ്ട്.

### കവിതാവതരണം

കുട്ടികൾ വ്യക്തിഗതമായി കവിത വായിക്കട്ടെ. കവിതയിലെ ചില പദങ്ങൾ (ജാത മോദം, അനുവാസരം, അനുവേലം തുടങ്ങിയവ) കുട്ടികൾക്ക് അർഥംഗ്രഹിക്കാൻ പ്രയാസമുള്ളവയായി തോന്നാം. ഉച്ചാരണത്തിനും പ്രയാസമനുഭവപ്പെടാം. അതി നാൽത്തന്നെ ശ്രദ്ധാപൂർവം കവിത ചൊല്ലിയവതരിപ്പിക്കണം.

‘പാന’ ചൊല്ലുന്നതിന്റെ താളത്തിൽ കവിത ചൊല്ലി നോക്കാവുന്നതാണ്.

*രണ്ടുനാലുദിനം കൊണ്ടൊരുത്തനെ*
*തണ്ടിലേറ്റി നടത്തുന്നതും ഭവാൻ*

### പ്രവർത്തന വിശകലനം

കവിതാസ്വാദനത്തിന് തടസ്സം നിൽക്കുന്ന പദങ്ങളുടെ അർഥം അർഥസൂചിക നോക്കി കണ്ടെത്താം.

### കണ്ടെത്താം

കവിതയിലെ ആശയങ്ങൾ കണ്ടെത്താനാവുമോ എന്നറിയുന്നതിനായുള്ള പ്രാഥമിക പരിശോധനയാണ് ഇവിടെ നടക്കുന്നത്. ഇതിനായി രണ്ടു ചോദ്യങ്ങൾ പാഠപുസ്തകത്തിൽ നൽകിയിരിക്കുന്നു. കുട്ടി പനിനീർച്ചെടിയെ എങ്ങനെ പരിപാലിച്ചു എന്ന ഒന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരത്തിൽ

- ഓരോ ദിവസവും സന്തോഷത്തോടെ വെള്ളമൊഴിച്ചു
- മുളകൾ കീടം നശിപ്പിക്കാതെ സംരക്ഷിച്ചു
- കുരുന്നില ഉച്ചവെയിലിൽ വാടാതെ നോക്കി

ഈ കാര്യങ്ങളും ഹേമന്തം വന്നപ്പോൾ പനിനീർച്ചെടിക്കുണ്ടായ മാറ്റം സംബന്ധിച്ച രണ്ടാമത്തെ ചോദ്യത്തിന്

- മഞ്ഞുകാലം വന്നപ്പോൾ ചെടി തളിർത്തു മനോഹരിയായിത്തീർന്നു.
- മഞ്ഞുതുള്ളിയാകുന്ന മുത്തണിഞ്ഞ് 'സുമംഗലി'യായിത്തീർന്നു.
- ഓരോ ചില്ലയിലും മുകുളങ്ങൾ ഉണ്ടായി.

എന്നീ ആശയങ്ങളും ഉത്തരത്തിൽ ഉണ്ടാവണം.

ഭർത്താവുള്ളവൾ, ദീർഘമാംഗല്യത്തോടുകൂടിയവൾ എന്നിങ്ങനെയാണ് സുമംഗലി എന്ന പദത്തിന്റെ അർഥം. സുമംഗലിമാർ നെറ്റിയിൽ സിന്ദൂരം ചാർത്താറുണ്ടല്ലോ. പൂവിതളുകളിൽ മഞ്ഞുത്തുള്ളിയണിഞ്ഞ ചെടിയെ കവയിത്രി സുമംഗലി എന്ന് വിളിക്കുന്നത് ഇതോർത്താവാം. ഈ ആശയം സന്ദർഭാനുസരണം കുട്ടികളിൽ എത്തണം.

### ചൊല്ലി രസിക്കാം

കവിതയിലെ ആശയങ്ങൾ കണ്ടെത്തിയതിനുശേഷം ആസ്വാദനതലത്തിലേക്ക് കടക്കുന്നതിന്റെ ഭാഗമായി കവിത വീണ്ടും ഒറ്റയ്ക്കും കൂട്ടമായും ചൊല്ലാം. കവിത ചൊല്ലുമ്പോൾ അർഥം, ഭാവം എന്നിവ നഷ്ടപ്പെടാതെ വ്യത്യസ്തമായ ഈണങ്ങൾ പരീക്ഷിച്ചു നോക്കാം. നന്നായി ചൊല്ലുന്ന കുട്ടികൾക്ക് പൊതു അവതരണത്തിന് അവസരം നൽകണം. ഓരോ ബെഞ്ചായോ ഗ്രൂപ്പായോ ചൊല്ലാം. ക്ലാസിന് ഒന്നിച്ചു ചൊല്ലാം. ടീച്ചർക്ക് ഒപ്പവും ചൊല്ലാം.

കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു എന്ന പഠനനേട്ടം ഈ പ്രവർത്തനത്തിലൂടെ കൈവരിക്കാൻ കഴിയും. ഓരോ സംഘത്തിനും കവിത ചൊല്ലുമ്പോൾ

പരസ്പരം വിലയിരുത്താവുന്നതാണ്. സംഘങ്ങൾ ഒന്നിച്ച് ചൊല്ലുമ്പോൾ ടീച്ചർക്ക് വിലയിരുത്താം.

കുട്ടികൾക്ക് പരസ്പരം വിലയിരുത്താനും ടീച്ചർക്ക് കുട്ടികളെ വിലയിരുത്താനും ഒരേ ടൂൾതന്നെ ഉപയോഗിക്കാം. കുട്ടികൾ പരസ്പരം വിലയിരുത്തുമ്പോൾ ടൂളുകൾ ടീച്ചർക്ക് വിശദീകരിച്ചുകൊടുക്കണം

### വിലയിരുത്തൽ സൂചകങ്ങൾ

- ഭാവം ഉൾക്കൊണ്ട് ചൊല്ലുന്നു.
- ഉചിതമായ താളത്തിൽ ചൊല്ലുന്നു.
- അർഥഭംഗമില്ലാതെ ചൊല്ലുന്നു.
- അക്ഷരസ്ഫുടതയോടെ ചൊല്ലുന്നു.

### ആശയം വരുന്ന വരികൾ കണ്ടെത്താം

ആസ്വാദനതലത്തിലേക്കു പ്രവേശിക്കുന്ന പ്രവർത്തനത്തിന്റെ അടുത്ത ഘട്ടമാണ് ഇവിടെ നടക്കേണ്ടത്. കുട്ടി പനിനീർച്ചെടിക്കു വെള്ളമൊഴിച്ചു എന്ന ആദ്യ സൂചനയ്ക്കുത്തരമായി

*ശീതളജലധാര പകർന്നു ഞാൻ*

എന്ന വരി എഴുതിക്കാൻ ശ്രദ്ധിക്കുമല്ലോ.

കുട്ടിയുടെ മനസ്സിൽ സന്തോഷം ഉണ്ടായി എന്ന രണ്ടാമത്തെ സൂചനയ്ക്കുത്തരമായി

*ആർത്തിരമ്പുകയാണനുവേലമെ-*
*ന്നന്തരംഗത്തിലാനന്ദ സാഗരം*

എന്ന വരികളാണല്ലോ എഴുതേണ്ടത്.

*'നോക്കി നോക്കി മനം കുളിർപ്പിക്കുവാൻ'*

എന്ന വരി മാത്രമായാൽ ആശയം പൂർണ്ണമാകുന്നില്ല. എങ്കിലും ആ വരിയും കവിതയിലെ കുട്ടിയുടെ മനസ്സിലുള്ള സന്തോഷം വ്യക്തമാക്കുന്നതാണ് എന്ന് കുട്ടിയുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

### കണ്ടെത്താം എഴുതാം

സമാനാർഥമുള്ള പദങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം കുട്ടിയുടെ പദസമ്പത്ത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചാണ് നൽകിയിരിക്കുന്നത്.

സന്തോഷം എന്ന വാക്കിനു പകരം മോദം, ആനന്ദം എന്നീ വാക്കുകൾ കവിതയിൽനിന്നുതന്നെ കണ്ടെത്താം. സന്തോഷിപ്പിക്കൽ എന്ന അർഥത്തിൽ മനം കുളിർപ്പിക്കുക എന്ന പ്രയോഗവും കാണാം. മറ്റുള്ളവ പാഠപുസ്തകത്തിനു പിന്നിൽ

നൽകിയിരിക്കുന്ന സമാനാർഥ സൂചിക നോക്കി കണ്ടെത്തട്ടെ. അവ പാഠപുസ്തകത്തിൽ നിർദേശിക്കപ്പെട്ട സ്ഥലത്ത് എഴുതിയതിനുശേഷം നോട്ടുപുസ്തകത്തിൽ പകർത്തിയെഴുതാം.

### പറയാം എഴുതാം

### ഋതുക്കൾ

ഭാരതീയ സങ്കല്പമനുസരിച്ച് ആറ് ഋതുക്കളാണുള്ളത്. വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം എന്നിവയാണവ. പാശ്ചാത്യ രീതിയനുസരിച്ച് വസന്തം, ഗ്രീഷ്മം, ഹേമന്തം, ശിശിരം എന്നിങ്ങനെ നാലു ഋതുക്കളാണുള്ളത്. ഋതുക്കളെക്കുറിച്ചുള്ള സാമാന്യമായ അറിവ് നൽകുന്ന പ്രവർത്തനമാണ് ഇവിടെ നടക്കേണ്ടത്. ഋതുക്കളെ മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിങ്ങനെ തരംതിരിക്കുകയാണ് വേണ്ടത്. ഓരോ കാലത്തെക്കുറിച്ചുമുള്ള കുറിപ്പുകളാണ് ക്ലാസിലെ ചർച്ചയ്ക്കുശേഷം എഴുതേണ്ടത്.

| ഋതു | ചാന്ദ്രമാസം |
|---|---|
| വസന്തം | ചൈത്രം<br>വൈശാഖം |
| ഗ്രീഷ്മം | ജ്യേഷ്ഠം<br>ആഷാഢം |
| വർഷം | ശ്രാവണം<br>ഭാദ്രം |
| ശരത് | ആശ്വിനം<br>കാർത്തികം |
| ഹേമന്തം | അഗ്രഹായനം<br>പൗഷം |
| ശിശിരം | മാഘം<br>ഫാൽഗുനം |

കവിസങ്കല്പമനുസരിച്ചുള്ള ഈ ഋതുവിഭജനം കാലാവസ്ഥാ ശാസ്ത്രജ്ഞന്മാർ പൂർണമായും അംഗീകരിക്കുന്നില്ല. ഹേമന്തം, ശിശിരം എന്നിവയെ കൃത്യമായി വിഭജിക്കാൻ കഴിയുന്നില്ല എന്നാണ് അവർ അഭിപ്രായപ്പെടുന്നത്. കേരളത്തിൽ ഈ തരത്തിലുള്ള കാലാവസ്ഥാ വിഭജനം പ്രായോഗികമല്ല. കുംഭം, മീനം, മേടം, ഇടവത്തിന്റെ പകുതി എന്നിവ നമുക്ക് ഗ്രീഷ്മ(വേനൽക്കാല)മാണ് മിഥുനവും കർക്കിടകവും നമുക്ക് വർഷകാലമാണ്. വൃശ്ചികം, ധനു, മകരം എന്നിവ നമുക്ക് ഹേമന്തമാണ്.

ജൂൺ മുതൽ നവംബർ വരെ കേരളത്തിൽ മഴക്കാലമാണ് (കാലവർഷവും തുലാവർഷവും). ഡിസംബർ മുതൽ ഫെബ്രുവരി വരെ നമുക്ക് മഞ്ഞുകാലമാണ്. മാർച്ച് മുതൽ മെയ്‌വരെ കേരളത്തിൽ വേനൽക്കാലമാണ്. (വസന്തവും ഈ കാലയളവിൽത്തന്നെ കേരളത്തിൽ കടന്നു വരുന്നു.) ഇങ്ങനെ കേരളത്തിൽ മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിങ്ങനെ മൂന്നു ഋതുക്കളാണുള്ളത് എന്ന് സാമാന്യമായിപ്പറയാം. ഏപ്രിൽ മെയ് മാസങ്ങളിൽ വസന്തം കടന്നുവരുമ്പോൾ കേരളത്തിൽ വൃക്ഷങ്ങൾ പൂക്കുകയും തളിർക്കുകയും ചെയ്യും. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ (ഓണക്കാലത്ത്) വീണ്ടും ചെടികൾ പൂക്കുന്നു. ഇത് കേരളത്തിന്റെ ഉപവസന്തമാണെന്ന അഭിപ്രായം പ്രബലമാണ്.

അവലംബം : കേരളത്തിന്റെ കാലാവസ്ഥ - പി.എ. മേനോൻ, ഡോ.സി.കെ. രാജൻ

വേനലും മഞ്ഞും മഴയുമായി - ഡോ. വിജയൻ ചാലോട്

ചർച്ച ക്രോഡീകരിക്കുമ്പോൾ ടീച്ചർ

കാലം - അനുഭവപ്പെടുന്ന മാസങ്ങൾ, പ്രത്യേകതകൾ, നേരിടാനുള്ള തയാറെടുപ്പുകൾ തുടങ്ങിയവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.

(ഉദാ. മഴക്കാലം - ജൂൺ, ജൂലൈ................ കുട ഉപയോഗിക്കുന്നു തുടങ്ങിയവ)

### എഴുതാം

കുട്ടിയുടെ മനസ്സിൽ ആനന്ദം ആർത്തിരമ്പിയതിന്റെ കാരണങ്ങൾ അന്വേഷിക്കുന്നത് കവിതാസ്വാദനപ്രക്രിയയുടെ മറ്റൊരു ഘട്ടമാണ്.

ചോദ്യം ക്ലാസിൽ ഉറക്കെ വായിച്ചശേഷം ഉത്തരങ്ങൾ ഒരു ചർച്ചയിലൂടെ രൂപപ്പെടുത്തിയെടുക്കാം. ചർച്ചയിൽ ഉയർന്നുവരുന്ന സൂചകങ്ങൾ ബി.ബി.യിൽ അതതു സമയത്തു തന്നെ രേഖപ്പെടുത്താം. ചർച്ച അവസാനിച്ചശേഷം ഉത്തരസൂചനകൾ ഉപയോഗിച്ച് ഉത്തരങ്ങൾ പൂർത്തിയാക്കുന്നവിധം, ഉത്തരത്തിന്റെ ആദ്യഭാഗം പറഞ്ഞുകൊണ്ട് ഉത്തരത്തിന്റെ അവസാനഭാഗം പൂർത്തിയാക്കാൻ അവസരമൊരുക്കാം.

കുട്ടി പനിനീർച്ചെടിയെ ഏതെല്ലാം വിധത്തിൽ സ്നേഹിച്ചു എന്ന് ഇഴപിരിച്ച് വ്യക്തമാക്കിക്കൊണ്ടാണ് ചർച്ച മുന്നോട്ടു പോകേണ്ടത്.

കുട്ടി പനിനീർച്ചെടിക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്തുകൊടുത്തു?

- വെള്ളമൊഴിച്ചു.
- കീടങ്ങളിൽനിന്നും ഉച്ചവെയിലിൽനിന്നും സംരക്ഷിച്ചു.

എന്തുകൊണ്ടാണ് ഇങ്ങനെയെല്ലാം ചെയ്തത്?

- പനിനീർച്ചെടിയോട് സ്നേഹമുള്ളതുകൊണ്ട്.

  കുട്ടിയുടെ ആഗ്രഹമെന്തായിരുന്നു?

- പനിനീർച്ചെടി മൊട്ടിട്ടു കാണുക.

  എപ്പോഴാണ് മൊട്ടിട്ടുകണ്ടത്?

- മഞ്ഞുകാലത്ത്

  മഞ്ഞുകാലത്ത് പനിനീർച്ചെടിയിലുണ്ടായ പൂമൊട്ടുകൾ എങ്ങനെയാണ് സന്തോഷം പ്രകടിപ്പിച്ചത്

- പുലരിയെ നോക്കി ചിരിച്ചുകൊണ്ട്

  അതു കണ്ടപ്പോൾ കുട്ടിയിൽ ഉണ്ടായ സന്തോഷം കവിതയിൽ ചിത്രീകരി ക്കുന്നതെങ്ങനെ

- ആനന്ദസാഗരം ആർത്തിരമ്പി

താൻ വളരെ കൂടുതൽ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്ത പനി നീർച്ചെടിയിലെ മൊട്ടുകൾ മഞ്ഞുകാലത്ത് പുലരിയെ നോക്കി ചിരിച്ചത് കണ്ടതു കൊണ്ടാണ് കുട്ടിയുടെ മനസ്സിൽ ആനന്ദസാഗരം ആർത്തിരമ്പിയത്. (പുലരിത്തു ടിപ്പിൽ തിളങ്ങുന്ന പൂമൊട്ടുകൾ പുലരിയെ നോക്കി പുഞ്ചിരിക്കുന്നതായി സങ്ക ല്പിച്ചിരിക്കുന്നു.)

## പദം പിരിച്ചെഴുതാം

നൽകിയിരിക്കുന്ന നാലു പദങ്ങളിലും ഒരുപോലെ സംവൃതോകാരം നഷ്ടപ്പെടു ന്നത് ശ്രദ്ധിക്കുമല്ലോ.

| | | |
|---|---|---|
| നാമ്പ് + ഉണരുന്നത് | - | നാമ്പുണരുന്നത് |
| ആർത്ത് + ഇരമ്പുക | - | ആർത്തിരമ്പുക |
| കുരുന്ന് + ഇല | - | കുരുന്നില |
| മഞ്ഞ് + കാലം | - | മഞ്ഞുകാലം |

ഇങ്ങനെ പദങ്ങൾ കൂടിച്ചേരുമ്പോൾ സംവൃതോകാരം ( ് ) നഷ്ടപ്പെടുന്നതാണ് ലോപസന്ധിയുടെ സ്വഭാവം. കുട്ടികൾക്ക് ഈ സാങ്കേതികജ്ഞാനം പകർന്നു കൊടുക്കേണ്ടതില്ല. പദങ്ങൾ പിരിച്ചെഴുതുമ്പൊഴും കൂടിച്ചേരുമ്പൊഴുമുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെടുത്തിയാൽ മതി.

## പൂരിഷിക്കാം

വാക്കുകൾ ആവർത്തിച്ചുപയോഗിച്ചുകൊണ്ട് അർഥത്തെ ശക്തിപ്പെടുത്തുന്ന പ്രത്യേ കശൈലിയാണിവിടെ പരിചയപ്പെടുത്തുന്നത്. കുട്ടികളുടെ ഭാഷാപ്രയോഗശേഷി വർദ്ധിപ്പിക്കുകയാണ് ഉദ്ദേശ്യം.

കേട്ടുകേട്ടു മനഃപാഠമായി
നടന്നു നടന്നു തളർന്നു.
നിന്നു നിന്നു കാൽ കുഴഞ്ഞു.

കേട്ടു കേട്ടു മടുത്തു
കണ്ടു കണ്ടു മടുത്തു
നിന്നു നിന്നു മടുത്തു

എന്നിങ്ങനെ ഒരേ ക്രിയയുടെ മുമ്പിൽ ആവർത്തിച്ചുപയോഗിക്കുന്ന വ്യത്യസ്തമായ പദപ്രയോഗങ്ങൾ ചേർക്കാവുന്നതാണ്. അതുപോലെ

നിന്നു നിന്നു മടുത്തു
നിന്നു നിന്നു തളർന്നു
നിന്നു നിന്നു കാൽ കുഴഞ്ഞു

എന്നിങ്ങനെ ആവർത്തുച്ചുപയോഗിക്കുന്ന പദത്തിനു പിന്നിൽ വ്യത്യസ്തമായ ക്രിയകളും ചേർക്കാവുന്നതാണ്.

ഇത്തരത്തിലുള്ള നിരവധി പ്രയോഗങ്ങൾ നിലവിലുണ്ട്. നമ്മുടെ ചില ഗാനങ്ങളിലും കവിതകളിലും ഇത്തരം പ്രയോഗങ്ങൾ കാണാം.

കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ

കേട്ടുകേട്ടു നീയുറങ്ങെൻ-
കരളിന്റെ കാതലേ...............

തേടിത്തേടി ഞാൻ അലഞ്ഞു
പാടിപ്പാടി ഞാൻ തളർന്നു.

**പ്രയോഗഭംഗി വിശദമാക്കാം**

കവിതാസ്വാദനവുമായി ബന്ധപ്പെട്ട മറ്റൊരു പ്രവർത്തനമാണിത്. ഇതിൽ കവിതയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രയോഗത്തിലേക്ക് കുട്ടിയുടെ ശ്രദ്ധ കൊണ്ടുവരികയാണ് ചെയ്യേണ്ടത്.

'കാവൽമാലാഖ' എന്ന സമസ്തപദം വിഗ്രഹിച്ച് 'കാവൽ' എന്നും 'മാലാഖ' എന്നും രണ്ടു പദമാക്കി മാറ്റി ഈ അവസരത്തിൽ വിശകലനം ചെയ്യാം.

- മറ്റു കുട്ടികൾ പുറത്തു പോയപ്പോൾ ക്ലാസ് ലീഡർ പുസ്തകങ്ങൾക്കു കാവൽ നിന്നു.

എന്തിനാണ് കാവൽ നിൽക്കുന്നത്?

- നഷ്ടപ്പെട്ടുപോകാതിരിക്കാൻ

 എങ്ങനെയാണ് കുട്ടി പനിനീർച്ചെടിക്കു കാവൽ നിന്നത്?

- വെള്ളമൊഴിച്ചു കൊടുത്തും കീടങ്ങളിൽ നിന്നും ഉച്ചവെയിലിൽ നിന്നും സംര ക്ഷിച്ചുകൊണ്ടും.

 എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്തത്?

- ചെടിയോടുള്ള സ്നേഹക്കൂടുതൽ കാരണം.

 കുട്ടി സ്വയം ആരാണെന്നാണ് കരുതുന്നത്?

- കാവൽമാലാഖ

 ആരാണ് മാലാഖ?

- നന്മയുടെ പ്രതിരൂപം

 ചെടിയോടുള്ള സ്നേഹം കാരണമായി അതിനെ സംരക്ഷിച്ച കുട്ടി ചെടിക്ക് കാവൽ മാലാഖയായിത്തീർന്നു. 'കാവൽ' എന്ന പദത്തിലെ 'സംരക്ഷണം', 'മാലാഖ'യിലെ 'നന്മ' എന്നീ ആശയങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. കാവൽ മാലാഖ എന്ന പദത്തിലെ ദൈവിക വിശുദ്ധി കൂടി ടീച്ചറുടെ ഓർമ്മയിലുണ്ടാവണം - (ഓരോ വ്യക്തിക്കും അവരെ സംരക്ഷിക്കുന്ന കാവൽ മാലാഖമാരുണ്ട് എന്നാണ് ക്രിസ്തീയ വിശ്വാസം)

### വിവരണം തയാറാക്കാം

കുട്ടി ചെടി നട്ടുവളർത്തിയതിനെക്കുറിച്ചാണല്ലോ കവിതയിൽ പറയുന്നത്. 'വീട്ടുമുറ്റത്തിന് അലങ്കാരമായ ചെമ്പനീർച്ചെടി ' എന്നാണ് കവിതയിലെ വർണന.

നിങ്ങളുടെ വീട്ടുമുറ്റത്തും ചെടികളില്ലേ?

ഏതെല്ലാം? പട്ടികപ്പെടുത്താം

ഒരു ചെടിയെക്കുറിച്ചോ ഒന്നിലധികം ചെടികളെക്കുറിച്ചോ വിവരണം തയാറാക്കാം. ചെടികളുടെ പേരും ഭംഗിയും മാത്രമല്ല ചെടികളെ താൻ എങ്ങനെ പരിപാലിക്കുന്നു എന്നതും വിവരണത്തിൽ ഉൾപ്പെടുത്താൻ നിർദേശിക്കാമല്ലോ

### നിറം കൊടുക്കാം

ഭാഷാപഠനപ്രവർത്തനത്തോട് കലാപഠനം സമന്വയിക്കുന്ന പ്രവർത്തനമാണിത്.

ആദ്യം ചിത്രം നിരീക്ഷിക്കാം.

ഇലയും തണ്ടും നോക്കി ചെടി ഏതാണെന്ന് തിരിച്ചറിയാൻ നിർദേശിക്കാം.

ആദ്യത്തേത് ചെമ്പരത്തിയും രണ്ടാമത്തേത് പനിനീർച്ചെടിയുമാണെന്നു തിരിച്ചറിയാൻ കുട്ടികൾക്കു കഴിയുമല്ലോ. ഓരോ കുട്ടിയും കഴിയുന്ന രീതിയിൽ നിർദേശിക്കപ്പെട്ട സ്ഥലത്ത് പൂക്കൾ വരച്ചു ചേർക്കട്ടെ.

ഇലയ്ക്കും തണ്ടിനും പൂവിനും നിറം കൊടുക്കട്ടെ.

യുക്തംപോലെ നോട്ടുപുസ്തകത്തിൽ വരച്ച് നിറം കൊടുക്കാനും ടീച്ചർക്ക് നിർദേശിക്കാം. നിറം നൽകിയതിനുശേഷം അതിനെക്കുറിച്ചുള്ള സർഗാത്മകരചനകളിലേക്ക് നയിക്കാം.

## ഞാവൽക്കാട്

യൂണിറ്റിലെ രണ്ടാമത്തെ രചനയായ ഞാവൽക്കാട് പിണ്ടാണി എൻ.ബി.പിള്ളയുടെ 'കാടുണരുന്നു' എന്ന സമാഹാരത്തിൽ ഉൾപ്പെട്ട കഥയാണ്.

### പാഠാപഗ്രഥനം

വടക്കൻമലയിലെ പടുകൂറ്റൻ ഞാവൽമരം പക്ഷികളുടെ താവളമാണ്. മനുഷ്യർ അവിടെ കാലുകുത്താറില്ല. ഗരുഡമ്മാവനാണ് പക്ഷികളുടെ നേതാവ്. ഞാവൽക്കാട് പക്ഷികളുടെ സ്വർഗമാണ്. ഒരു രാത്രി ഏതാനും നാട്ടുമനുഷ്യർ ഞാവൽക്കാടിനു തീവച്ചു. ഉണ്ടക്കണ്ണൻ മൂങ്ങയും കൂട്ടരുമാണ് കാട്ടിൽ തീയാളുന്ന കാഴ്ച ആദ്യം കണ്ടത്. പക്ഷികൾ പരിഭ്രാന്തരായി. ഗരുഡമ്മാവൻ പക്ഷികളെ സമാധാനിപ്പിച്ചു. ചില പക്ഷികൾ കാടുവിട്ടുപോകാൻ തീരുമാനിച്ചു. കാക്കകൾ താവളം വെടിഞ്ഞുപോയി. മൂങ്ങകളിൽ ചെറുപ്പക്കാരായ ചിലരും താവളം വിടാനൊരുങ്ങി. അർധരാത്രിയിൽ പെട്ടെന്ന് മഴ പെയ്തു. കോരിച്ചൊരിഞ്ഞ മഴ കാട്ടിലെ തീ കെടുത്തി. പക്ഷികൾ ആഹ്ലാദിച്ചു.

മനുഷ്യരുടെ അതിക്രമങ്ങൾ ഞാവൽക്കാട് എന്ന കഥ പങ്കുവയ്ക്കുകയാണ്. ജീവജാലങ്ങൾക്കെല്ലാം ഭൂമിയിൽ അവകാശമുണ്ടെന്നും മനുഷ്യൻ കാടിനെ ആക്രമിക്കുമ്പോൾ സ്വന്തം നിലനിൽപ്പുതന്നെയാണ് അപകടത്തിലാക്കുന്നതെന്നും ഇവിടെ സൂചിപ്പിക്കണം. അപകടത്തിലാകുമ്പോൾ മറ്റുള്ളവരെക്കുറിച്ചാലോചിക്കാതെ സ്വയം രക്ഷപ്പെടാൻ ശ്രമിക്കുന്നവരുടെ മനോഭാവം ചർച്ച ചെയ്യണം. ഈ പ്രവണതയ്ക്കെതിരായ മനോഭാവം കുട്ടികളിൽ രൂപപ്പെടുത്താൻ ഇതിലൂടെ കഴിയേണ്ടതുണ്ട്.

സാമാന്യം ദീർഘമായ കഥയായതിനാൽ കഥാവായന പൂർത്തിയാക്കാൻ സമയം കൂടുതൽ ചെലവഴിക്കേണ്ടി വരും. കഥ കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ. പൊതുവായി വായിക്കാൻ അവസരം നൽകുകയും ചെയ്യാം. കഥാവായനയുടെ ഭാവാത്മകത വിലയിരുത്തുവാൻ താഴെ ചേർത്ത സൂചകങ്ങൾ ഉപയോഗിക്കാവുന്നതാണ്.

- വേണ്ടിടത്ത് നിർത്തിയും ഊന്നൽ കൊടുത്തും വായിക്കുക.
- സന്ദർഭാനുസരണം വേഗം കൂട്ടിയും കുറച്ചും വായിക്കുക.
- ശബ്ദം ക്രമീകരിച്ച് വായിക്കുക.
- സംഭാഷണങ്ങൾ കഥാപാത്രങ്ങളുടെ ഭാവം ഉൾക്കൊണ്ട് അവതരിപ്പിക്കുക.

ഇങ്ങനെ കഥ വായിക്കാനും വായിച്ചുകേൾക്കാനും കഴിഞ്ഞാൽ കഥാവായന ക്ലാസിൽ ഒരു സർഗപ്രക്രിയയായി മാറും; ആശയവിശദീകരണങ്ങളൊന്നുമില്ലാതെ കഥാസ്വാദനം വലിയ അളവുവരെ നടക്കും.

കഥ വായിക്കുന്നതോടൊപ്പം പാഠഭാഗത്ത് ചേർത്തിട്ടുള്ള വർണചിത്രങ്ങളിലേക്കു കൂടി കുട്ടിയുടെ ശ്രദ്ധ കൊണ്ടുവരണം. അതുവഴി കഥാസ്വാദനം രസകരമായ ഒരനുഭവമാക്കി മാറ്റാൻ കഴിയും.

ഇങ്ങനെ ചിത്രങ്ങൾ നിരീക്ഷിച്ചുകൊണ്ട് ഒന്നിലധികം തവണ കഥ വായിച്ചതിനു ശേഷം കുട്ടികൾ കഥാപാത്രങ്ങളുടെ പേര് നോട്ടു പുസ്തകത്തിലെഴുതട്ടെ.

- ഞാവൽമരം
- ഗരുഡമ്മാവൻ
- ഉണ്ടക്കണ്ണൻ മൂങ്ങ

ഈ പേരുകൾ ആദ്യം പുസ്തകം നോക്കിയും പിന്നീട് നോക്കാതെയും എഴുതാൻ നിർദേശിക്കാം.

തുടർന്ന് ബി.ബി.യിൽ ഈ പേരുകൾ എഴുതിയശേഷം ഓരോന്നിനുമുള്ള വിശേഷണങ്ങളും എഴുതിച്ചേർക്കാം.

| | | |
|---|---|---|
| ഞാവൽമരം | - | പക്ഷികളുടെ താവളം |
| ഗരുഡമ്മാവൻ | - | പക്ഷികളുടെ സംരക്ഷകൻ |
| ഉണ്ടക്കണ്ണൻ | - | മൂങ്ങകളുടെ നേതാവ്. |

പാഠപുസ്തകത്തിൽ കൊടുത്ത പ്രവർത്തനങ്ങളിലേക്കു കടക്കുന്നതിനുമുമ്പ് അപരിചിതപദങ്ങളുടെ അർഥം അർഥസൂചിക നോക്കി കണ്ടെത്താനും അവ നോട്ടു പുസ്തകത്തിൽ എഴുതാനും നിർദേശിക്കാം.

## പ്രവർത്തന വിശകലനം

### പറയാം എഴുതാം

കഥയുടെ പ്രാഥമികമായ ആശയഗ്രഹണവുമായി ബന്ധപ്പെട്ട രണ്ടു ചോദ്യങ്ങളാണ് നൽകിയിരിക്കുന്നത്. ഞാവൽക്കാട് പക്ഷികൾക്ക് സ്വർഗമായി അനുഭവപ്പെട്ടതിന്റെ

കാരണം വ്യക്തമാക്കാനുള്ള ഒന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരം കഥയിൽ നിന്നു തന്നെ കണ്ടെത്താം.

- പക്ഷികളുടെ താവളമായ ഞാവൽക്കാട്ടിൽ മനുഷ്യരുടെയോ മൃഗങ്ങളുടെയോ ശല്യമുണ്ടാകാറില്ല.
- സന്ധ്യയായാൽ പരിസരം സംഗീതംകൊണ്ടു നിറയും
- ഞാവൽക്കായ് പഴുത്താൽ രാവും പകലും തീറ്റയാണ്.

ഈ ആശയങ്ങൾ ഉത്തരത്തിൽ ഉൾപ്പെട്ടുവെന്ന് അധ്യാപികയ്ക്ക് ഉറപ്പു വരുത്താം.

ഞാവൽക്കാട്ടിൽ തീ പടർന്നാൽ മറ്റേതെല്ലാം ജീവികൾക്കു പ്രയാസമുണ്ടാകും എന്ന രണ്ടാമത്തെ ചോദ്യം കാടിനെക്കുറിച്ച് കുട്ടിയുടെ അറിവ് പരിശോധിക്കുന്നതിനും കാട്ടിലെ അന്തരീക്ഷം അവലോകനം ചെയ്തും ഊഹിച്ചും ഉത്തരം പറയാൻ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടിയാണ്. തീ പടർന്നാൽ കാട്ടിലെ ഏതു മൃഗത്തിനും പ്രയാസമുണ്ടാകുമല്ലോ. കാട്ടിൽ ഏതൊക്കെ മൃഗങ്ങളാണ് താമസിക്കുന്നത് എന്ന് വ്യംഗ്യമായി ചോദിക്കുകയാണിവിടെ. കാട് ഒരു ജീവലോകമാണ് എന്ന ധാരണ ഉറപ്പിക്കാൻ ഈ ചോദ്യത്തിന്റെ ഉത്തരത്തിനുള്ള അന്വേഷണം സഹായിക്കും. കാട്ടിൽ താമസിക്കുന്ന ഏതു മൃഗത്തിന്റെയും പേര് അവർ ഉത്തരമായി പറയട്ടെ.

**കണ്ടെത്താം**

കുട്ടികളുടെ പദസമ്പത്ത് വർധിപ്പിക്കാനുള്ള ഈ പ്രവർത്തനനത്തോടൊപ്പം യുക്തം പോലെ ചില അധികപ്രവർത്തനങ്ങളും ടീച്ചർക്ക് സ്വീകരിക്കാവുന്നതാണ്.

പാഠപുസ്തകത്തിലെ കാട്ടുതീ, കാട്ടുമനുഷ്യൻ എന്നീ രണ്ടു വാക്കുകളും പറയിച്ച ശേഷം കുട്ടികളുടെ പദാവലിയിൽ അത്തരത്തിലുള്ള മറ്റു പദങ്ങളുണ്ടോ എന്നറിയുന്നതിനായി കൂടുതൽ പദങ്ങൾ പറയിക്കുകയും എഴുതിക്കുകയും ചെയ്യാം.

കാട്ടുചോല, കാട്ടുപക്ഷി, കാട്ടരുവി, കാട്ടുപൂവ്, കാട്ടുതേൻ ഇങ്ങനെ നിരവധി പദങ്ങൾ കിട്ടുമല്ലോ. ഇതോടൊപ്പം 'നാടു'മായി ചേർന്നു നിൽക്കുന്ന പദങ്ങളും പറയിക്കുകയും എഴുതിക്കുകയും ചെയ്യാം. ഉദാ: നാട്ടുഭക്ഷണം, നാട്ടുവഴി, നാട്ടുനടപ്പ്

## ഉചിതമായി പൂരിപ്പിക്കാം

സ്വന്തമായി അർഥമുള്ള പദങ്ങളെക്കൂടാതെ ശബ്ദംകൊണ്ട് അർഥം ധ്വനിപ്പിക്കുന്ന പദങ്ങളും നമ്മുടെ ഭാഷയിലുണ്ട്. ഒറ്റയ്ക്ക് എടുത്താൽ അവ അർഥബോധം ഉണ്ടാക്കുന്നില്ലെങ്കിലും വാക്യസന്ദർഭങ്ങളിൽ അർഥപൂർണമായിത്തീരുന്നു. ഇത്തരത്തിലുള്ള ധാരാളം പദങ്ങൾ ദൈനംദിന വ്യവഹാരത്തിൽ നാം ഉപയോഗിക്കാറുണ്ട്.

കഥയിൽ ഉപയോഗിച്ചിട്ടുള്ള അത്തരത്തിലൊരു പദമാണ് കലപില. അതുപോലെ മൂന്നു വാക്യങ്ങൾ പൂരിപ്പിക്കാനായി വലയത്തിൽ നിന്ന് പദങ്ങൾ എടുത്തു ചേർക്കുന്ന പ്രവർത്തനമാണ് നൽകിയിട്ടുള്ളത്.

നേരം പരപരാ വെളുത്തു

വാഹനങ്ങളുടെ കടകട ശബ്ദം

മഴ ചറപറ പെയ്തു

ഇങ്ങനെ പൂരിപ്പിക്കുമ്പോൾ ശബ്ദംകൊണ്ട് ധ്വനിക്കുന്ന അർഥം ശ്രദ്ധയിൽ കൊണ്ടുവരാമല്ലോ.

കൂടുതൽ ഉദാഹരണങ്ങൾ

കിടുകിടെ വിറച്ചു

മണിമണിയായി ഉത്തരം പറഞ്ഞു

കിലുകിലെ ചിരിച്ചു

മട മടാ കുടിച്ചു

കറുമുറെ തിന്നു

അവൾ പിറുപിറുത്തു

അവർ കുശുകുശുത്തു

അവൻ കുടുകുടെ ചിരിച്ചു

അവർ കലപിലാന്ന് ബഹളം വച്ചു.

## നമ്മുടെ കവിതകളിൽ ഇത്തരം പ്രയോഗങ്ങളുണ്ട്

*കുനുകുനെച്ചിന്നും കുറുനിരതന്നിൽ*
*നനുനനെപ്പൊടിഞ്ഞൊരു പൊടിപറ്റി*

***- എഴുത്തച്ഛൻ***

ഇത്തരത്തിലുള്ള കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്താൻ കുട്ടികളോട് നിർദേശിക്കാമല്ലോ.

## അഭിപ്രായം പറയാം

ഇത് ഒരു വാചിക പ്രവർത്തനമാണ്.

കഥ വായിച്ചു കഴിഞ്ഞ കുട്ടിക്ക് സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാൻ അവസരം നൽകണം. നാലാം ക്ലാസ്സിലെ കുട്ടിയിൽ സാമൂഹ്യബോധം ചെറിയ അളവിൽ വികസിച്ചിരിക്കുമല്ലോ. അത് മുൻനിർത്തിയുള്ള പ്രവർത്തനമാണിത്. ടീച്ചറുടെ കൈത്താങ്ങ് നന്നായി ആവശ്യമുള്ള സന്ദർഭം കൂടിയാവാം ഇത്.

- ഒരു കുടുംബത്തിന് ആപത്ത് വന്നുചേർന്നാൽ എങ്ങനെയാണതിനെ നേരിടേണ്ടത്?
  - ഒറ്റയ്ക്കോ കൂട്ടായോ
  - എല്ലാവരും ഒത്തുചേർന്ന് നേരിടണം എന്ന ഉത്തരം കുട്ടികളിൽനിന്ന് വരാവുന്ന രീതിയിൽ ചോദ്യം വിശദീകരിച്ചു കൊടുക്കാം.

ഞാവൽക്കാടിന് തീ പിടിച്ചപ്പോൾ യുവാക്കളായ മൂങ്ങകൾ എന്താണ് ചെയ്യേണ്ടിയിരുന്നത്?

- യുവാക്കൾക്ക് മറ്റുള്ളവരേക്കാൾ ആരോഗ്യമുണ്ട്
- വൃദ്ധർക്കും കുട്ടികൾക്കും തനിയെ രക്ഷപ്പെടാനാകില്ല
- യുവാക്കൾ മറ്റുള്ളവരേക്കൂടി രക്ഷിക്കേണ്ടതായിരുന്നു.
  യുവാക്കളായ മൂങ്ങകൾ എന്താണ് ചെയ്തത്?
- മറ്റുള്ളവരെക്കുറിച്ചാലോചിക്കാതെ സ്വയം രക്ഷപ്പെടാൻ ശ്രമിച്ചു.

ഇത് ശരിയാണോ എന്ന് ചോദിച്ചുകൊണ്ട് അവരിൽ ധാർമികരോഷം ഉയർത്താൻ അവസരമൊരുക്കണം. അവർ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

ഓരോ ആൾക്കും കടുംബത്തോടും ചുറ്റുപാടുമുള്ള ആളുകളോടും ഉത്തരവാദിത്തമുണ്ട്. കുട്ടികൾക്ക് മുതിർന്നവരോടും മുതിർന്നവർക്ക് കുട്ടികളോടും ഉത്തരവാദിത്തമുണ്ട്. യുവാക്കൾക്ക് മറ്റുള്ളവരെ രക്ഷിക്കാനുള്ള ഉത്തരവാദിത്തമുണ്ട്. കഥയിൽ പറഞ്ഞതുപോലുള്ള പല പ്രവർത്തനങ്ങളും നമ്മുടെ നാട്ടിൽ നടക്കുന്നു. (പത്രവാർത്തകളോ പ്രാദേശികസംഭവങ്ങളോ ചൂണ്ടിക്കാട്ടാം.) അവനവനെപ്പറ്റി മാത്രം ചിന്തിക്കുമ്പോഴല്ല, മറിച്ച് അന്യനെക്കുറിച്ച് കൂടി ചിന്തിക്കുമ്പോഴാണ് നാം നന്മയുള്ള മനുഷ്യരായിത്തീരുന്നത്.

### പോസ്റ്റർ തയാറാക്കാം

പലതരത്തിലുള്ള പോസ്റ്ററുകളുണ്ട്. ഒരു പ്രത്യേക ആശയം പ്രചരിപ്പിക്കാനായി പോസ്റ്ററുകൾ നിർമിക്കാം. അതിൽ ആകർഷകമായ വാക്യങ്ങളാണ് ഉണ്ടാവുക.

അവയ്ക്ക് താഴെ പറയുന്ന പ്രത്യേകതകൾ ഉണ്ടായിരിക്കും.

- താളാത്മകത
- കാവ്യാത്മകത
- കാച്ചിക്കുറുക്കിയ രൂപം
- അർഥവ്യാപ്തി

**പോസ്റ്റർ**

ചിത്രങ്ങളും ലഘുവാക്യങ്ങളും ആകർഷകമായി വിന്യസിച്ച് ഒരു പ്രത്യേക ആശയം പ്രചരിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന പ്രചാരണമാധ്യമമാണ് പോസ്റ്റർ

പ്രതിഷേധവാക്യങ്ങളാകുമ്പോൾ വാക്യങ്ങളിലൂടെ പ്രതിഷേധത്തിന്റെ ശക്തിയും ആവേശവും വെളിപ്പെടണം.

നോട്ടുപുസ്തകത്തിൽ കളങ്ങൾ വരച്ച് ആകർഷകമാക്കി അതിനുള്ളിൽ ഇത്തരം വാക്യങ്ങൾ നിർമിക്കുന്ന രീതിയിൽ ഈ പ്രവർത്തനം ആസൂത്രണം ചെയ്യാം. ബി.ബി. യിൽ എഴുതി പ്രദർശിപ്പിക്കാം.

*കാട് ഞങ്ങളുടെ വീട്*
*കാടിനെ വെറുതെ വിടുക*
*കാട്ടിൽ ജീവിക്കാനനുവദിക്കുക*
*കാട് ചുട്ടെരിച്ചവർ ക്രൂരമനുഷ്യന്മാർ*
*കാടാക്രമിച്ചാൽ നാടാക്രമിക്കും.*
*കാടില്ലെങ്കിൽ നാടില്ല.*

നോട്ടുപുസ്തകത്തിലെഴുതിയ വാക്യങ്ങൾ കുറച്ചുകൂടി ഭംഗിയാക്കി ചാർട്ടുപേപ്പറുകളിലെഴുതുകയും ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്യാം.

## പത്രവാർത്ത തയാറാക്കാം

പത്രവാർത്തയെക്കുറിച്ച് സാമാന്യധാരണ മാത്രമെ നാലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് ഉണ്ടാവുകയുള്ളു. അതുകൊണ്ടുതന്നെ ഈ പ്രവർത്തനം നടത്തുന്നതിനു മുമ്പായി ക്ലാസ്സിൽ പത്രവായന നടക്കണം.

സ്കൂളുമായോ പ്രദേശവുമായോ ബന്ധപ്പെട്ടതോ അവരവർക്കിഷ്ടപ്പെട്ട മേഖലയിലൂള്ളതോ ആയ ചെറുവാർത്തകൾ നോട്ടുപുസ്തകത്തിലെഴുതിക്കൊണ്ടുവന്ന് ക്ലാസ്സിൽ വായിക്കട്ടെ. പത്രം വായിക്കുന്നത് ശീലമാക്കാൻ ഇതിലൂടെ കഴിയും. ശീർഷകങ്ങൾ മാത്രമായി എഴുതി വരാനും നിർദേശിക്കാം. ഇങ്ങനെ പത്രം വായിക്കുന്ന ശീലം ഉണ്ടാക്കിയെടുത്തശേഷമാണ് പത്രവാർത്ത തയാറാക്കുന്ന പ്രവർത്തനം നടക്കേണ്ടത്. കേരളത്തിൽ ഇപ്പോൾ പ്രചാരത്തിലുള്ള പത്രങ്ങളെക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യാം.

വാർത്തയുടെ ശീർഷകം പാഠപുസ്തകത്തിൽത്തന്നെ നൽകിയിരിക്കുന്നു. നോട്ടുപുസ്തകത്തിൽ ആ ശീർഷകം എടുത്തെഴുതാൻ നിർദേശിക്കാം. അതിനു താഴെ തലേ ദിവസം കാട്ടിൽ നടന്ന പ്രധാന സംഭവം എഴുതട്ടെ. തുടർന്ന് അതിന്റെ വിശദാംശങ്ങൾ നൽകാൻ ആവശ്യപ്പെടാം. വാർത്തയിൽ

എന്ത്? - (നടന്ന സംഭവം) എവിടെ? - (സംഭവം നടന്ന സ്ഥലം) എപ്പോൾ? - (സംഭവം നടന്ന സമയം) ആരെല്ലാം? - (സംഭവുമായി ബന്ധപ്പെട്ട ആളുകൾ) എന്തുകൊണ്ട്? - (സംഭവത്തിന്റെ കാരണം) എങ്ങനെ? - (സംഭവം നടന്ന രീതി)

ഇവയെല്ലാം ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുമല്ലോ? ഇതിനായി

മനുഷ്യർ കാടിന് തീവെച്ചു പക്ഷികൾ പരിഭ്രാന്തരായി - സംഭവം
മഴ പെയ്തു തീയണഞ്ഞു

വടക്കൻ മല - സംഭവസ്ഥലം

രാത്രി - സമയം

ഞാവൽമരം കാടിനു തീവച്ച മനുഷ്യർ, ഗരുഡമ്മാവൻ,
ഉണ്ടക്കണ്ണൻ മൂങ്ങ - സംഭവവുമായി ബന്ധപ്പെട്ടവർ

ഈ തരത്തിലുള്ള വിശകലനം നടന്നതിനുശേഷം വാർത്ത എഴുതാൻ തുടങ്ങാം.

### മഴ കോരിച്ചൊരിഞ്ഞപ്പോൾ തീയണഞ്ഞു

വടക്കൻ മല : ഇന്നലെ രാത്രിയിൽ ഏതാനും നാട്ടുമനുഷ്യർ ഞാവൽക്കാട്ടിനു തീ വച്ചങ്കിലും മഴപെയ്തപ്പോൾ തീയണഞ്ഞു. ഞാവൽ മരത്തിൽ താമസിക്കുന്ന ഉണ്ടക്കണ്ണൻ മൂങ്ങയും കൂട്ടരുമാണ് ആദ്യം കാഴ്ച കണ്ടത്. ഞാവൽമരത്തിലെ പക്ഷികൾ ഇതുകണ്ട് പരിഭ്രാന്തരായി. പക്ഷികളുടെ നേതാവായ ഗരുഡമ്മാവൻ എല്ലാവരെയും സമാധാനിപ്പിച്ചു. കാക്കകളിൽ ചിലർ താവളം വിട്ടുപോയി. ചെറുപ്പക്കാരായ മൂങ്ങകളും സ്ഥലം വിടാൻ ഒരുങ്ങി. പെട്ടെന്ന് കാട്ടിൽ മഴ പെയ്തു. തീയണഞ്ഞപ്പോൾ പക്ഷികൾക്ക് ആശ്വാസമായി. മനുഷ്യർ നിരാശരായി നാട്ടിലേക്കു മടങ്ങി.

## വായിച്ച് ആസ്വദിക്കു, കുറിപ്പെഴുതു

കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കേണ്ട പ്രവർത്തനത്തിന് നാലാം ക്ലാസിലെ കുട്ടികൾക്ക് ടീച്ചറുടെ സഹായം ആവശ്യമാണ്.

പി. മധുസൂദനന്റെ 'എത്ര കിളിയുടെ പാട്ടറിയാം' എന്ന കവിതയാണ് ആസ്വാദനക്കുറിപ്പ് തയാറാക്കാനായി നൽകിയിരിക്കുന്നത്. കവിതയിലെ പദങ്ങൾ സുപരിചിതങ്ങളായതിനാൽ കുട്ടികൾക്ക് അർഥം മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല.

കവിത ചൊല്ലിക്കേൾക്കാൻ അവസരമുണ്ടാക്കാം. ശേഷം കുട്ടികൾ രണ്ടോ മൂന്നോ ആവൃത്തി വായിക്കട്ടെ.

### ആസ്വാദനക്കുറിപ്പ് തയാറാക്കുമ്പോൾ

- കവിതയുടെ പ്രമേയം

- കവിതയിലെ സൗന്ദര്യാംശങ്ങൾ (പ്രയോഗങ്ങൾ, വർണ്ണനകൾ, അലങ്കാര ബിംബകല്പനകൾ, ഭാവം, ധ്വന്യാത്മകത, ശബ്ദഭംഗി)
- കവിതയിലെ സാമൂഹ്യാംശം

തുടങ്ങിയവ കടന്നുവരേണ്ടതുണ്ട്.

എന്നാൽ നാലാം ക്ലാസ്സിലെ കുട്ടികൾ തയാറാക്കുന്ന ആസ്വാദനക്കുറിപ്പിൽ ഇവ യെല്ലാം കടന്നുവരുമെന്ന് പ്രതീക്ഷിക്കുക വയ്യ. കവിതയുടെ പ്രമേയവും ഏതെങ്കിലും തരത്തിലുള്ള വർണനാഭംഗിയും അവരുടെ ആസ്വാദനക്കുറിപ്പിലും കടന്നുവരണം. നൽകിയിരിക്കുന്ന കവിതയിലെ ശബ്ദഭംഗി, കവിതയിലെ ചോദ്യ രൂപത്തിന്റെ പ്രത്യേകതകൾ എന്നിവ ഉൾപ്പെടുത്താം.

ചില ചോദ്യങ്ങളിലൂടെ കുട്ടികളെ കവിതയുടെ പ്രമേയത്തിലേക്ക് കൊണ്ടുവരാം.

- ആരെ കുറിച്ചൊക്കെയാണ് കവിതയിൽ പറയുന്നത്?

  കിളി, മരം, പുഴ, പഴം, പൂവ്
- കിളിയെക്കുറിച്ച് എന്തു ചോദ്യമാണ് ചോദിക്കുന്നത്?

  എത്ര കിളിയുടെ പാട്ടറിയാം?
- മരത്തെക്കുറിച്ച്<br>പുഴയെക്കുറിച്ച് – എന്തൊക്കെ ചോദ്യങ്ങൾ?<br>പഴത്തെക്കുറിച്ച്<br>പൂവിനെക്കുറിച്ച്

  നിങ്ങൾ എത്ര കിളികളെ കണ്ടിട്ടുണ്ട്? എത്രയെണ്ണത്തിന്റെ പാട്ട് കേട്ടിട്ടുണ്ട്? നമുക്കു ചുറ്റും കാണാത്ത കിളികളില്ലേ? പുഴകളും പൂക്കളും പഴങ്ങളുമില്ലേ?

  നമുക്കു ചുറ്റും നാം കാണാത്ത പലതുമില്ലേ?<br>നമുക്കറിയാത്ത ഒത്തിരി കാര്യങ്ങളില്ലേ?

ഇനി കവിതയെക്കുറിച്ച് എഴുതാമോ?

പ്രകൃതിയോട് നമുക്കുള്ള ബന്ധത്തെയാണ് കവിത വിശകലനം ചെയ്യുന്നത്. പ്രകൃതിയെക്കുറിച്ച് വളരെക്കുറച്ചേ നമുക്കറിയൂ. നാം പ്രകൃതിയിൽനിന്നും അകലു കയാണ്. ഇവ ആസ്വാദനത്തിൽ കടന്നുവരണം. കവിതയ്ക്ക് ഉചിതമായ ശീർഷ കവും നൽകാം.

ആസ്വാദനക്കുറിപ്പിന് തൊട്ടു പുറകേ കൊടുത്തിരിക്കുന്ന സ്വയം വിലയിരുത്തൽ പ്രക്രിയ ആസ്വാദനക്കുറിപ്പ് തയാറാക്കിയതിനുശേഷം കുട്ടി സ്വയം ചെയ്യേണ്ടതാണ്. സൂചകങ്ങൾ വിശദീകരിച്ചു കൊടുക്കണം. വിലയിരുത്തൽ പ്രക്രിയ പൂർത്തിയാ യാൽ പാഠപുസ്തകത്തിലെ പ്രസ്തുത കോളങ്ങളും കുട്ടിയുടെ നോട്ടുപുസ്ത കവും പരിശോധിക്കേണ്ടതും തുടർമൂല്യനിർണയത്തിന്റെ ഭാഗമായി പരിഗണിക്കേ ണ്ടതുമാണ്.

## പച്ചോലകൊണ്ടൊരു പച്ചത്തത്ത

ഭാഷാപഠനപ്രവർത്തനങ്ങൾക്കൊപ്പം കലാപ്രവർത്തനങ്ങളും പ്രവൃത്തിപരിചയവും ഏകോപിപ്പിക്കാൻ വേണ്ടിയുള്ള പ്രവർത്തനമാണിത്. ഓലകൊണ്ട് തത്തയെ ഉണ്ടാക്കിയെടുക്കുമ്പോൾ അവരെ പ്രകൃതിയോട് ബന്ധപ്പെടുത്തുക കൂടിയാണ്.

എട്ടു ഘട്ടങ്ങളാണ് പ്രവർത്തനത്തിനുള്ളത്.

അവ ചിത്രത്തിൽ നിന്നും മനസ്സിലാക്കാമല്ലോ. ചിത്രത്തിൽ കാണാത്ത മറ്റു രീതികളും പരീക്ഷിച്ചു നോക്കാം. ഓലകൊണ്ട് കിളിയെക്കൂടാതെ മറ്റു രൂപങ്ങളും ഉണ്ടാക്കാൻ ശ്രമിക്കാവുന്നതാണ്.

## എഴുതാം അഭിനയിക്കാം

പ്രവർത്തനത്തിലേക്കു കടക്കുന്നതിന്റെ മുന്നോടിയായി ചിത്രം നിരീക്ഷിക്കട്ടെ. ചിത്രത്തിൽ കാണിച്ച മൃഗങ്ങൾ മാത്രമല്ല കാട്ടിലുള്ളതെന്ന് ബോധ്യപ്പെടുത്തണം. പ്രതിഷേധയോഗത്തിൽ അഭിപ്രായം പറഞ്ഞ പക്ഷികളുടെയും മൃഗങ്ങളുടെയും പേരെഴുതി അതിനുനേരെ അവർ പറഞ്ഞിരിക്കാവുന്ന അഭിപ്രായങ്ങൾ ഊഹിച്ച് എഴുതാൻ നിർദേശിക്കാം.

## എഴുതിയവ വായിക്കുക

വ്യത്യസ്ത മൃഗങ്ങളുടെ പേരെഴുതിയ കുട്ടികളെ ഉപയോഗിച്ച് രംഗം ക്ലാസ്സിൽ അഭിനയിച്ചു കാണിക്കാം. ഒരേ കുട്ടിതന്നെ പല മൃഗങ്ങളുടെയും പേര് എഴുതിയിരിക്കുമല്ലോ. പല കുട്ടികളെ വിളിച്ച് വ്യത്യസ്ത മൃഗങ്ങളുടെ ഭാഗം അഭിനയിച്ചു കാണിക്കാൻ ആവശ്യപ്പെടാം.

## വിരുന്നുകാർ ആരൊക്കെ?

പരിസരവുമായി കുട്ടികളെ ബന്ധിപ്പിക്കാനുദ്ദേശിച്ച പ്രവർത്തനമാണിത്. ഇത് ഒരു ഭാഷാപഠനപ്രവർത്തനമായിത്തീരണം.

കുട്ടികൾ പരിസരം നിരീക്ഷിക്കട്ടെ.

തൊടിയിലോ മുറ്റത്തോ കാണാറുള്ള ഒരു പക്ഷിയെ നിരന്തരം ശ്രദ്ധിക്കട്ടെ.

നിരീക്ഷണഫലം കുറിപ്പുരൂപത്തിൽ, ശീർഷകം നൽകി രേഖപ്പെടുത്തട്ടെ.

### ഡോ. സാലിം അലി

ലോകപ്രസിദ്ധനായ പക്ഷിനിരീക്ഷകനാണ് ഡോ. സാലിം അലി. 1896 നവംബർ 12 ന് മുംബൈയിൽ ജനിച്ചു. ഇന്ത്യയുടെ പക്ഷിമനുഷ്യൻ എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. ഡോ. സാലിം അലിയെപ്പറ്റി മൂന്നാം ക്ലാസിൽ നിന്ന് കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 12 ദേശീയ പക്ഷിനിരീക്ഷണദിനമായി ആചരിച്ചുവരുന്നു.

കേരളത്തിലെ പക്ഷിനിരീക്ഷണ പ്രവർത്തനങ്ങൾക്കു തുടക്കമിട്ട പ്രസിദ്ധനായ പക്ഷിനിരീക്ഷകനാണ് ഇന്ദുചൂഡൻ. കെ.കെ. നീലകണ്ഠൻ എന്നാണ് യഥാർഥ പേര്. 1923 ൽ പാലക്കാട് ജില്ലയിലെ കൊണ്ടളക്കോട് ഗ്രാമത്തിൽ ജനിച്ചു. കർണാടകയിലെ തുംകൂറിൽ അച്ഛൻ ജോലിചെയ്തിരുന്ന മൃഗാശുപത്രി വളപ്പിൽ കണ്ട ഉപ്പുപ്പൻ എന്ന പക്ഷിയുടെ കൂട് കുട്ടിക്കാലത്ത് നീലകണ്ഠനെ ആകർഷിച്ചു. ഇന്ദുചൂഡന്റെ പക്ഷിനിരീക്ഷണം ആരംഭിച്ചത് ഈ സംഭവത്തോടെയാണ്. ഇന്ത്യയിലെ ഏറ്റവും വലിയ പെലിക്കൻ സങ്കേതം കണ്ടെത്തിയത് അദ്ദേഹമായിരുന്നു. കേരളത്തിലെ പക്ഷികളെക്കുറിച്ച് ലേഖന പരമ്പര പ്രസിദ്ധീകരിച്ചു. ഇന്ദുചൂഡനാണ് പല പക്ഷികൾക്കും മലയാളത്തിൽ പേരിട്ടത്. 'കേരളത്തിലെ പക്ഷികൾ' ആണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ പുസ്തകം. 1992 ൽ അദ്ദേഹം അന്തരിച്ചു.

## നിങ്ങൾക്കും പക്ഷികളെ നിരീക്ഷിക്കാം

പക്ഷിയെ നിരീക്ഷിച്ച് കുറിപ്പ് തയാറാക്കുന്ന പ്രവർത്തനം മൂന്നാം ക്ലാസിൽ കുട്ടികൾ ചെയ്തിട്ടുണ്ടല്ലോ. പക്ഷിനിരീക്ഷണവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾകൂടി അവരുടെ ശ്രദ്ധയിൽപ്പെടുത്താം. പക്ഷിനിരീക്ഷണം പ്രകൃതിനിരീക്ഷണമാണ്. പ്രകൃതിയെ നശിപ്പിക്കുന്ന യാതൊരു പ്രവർത്തനവും പക്ഷിനിരീക്ഷണത്തിനിടയിൽ ഉണ്ടായിക്കൂടാ. പതുങ്ങിനടക്കാനും ചെടികളും മരച്ചില്ലകളും ഇളക്കാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കണം. ചുറ്റുപാടിന് ഇണങ്ങുന്ന വസ്ത്രം ധരിച്ചാണ് പക്ഷിനിരീക്ഷണത്തിനിറങ്ങേണ്ടത്. തിളങ്ങുന്നതോ കടും നിറത്തിലുള്ളതോ ആയ വസ്ത്രങ്ങൾ പക്ഷിനിരീക്ഷണത്തിനിടയ്ക്ക് ധരിക്കരുത്. നിങ്ങളുടെ സാന്നിധ്യം പക്ഷികൾക്ക് ശല്യമായിക്കൂടാ. ബഹളം കൂട്ടി സംസാരിക്കുകയോ കൂകുകയോ പക്ഷികളെ പേടിപ്പിക്കുന്ന തരത്തിൽ ശബ്ദം ഉണ്ടാക്കുകയോ പാടില്ല. പക്ഷികളുടെ കൂട്ടിൽ ഒരു കാരണവശാലും കൈയിടരുത്. കൂട് നിരീക്ഷിക്കുന്നുവെങ്കിൽ ദൂരെ മാറിനിന്ന് ചെയ്യണം.

പക്ഷിനിരീക്ഷണത്തിനിറങ്ങുമ്പോൾ ഒരു നോട്ടുപുസ്തകം കൈയിൽ കരുതാം. ഒന്നിലധികം പക്ഷികളെ നിരീക്ഷിക്കുന്നുവെങ്കിൽ ഓരോ പക്ഷിക്കും ഓരോ പേജ് നീക്കിവയ്ക്കാം. ഓരോ സമയത്ത് കാണുന്ന പ്രത്യേകതകൾ അപ്പോൾ കുറിച്ചുവയ്ക്കാം. പക്ഷികളുടെ ആവാസം അറിഞ്ഞാൽ പക്ഷിനിരീക്ഷണം എളുപ്പമാകും. പക്ഷികളുടെ കൊക്ക്, കാലുകൾ, ചിറകുകൾ, വാൽ എന്നീ ഭാഗങ്ങളുടെ പ്രത്യേകത നിരീക്ഷിച്ച് കുറിച്ചുവയ്ക്കാം. പക്ഷികൾ ഇര തേടുന്നത് ഒറ്റയ്ക്കാണോ സംഘം ചേർന്നാണോ, ആഹാരം ശേഖരിക്കുന്ന രീതിയുടെ പ്രത്യേകതകൾ, സസ്യഭുക്കാണോ, മാംസഭുക്കാണോ അതോ മിശ്രഭുക്കാണോ എന്നീ കാര്യങ്ങൾ പക്ഷികളുടെ കൂടിന്റെ പ്രത്യേകതകൾ തുടങ്ങിയവയും നിരീക്ഷിക്കാം. പക്ഷികളുടെ ഫോട്ടോകൾ, ചലനങ്ങളുടെ വീഡിയോകൾ ശബ്ദത്തിന്റെ റിക്കോർഡ് എന്നിവയും ശേഖരിക്കാം.

**കഥ തുടരാം**

കുട്ടികളുടെ ഭാവനാശേഷി ഉണർത്തി, അത് ആവിഷ്കരിക്കാൻ സന്ദർഭമുണ്ടാക്കുക എന്നത് ഭാഷാപഠനത്തിലെ ഒഴിച്ചുകൂടാനാവാത്ത പ്രവർത്തനമാണ്.

സ്വന്തമായി കഥകളും കവിതകളും എഴുതാൻ നിർദേശിക്കുന്നതിനു മുമ്പ് കഥാ പൂരണമോ, കവിതാപൂരണമോ നൽകുന്നത് ഉചിതമായിരിക്കും. 'ഞാവൽക്കാട്' എന്ന കഥ കുട്ടികൾ വായിക്കുകയും ആസ്വദിക്കുകയും ചെയ്തിട്ടുണ്ട്. കഥയുടെ അന്ത്യം മറ്റൊരു തരത്തിൽ ആയിരുന്നെങ്കിൽ എന്ന് അവരെക്കൊണ്ട് തന്നെ ചിന്തിപ്പിക്കുകയും ഓരോരുത്തരുടെയും ഭാവനയ്ക്കനുസരിച്ച് കഥ പൂർത്തിയാക്കാൻ ആവശ്യപ്പെടുകയും ചെയ്യാം.

"അർധരാത്രി സമയം..........................." എന്നു തുടങ്ങുന്ന ഖണ്ഡിക മുതൽ മാറ്റിയെഴുതാൻ ആവശ്യപ്പെടാം.

യൂണിറ്റിലെ പഠനപ്രവർത്തനങ്ങൾ പൂർത്തിയായാൽ വിലയിരുത്തൽ കോളം പൂരിപ്പിക്കണം. എല്ലാവരും എല്ലാ കോളങ്ങളും പൂരിപ്പിക്കണം.

ഇവ തുടർമൂല്യനിർണയത്തിന്റെ ഭാഗമായി പരിഗണിക്കപ്പെടണം.




# 2

# ഹരിതം

## ആമുഖം

ജനിച്ചു വളരുന്ന ചുറ്റുപാടിനെ അറിഞ്ഞും അതിനോട് സംവദിച്ചും കുട്ടികൾ വളർന്നു വരുന്ന രീതി നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. തനിക്കു ചുറ്റിലുമുള്ള വസ്തുക്കളെ ചേതനമെന്നോ അചേതനമെന്നോ വേർതിരിക്കാതെ പൂവിനോടും പൂമ്പാറ്റയോടും കല്ലിനോടും മുള്ളിനോടും കൂട്ടുകാരോടെന്ന പോലെ കുട്ടികൾ സല്ലപിക്കുന്നത് കവിതാശീലുകളിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. നാടൻ പാട്ടുകളിൽ തുടങ്ങി മഹാകവികളുടെ കുട്ടിക്കവിതകളിൽ വരെ ഇതിന് ഉദാഹരണങ്ങൾ കണ്ടെത്താം. തന്നെ പ്രകൃതിയുടെ ഭാഗമായി കരുതിയ മനുഷ്യൻ പ്രകൃതിയോട് ഇണങ്ങി ജീവിച്ചതിന്റെ സാക്ഷ്യപത്രങ്ങളായിരുന്നു ഈ സാഹിത്യാവിഷ്കാരങ്ങൾ. നഗരവത്കരണപ്രക്രിയയ്ക്ക് വേഗത കൂടിയപ്പോൾ നമുക്ക് മറ്റു ജീവജാലങ്ങളോടുള്ള അടുപ്പം കുറഞ്ഞു തുടങ്ങി. പ്രകൃതി ആർത്തിയോടെ കീഴടക്കാനുള്ള ഒരു വിഭവം മാത്രമാണെന്ന ചിന്ത പ്രബലമായി.

നാം പ്രകൃതിയിൽനിന്ന് അകന്നുപോകുന്നുവെന്ന യാഥാർഥ്യം ഇന്നെല്ലാവരും അംഗീകരിക്കുന്നുണ്ട്. ഈ അവസ്ഥ പ്രകൃതിയുടെയും മനുഷ്യന്റെ തന്നെയും നാശത്തിലേക്കാണ് നയിക്കുക എന്ന് ന്യായമായും ഭയപ്പെടേണ്ടിയിരിക്കുന്നു. മനുഷ്യന് പ്രകൃതിയിൽനിന്ന് വേറിട്ട നിലനില്പില്ലെന്ന ബോധം കുട്ടിക്കാലം മുതൽക്കു തന്നെ വളർന്നു വരേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി രണ്ടു സാഹിത്യ രചനകളാണ് രണ്ടാം യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആദ്യത്തേത് മനുഷ്യൻ പ്രകൃതിയിലെ ജീവജാലങ്ങളെ സ്നേഹത്തോടെ പരിചരിക്കുന്നതിന്റെയും രണ്ടാമത്തേത് സ്വാർഥലാഭത്തിനായി പ്രകൃതിയോട് അതിക്രമം കാണിക്കുന്നതിന്റെയും ചിത്രീകരണങ്ങളാണ്. വ്യത്യസ്തമായ ഈ രണ്ടു ചിത്രങ്ങളും ഉപയോഗപ്പെടുത്തി പ്രകൃതിയോടുള്ള മമത ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യമാണ് യൂണിറ്റിലൂടെ കൈവരിക്കാനുള്ളത്.

## പ്രവേശക പ്രവർത്തനം

മഹാകവി കുട്ടമത്തിന്റെ 'പച്ചക്കിളി' എന്ന കവിതയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനത്തിലൂടെ യൂണിറ്റിലേക്കു പ്രവേശിക്കാം.

പ്രവേശക പ്രവർത്തനത്തിന്നായി നല്കിയ കവിതകൾ വിശദപഠനത്തിനുള്ള തല്ലല്ലോ. കവിതയിലെ മുഖ്യപ്രമേയം കുട്ടികളിലെത്തിയതിനുശേഷം കൂടെ ചേർത്ത പ്രവർത്തനത്തിലേക്കു നീങ്ങുകയാണ് വേണ്ടത്.

കുട്ടികൾ സ്വന്തമായി വായിക്കട്ടെ. തുടർന്ന് കവിതയുടെ കേന്ദ്രാശയത്തിലേക്കു നയിക്കുന്ന ഏതാനും ചെറുചോദ്യങ്ങളാവാം.

പച്ചക്കിളി എവിടെയാണ് പാറിയെത്തിയത്? കിളി വന്നിരുന്നപ്പോൾ അശോക മരത്തിന്റെ ചില്ലയ്ക്ക് എന്തു മാറ്റമാണുണ്ടായത്? ശാരികപ്പൈതലിന്റെ മോടികണ്ട് ആരാണ് കൂടെക്കൂടിയത്?

തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറയാൻ അവസരം നൽകുന്നതിലൂടെ കവിതയുടെ ആശയം കുട്ടികളിലേക്ക് എത്തിക്കാം. സന്ദർഭാനുസരണം കവിത ചൊല്ലിയവതരിപ്പിക്കാം.

പച്ചക്കിളി അശോകമരത്തിന്റെ ചില്ലയിൽ ചെന്നിരുന്നപ്പോൾ മരം അതിനെ ആഹ്ലാദ ത്തോടെ സ്വീകരിക്കുന്നതും ആ ആഹ്ലാദം പങ്കുവയ്ക്കാൻ കാറ്റ് അടുത്തു കൂടുന്ന തുമായ മനോഹരകാഴ്ചയിലേക്ക് കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരണം.

തുടർന്ന്, കുട്ടികൾ കണ്ടിട്ടുള്ള ആഹ്ലാദകരമായ കാഴ്ചകൾ അവരെക്കൊണ്ടു പറ യിക്കാം.കുട്ടികൾ പങ്കുവയ്ക്കുന്ന കാഴ്ചകളിൽ കിളിയും മരവും മാത്രമല്ല പൂക്കളും മരങ്ങളും അടങ്ങിയ പ്രകൃതിഭംഗിയും മറ്റു ജീവജാലങ്ങളും ഉൾപ്പെടുന്നു എന്ന് ഉറപ്പു വരുത്തണം.

ഇങ്ങനെ കുട്ടികളുടെ കാഴ്ചയനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് പാഠഭാഗത്തേക്ക് പ്രവേശിക്കാവുന്നതാണ്.

കാസർഗോഡ് ജില്ലയിലെ കുട്ടമത്ത് ഗ്രാമത്തിൽ 1880 ഒക്ടോബർ 12 ന് ജനിച്ചു. സംസ്കൃതസാഹിത്യത്തിലും വൈദ്യശാസ്ത്രത്തിലും അവഗാഹം നേടി. നീലേശ്വരം രാജാസ് ഹൈസ്കൂളിൽ അധ്യാപകനായിരുന്നു. 'കേരളചന്ദ്രിക' യുടെ പത്രാധിപരായി പ്രവർത്തിച്ചു. 1941 ൽ ചിറയ്ക്കൽ വലിയ രാജാവ് മഹാകവി സ്ഥാനം നൽകി. കാളിയമർദ്ദനം, അമൃതരശ്മി പത്ത്ഭാഗം, ദേവയാനിചരിതം, ബാലഗോപാലൻ, നചികേതസ്സ് തുടങ്ങി മുപ്പതിൽപരം കൃതികൾ രചിച്ചു. 1942 ആഗസ്റ്റ് 7 ന് അന്തരിച്ചു.

## പച്ചക്കിളി (താരാട്ട്)

പച്ചക്കിളിയൊന്നു പാറി-യൊരു
കൊച്ചശോകത്തോപ്പിലേറി;
ചാഞ്ചാടിയപ്പഴച്ചില്ലി-ക്കൊമ്പു
താൻ ചാടുമർമ്മരം ചൊല്ലി.
ചഞ്ചൽതളിർ കൊണ്ടു വീശി-നറും-
ചെഞ്ചായമൊന്നങ്ങു പൂശി.
ശാരികപ്പൈതലിൻ മോടി-കണ്ടു
മാരുതനും ചെന്നുകൂടി.

ഊഞ്ഞാലിലാടിത്തുടങ്ങീ-കിളി
ചാഞ്ഞു കുഴഞ്ഞു കുലുങ്ങീ.
തൻപദമൂന്നിയക്കൊമ്പിൽ-പല
ചെമ്പവിഴം ചാർത്തിയമ്പിൽ,
അങ്ങുമിങ്ങും താൻ ചെരിഞ്ഞും,-ചിറ-
കങ്ങിനേ ഭംഗ്യാ വിരിഞ്ഞും

കുങ്കുമ കസ്തൂരിബിന്ദു-പോലെ
തൽകണ്ണു ചിമ്മി വിടർന്നു.
ചഞ്ചുവാംപൂമൊട്ടുലർത്തി-ചെററു-
കൊഞ്ചിയോമൽഗളം താഴ്ത്തി;
വിശ്വശില്പിക്കുള്ള സൃഷ്ടി-ഗുണം
വിശ്രുതമിങ്ങിനേ കാട്ടി.

അർക്കനത്തോപ്പിട നീക്കി, -മെല്ലെ-
യക്കിളിയേയെത്തിനോക്കി.

**കുട്ടമത്ത് കുന്നിയൂർ - കുഞ്ഞിക്കൃഷ്ണക്കുറുപ്പ്**

## എന്റെ പനിനീർച്ചെടി

മേരിജോൺ കൂത്താട്ടുകുളത്തിന്റെ 'അന്തിനക്ഷത്രം' എന്ന സമാഹാരത്തിലെ 'ജന്മ വാസന' എന്ന കവിതയുടെ ആദ്യഭാഗമാണ് 'എന്റെ പനിനീർച്ചെടി' എന്ന ശീർഷ കത്തിനു താഴെ ചേർത്തിരിക്കുന്നത്.

### പാഠാപഗ്രഥനം

വീട്ടുമുറ്റത്ത് നട്ടുവളർത്തിയ പനിനീർച്ചെടിയെ പരിചരിച്ച പെൺകുട്ടിക്ക് പുലരി ത്തുടുപ്പിൽ പൂമൊട്ടുകൾ തിളങ്ങുന്നതു കണ്ടപ്പോഴുള്ള ആഹ്ലാദമാണ് കവിതയുടെ പ്രമേയം.

താൻ നട്ടുവളർത്തിയ പനിനീർച്ചെടി തന്റെ വീട്ടുമുറ്റത്തിന് അലങ്കാരമാണെന്നു പറഞ്ഞുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. ഓരോ ദിവസവും ആഹ്ലാദത്തോടെ അവൾ പനിനീർച്ചെടിയെ വെള്ളമൊഴിച്ച് പരിപാലിച്ചു. പനിനീർച്ചെടി മൊട്ടിടു ന്നതു കണ്ട് ആഹ്ലാദിക്കുവാനും ചില്ലകൾ തോറുമുള്ള നാമ്പുകളെ പ്രാണികൾ നശിപ്പിക്കാതെ സംരക്ഷിക്കുവാനും മുളയ്ക്കുന്ന കുരുന്നില ഉച്ചവെയിലിൽ വാടാ തിരിക്കുവാനും ശ്രദ്ധിച്ച പെൺകുട്ടി ആ ചെടിക്ക് കാവൽ മാലാഖയായി മാറി. മഞ്ഞുകാലം വന്നുചേർന്നപ്പോൾ പനിനീർച്ചെടി തളിർത്ത് മനോഹരിയായി ത്തീർന്നു. മഞ്ഞുതുള്ളികൾ മൂർധാവിലണിഞ്ഞ് 'സുമംഗലി' യായിത്തീർന്ന ചെടി യുടെ ചില്ലകളിൽ മുകുളങ്ങൾ, പുളകങ്ങൾപോലെ അങ്കുരിച്ചു. പുലരിത്തുടുപ്പിനെ നോക്കി ആ പൂമൊട്ടുകൾ മന്ദഹസിച്ചപ്പോൾ അവളുടെ മനസ്സ് ആനന്ദ സാഗരത്തി ലാറാടി. കവിതയ്ക്കു നൽകിയിരിക്കുന്ന പേരിന്റെ പ്രത്യേകത കുട്ടികളുടെ ശ്രദ്ധ യിൽപ്പെടുത്താവുന്നതാണ്. പനിനീർച്ചെടി എന്നല്ല എന്റെ പനിനീർച്ചെടി എന്നാണ് കവിതാശീർഷകം. പനിനീർച്ചെടി എന്നാകുമ്പോൾ ഏതോ പനിനീർച്ചെടി എന്നേ അർഥമാകുന്നുള്ളൂ. എന്റെ പനിനീർച്ചെടി എന്ന ശീർഷകം പനിനീർച്ചെടിയോട് കുട്ടിക്കുള്ള അടുപ്പവും സ്നേഹവും വ്യക്തമാക്കുന്നുണ്ട്.

### കവിതാവതരണം

കുട്ടികൾ വ്യക്തിഗതമായി കവിത വായിക്കട്ടെ. കവിതയിലെ ചില പദങ്ങൾ (ജാത മോദം, അനുവാസരം, അനുവേലം തുടങ്ങിയവ) കുട്ടികൾക്ക് അർഥംഗ്രഹിക്കാൻ പ്രയാസമുള്ളവയായി തോന്നാം. ഉച്ചാരണത്തിനും പ്രയാസമനുഭവപ്പെടാം. അതി നാൽത്തന്നെ ശ്രദ്ധാപൂർവം കവിത ചൊല്ലിയവതരിപ്പിക്കണം.

'പാന' ചൊല്ലുന്നതിന്റെ താളത്തിൽ കവിത ചൊല്ലി നോക്കാവുന്നതാണ്.

*രണ്ടുനാലുദിനം കൊണ്ടൊരുത്തനെ*
*തണ്ടിലേറ്റി നടത്തുന്നതും ഭവാൻ*

### പ്രവർത്തന വിശകലനം

കവിതാസ്വാദനത്തിന് തടസ്സം നിൽക്കുന്ന പദങ്ങളുടെ അർഥം അർഥസൂചിക നോക്കി കണ്ടെത്താം.

### കണ്ടെത്താം

കവിതയിലെ ആശയങ്ങൾ കണ്ടെത്താനാവുമോ എന്നറിയുന്നതിനായുള്ള പ്രാഥമിക പരിശോധനയാണ് ഇവിടെ നടക്കുന്നത്. ഇതിനായി രണ്ടു ചോദ്യങ്ങൾ പാഠപുസ്തകത്തിൽ നൽകിയിരിക്കുന്നു. കുട്ടി പനിനീർച്ചെടിയെ എങ്ങനെ പരിപാലിച്ചു എന്ന ഒന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരത്തിൽ

- ഓരോ ദിവസവും സന്തോഷത്തോടെ വെള്ളമൊഴിച്ചു
- മുളകൾ കീടം നശിപ്പിക്കാതെ സംരക്ഷിച്ചു
- കുരുന്നില ഉച്ചവെയിലിൽ വാടാതെ നോക്കി

ഈ കാര്യങ്ങളും ഹേമന്തം വന്നപ്പോൾ പനിനീർച്ചെടിക്കുണ്ടായ മാറ്റം സംബന്ധിച്ച രണ്ടാമത്തെ ചോദ്യത്തിന്

- മഞ്ഞുകാലം വന്നപ്പോൾ ചെടി തളിർത്തു മനോഹരിയായിത്തീർന്നു.
- മഞ്ഞുതുള്ളിയാകുന്ന മുത്തണിഞ്ഞ് 'സുമംഗലി'യായിത്തീർന്നു.
- ഓരോ ചില്ലയിലും മുകുളങ്ങൾ ഉണ്ടായി.

എന്നീ ആശയങ്ങളും ഉത്തരത്തിൽ ഉണ്ടാവണം.

> ഭർത്താവുള്ളവൾ, ദീർഘമാംഗല്യത്തോടുകൂടിയവൾ എന്നിങ്ങനെയാണ് സുമംഗലി എന്ന പദത്തിന്റെ അർഥം. സുമംഗലിമാർ നെറ്റിയിൽ സിന്ദൂരം ചാർത്താറുണ്ടല്ലോ. പൂവിതളുകളിൽ മഞ്ഞുത്തുള്ളിയണിഞ്ഞ ചെടിയെ കവയിത്രി സുമംഗലി എന്ന് വിളിക്കുന്നത് ഇതോർത്താവാം. ഈ ആശയം സന്ദർഭാനുസരണം കുട്ടികളിൽ എത്തണം.

### ചൊല്ലി രസിക്കാം

കവിതയിലെ ആശയങ്ങൾ കണ്ടെത്തിയതിനുശേഷം ആസ്വാദനതലത്തിലേക്ക് കടക്കുന്നതിന്റെ ഭാഗമായി കവിത വീണ്ടും ഒറ്റയ്ക്കും കൂട്ടമായും ചൊല്ലാം. കവിത ചൊല്ലുമ്പോൾ അർഥം, ഭാവം എന്നിവ നഷ്ടപ്പെടാതെ വ്യത്യസ്തമായ ഈണങ്ങൾ പരീക്ഷിച്ചു നോക്കാം. നന്നായി ചൊല്ലുന്ന കുട്ടികൾക്ക് പൊതു അവതരണത്തിന് അവസരം നൽകണം. ഓരോ ബെഞ്ചായോ ഗ്രൂപ്പായോ ചൊല്ലാം. ക്ലാസിന് ഒന്നിച്ചു ചൊല്ലാം. ടീച്ചർക്ക് ഒപ്പവും ചൊല്ലാം.

കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു എന്ന പഠനനേട്ടം ഈ പ്രവർത്തനത്തിലൂടെ കൈവരിക്കാൻ കഴിയും. ഓരോ സംഘത്തിനും കവിത ചൊല്ലുമ്പോൾ

പരസ്പരം വിലയിരുത്താവുന്നതാണ്. സംഘങ്ങൾ ഒന്നിച്ച് ചൊല്ലുമ്പോൾ ടീച്ചർക്ക് വിലയിരുത്താം.

കുട്ടികൾക്ക് പരസ്പരം വിലയിരുത്താനും ടീച്ചർക്ക് കുട്ടികളെ വിലയിരുത്താനും ഒരേ ടൂൾതന്നെ ഉപയോഗിക്കാം. കുട്ടികൾ പരസ്പരം വിലയിരുത്തുമ്പോൾ ടൂളുകൾ ടീച്ചർക്ക് വിശദീകരിച്ചുകൊടുക്കണം

### വിലയിരുത്തൽ സൂചകങ്ങൾ

- ഭാവം ഉൾക്കൊണ്ട് ചൊല്ലുന്നു.
- ഉചിതമായ താളത്തിൽ ചൊല്ലുന്നു.
- അർഥഭംഗമില്ലാതെ ചൊല്ലുന്നു.
- അക്ഷരസ്ഫുടതയോടെ ചൊല്ലുന്നു.

### ആശയം വരുന്ന വരികൾ കണ്ടെത്താം

ആസ്വാദനതലത്തിലേക്കു പ്രവേശിക്കുന്ന പ്രവർത്തനത്തിന്റെ അടുത്ത ഘട്ടമാണ് ഇവിടെ നടക്കേണ്ടത്. കുട്ടി പനിനീർച്ചെടിക്കു വെള്ളമൊഴിച്ചു എന്ന ആദ്യ സൂചനയ്ക്കുത്തരമായി

*ശീതളജലധാര പകർന്നു ഞാൻ*

എന്ന വരി എഴുതിക്കാൻ ശ്രദ്ധിക്കുമല്ലോ.

കുട്ടിയുടെ മനസ്സിൽ സന്തോഷം ഉണ്ടായി എന്ന രണ്ടാമത്തെ സൂചനയ്ക്കുത്തരമായി

*ആർത്തിരമ്പുകയാണനുവേലമെ-*
*ന്നന്തരംഗത്തിലാനന്ദ സാഗരം*

എന്ന വരികളാണല്ലോ എഴുതേണ്ടത്.

*'നോക്കി നോക്കി മനം കുളിർപ്പിക്കുവാൻ'*

എന്ന വരി മാത്രമായാൽ ആശയം പൂർണ്ണമാകുന്നില്ല. എങ്കിലും ആ വരിയും കവിതയിലെ കുട്ടിയുടെ മനസ്സിലുള്ള സന്തോഷം വ്യക്തമാക്കുന്നതാണ് എന്ന് കുട്ടിയുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

### കണ്ടെത്താം എഴുതാം

സമാനാർഥമുള്ള പദങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം കുട്ടിയുടെ പദസമ്പത്ത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചാണ് നൽകിയിരിക്കുന്നത്.

സന്തോഷം എന്ന വാക്കിനു പകരം മോദം, ആനന്ദം എന്നീ വാക്കുകൾ കവിതയിൽനിന്നുതന്നെ കണ്ടെത്താം. സന്തോഷിപ്പിക്കൽ എന്ന അർഥത്തിൽ മനം കുളിർപ്പിക്കുക എന്ന പ്രയോഗവും കാണാം. മറ്റുള്ളവ പാഠപുസ്തകത്തിനു പിന്നിൽ

നൽകിയിരിക്കുന്ന സമാനാർഥ സൂചിക നോക്കി കണ്ടെത്തട്ടെ. അവ പാഠപുസ്തകത്തിൽ നിർദേശിക്കപ്പെട്ട സ്ഥലത്ത് എഴുതിയതിനുശേഷം നോട്ടുപുസ്തകത്തിൽ പകർത്തിയെഴുതാം.

### പറയാം എഴുതാം

### ഋതുക്കൾ

ഭാരതീയ സങ്കല്പമനുസരിച്ച് ആറ് ഋതുക്കളാണുള്ളത്. വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം എന്നിവയാണവ. പാശ്ചാത്യ രീതിയനുസരിച്ച് വസന്തം, ഗ്രീഷ്മം, ഹേമന്തം, ശിശിരം എന്നിങ്ങനെ നാലു ഋതുക്കളാണുള്ളത്. ഋതുക്കളെക്കുറിച്ചുള്ള സാമാന്യമായ അറിവ് നൽകുന്ന പ്രവർത്തനമാണ് ഇവിടെ നടക്കേണ്ടത്. ഋതുക്കളെ മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിങ്ങനെ തരംതിരിക്കുകയാണ് വേണ്ടത്. ഓരോ കാലത്തെക്കുറിച്ചുമുള്ള കുറിപ്പുകളാണ് ക്ലാസിലെ ചർച്ചയ്ക്കുശേഷം എഴുതേണ്ടത്.

| ഋതു | ചാന്ദ്രമാസം |
|---|---|
| വസന്തം | ചൈത്രം<br>വൈശാഖം |
| ഗ്രീഷ്മം | ജ്യേഷ്ഠം<br>ആഷാഢം |
| വർഷം | ശ്രാവണം<br>ഭാദ്രം |
| ശരത് | ആശ്വിനം<br>കാർത്തികം |
| ഹേമന്തം | അഗ്രഹായനം<br>പൗഷം |
| ശിശിരം | മാഘം<br>ഫാൽഗുനം |

കവിസങ്കല്പമനുസരിച്ചുള്ള ഈ ഋതുവിഭജനം കാലാവസ്ഥാ ശാസ്ത്രജ്ഞന്മാർ പൂർണമായും അംഗീകരിക്കുന്നില്ല. ഹേമന്തം, ശിശിരം എന്നിവയെ കൃത്യമായി വിഭജിക്കാൻ കഴിയുന്നില്ല എന്നാണ് അവർ അഭിപ്രായപ്പെടുന്നത്. കേരളത്തിൽ ഈ തരത്തിലുള്ള കാലാവസ്ഥാ വിഭജനം പ്രായോഗികമല്ല. കുംഭം, മീനം, മേടം, ഇടവത്തിന്റെ പകുതി എന്നിവ നമുക്ക് ഗ്രീഷ്മ(വേനൽക്കാല)മാണ് മിഥുനവും കർക്കിടകവും നമുക്ക് വർഷകാലമാണ്. വൃശ്ചികം, ധനു, മകരം എന്നിവ നമുക്ക് ഹേമന്തമാണ്.

ജൂൺ മുതൽ നവംബർ വരെ കേരളത്തിൽ മഴക്കാലമാണ് (കാലവർഷവും തുലാവർഷവും). ഡിസംബർ മുതൽ ഫെബ്രുവരി വരെ നമുക്ക് മഞ്ഞുകാലമാണ്. മാർച്ച് മുതൽ മെയ്‌വരെ കേരളത്തിൽ വേനൽക്കാലമാണ്. (വസന്തവും ഈ കാലയളവിൽത്തന്നെ കേരളത്തിൽ കടന്നു വരുന്നു.) ഇങ്ങനെ കേരളത്തിൽ മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിങ്ങനെ മൂന്നു ഋതുക്കളാണുള്ളത് എന്ന് സാമാന്യമായിപ്പറയാം. ഏപ്രിൽ മെയ് മാസങ്ങളിൽ വസന്തം കടന്നുവരുമ്പോൾ കേരളത്തിൽ വൃക്ഷങ്ങൾ പൂക്കുകയും തളിർക്കുകയും ചെയ്യും. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ (ഓണക്കാലത്ത്) വീണ്ടും ചെടികൾ പൂക്കുന്നു. ഇത് കേരളത്തിന്റെ ഉപവസന്തമാണെന്ന അഭിപ്രായം പ്രബലമാണ്.

അവലംബം : കേരളത്തിന്റെ കാലാവസ്ഥ - പി.എ. മേനോൻ, ഡോ.സി.കെ. രാജൻ

വേനലും മഞ്ഞും മഴയുമായി - ഡോ. വിജയൻ ചാലോട്

ചർച്ച ക്രോഡീകരിക്കുമ്പോൾ ടീച്ചർ

കാലം - അനുഭവപ്പെടുന്ന മാസങ്ങൾ, പ്രത്യേകതകൾ, നേരിടാനുള്ള തയാറെടുപ്പുകൾ തുടങ്ങിയവ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.

(ഉദാ. മഴക്കാലം - ജൂൺ, ജൂലൈ................ കുട ഉപയോഗിക്കുന്നു തുടങ്ങിയവ)

## എഴുതാം

കുട്ടിയുടെ മനസ്സിൽ ആനന്ദം ആർത്തിരമ്പിയതിന്റെ കാരണങ്ങൾ അന്വേഷിക്കുന്നത് കവിതാസ്വാദനപ്രക്രിയയുടെ മറ്റൊരു ഘട്ടമാണ്.

ചോദ്യം ക്ലാസിൽ ഉറക്കെ വായിച്ചശേഷം ഉത്തരങ്ങൾ ഒരു ചർച്ചയിലൂടെ രൂപപ്പെടുത്തിയെടുക്കാം. ചർച്ചയിൽ ഉയർന്നുവരുന്ന സൂചകങ്ങൾ ബി.ബി.യിൽ അതതു സമയത്തു തന്നെ രേഖപ്പെടുത്താം. ചർച്ച അവസാനിച്ചശേഷം ഉത്തരസൂചനകൾ ഉപയോഗിച്ച് ഉത്തരങ്ങൾ പൂർത്തിയാക്കുന്നവിധം, ഉത്തരത്തിന്റെ ആദ്യഭാഗം പറഞ്ഞുകൊണ്ട് ഉത്തരത്തിന്റെ അവസാനഭാഗം പൂർത്തിയാക്കാൻ അവസരമൊരുക്കാം.

കുട്ടി പനിനീർച്ചെടിയെ ഏതെല്ലാം വിധത്തിൽ സ്നേഹിച്ചു എന്ന് ഇഴപിരിച്ച് വ്യക്തമാക്കിക്കൊണ്ടാണ് ചർച്ച മുന്നോട്ടു പോകേണ്ടത്.

കുട്ടി പനിനീർച്ചെടിക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്തുകൊടുത്തു?

- വെള്ളമൊഴിച്ചു.
- കീടങ്ങളിൽനിന്നും ഉച്ചവെയിലിൽനിന്നും സംരക്ഷിച്ചു.

എന്തുകൊണ്ടാണ് ഇങ്ങനെയെല്ലാം ചെയ്തത്?

- പനിനീർച്ചെടിയോട് സ്നേഹമുള്ളതുകൊണ്ട്.

  കുട്ടിയുടെ ആഗ്രഹമെന്തായിരുന്നു?

- പനിനീർച്ചെടി മൊട്ടിട്ടു കാണുക.

  എപ്പോഴാണ് മൊട്ടിട്ടുകണ്ടത്?

- മഞ്ഞുകാലത്ത്

  മഞ്ഞുകാലത്ത് പനിനീർച്ചെടിയിലുണ്ടായ പൂമൊട്ടുകൾ എങ്ങനെയാണ് സന്തോഷം പ്രകടിപ്പിച്ചത്

- പുലരിയെ നോക്കി ചിരിച്ചുകൊണ്ട്

  അതു കണ്ടപ്പോൾ കുട്ടിയിൽ ഉണ്ടായ സന്തോഷം കവിതയിൽ ചിത്രീകരിക്കുന്നതെങ്ങനെ

- ആനന്ദസാഗരം ആർത്തിരമ്പി

താൻ വളരെ കൂടുതൽ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്ത പനിനീർച്ചെടിയിലെ മൊട്ടുകൾ മഞ്ഞുകാലത്ത് പുലരിയെ നോക്കി ചിരിച്ചത് കണ്ടതുകൊണ്ടാണ് കുട്ടിയുടെ മനസ്സിൽ ആനന്ദസാഗരം ആർത്തിരമ്പിയത്. (പുലരിത്തുടിപ്പിൽ തിളങ്ങുന്ന പൂമൊട്ടുകൾ പുലരിയെ നോക്കി പുഞ്ചിരിക്കുന്നതായി സങ്കല്പിച്ചിരിക്കുന്നു.)

## പദം പിരിച്ചെഴുതാം

നൽകിയിരിക്കുന്ന നാലു പദങ്ങളിലും ഒരുപോലെ സംവൃതോകാരം നഷ്ടപ്പെടുന്നത് ശ്രദ്ധിക്കുമല്ലോ.

| | | |
|---|---|---|
| നാമ്പ് + ഉണരുന്നത് | - | നാമ്പുണരുന്നത് |
| ആർത്ത് + ഇരമ്പുക | - | ആർത്തിരമ്പുക |
| കുരുന്ന് + ഇല | - | കുരുന്നില |
| മഞ്ഞ് + കാലം | - | മഞ്ഞുകാലം |

ഇങ്ങനെ പദങ്ങൾ കൂടിച്ചേരുമ്പോൾ സംവൃതോകാരം ( ് ) നഷ്ടപ്പെടുന്നതാണ് ലോപസന്ധിയുടെ സ്വഭാവം. കുട്ടികൾക്ക് ഈ സാങ്കേതികജ്ഞാനം പകർന്നുകൊടുക്കേണ്ടതില്ല. പദങ്ങൾ പിരിച്ചെഴുതുമ്പൊഴും കൂടിച്ചേരുമ്പൊഴുമുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെടുത്തിയാൽ മതി.

## പൂരിപ്പിക്കാം

വാക്കുകൾ ആവർത്തിച്ചുപയോഗിച്ചുകൊണ്ട് അർഥത്തെ ശക്തിപ്പെടുത്തുന്ന പ്രത്യേകശൈലിയാണിവിടെ പരിചയപ്പെടുത്തുന്നത്. കുട്ടികളുടെ ഭാഷാപ്രയോഗശേഷി വർധിപ്പിക്കുകയാണ് ഉദ്ദേശ്യം.

കേട്ടുകേട്ടു മനഃപാഠമായി
നടന്നു നടന്നു തളർന്നു.
നിന്നു നിന്നു കാൽ കുഴഞ്ഞു.

കേട്ടു കേട്ടു മടുത്തു
കണ്ടു കണ്ടു മടുത്തു
നിന്നു നിന്നു മടുത്തു

എന്നിങ്ങനെ ഒരേ ക്രിയയുടെ മുമ്പിൽ ആവർത്തിച്ചുപയോഗിക്കുന്ന വ്യത്യസ്തമായ പദപ്രയോഗങ്ങൾ ചേർക്കാവുന്നതാണ്. അതുപോലെ

നിന്നു നിന്നു മടുത്തു
നിന്നു നിന്നു തളർന്നു
നിന്നു നിന്നു കാൽ കുഴഞ്ഞു

എന്നിങ്ങനെ ആവർത്തുച്ചുപയോഗിക്കുന്ന പദത്തിനു പിന്നിൽ വ്യത്യസ്തമായ ക്രിയകളും ചേർക്കാവുന്നതാണ്.

ഇത്തരത്തിലുള്ള നിരവധി പ്രയോഗങ്ങൾ നിലവിലുണ്ട്. നമ്മുടെ ചില ഗാനങ്ങളിലും കവിതകളിലും ഇത്തരം  പ്രയോഗങ്ങൾ കാണാം.

കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ

കേട്ടുകേട്ടു നീയുറങ്ങെൻ-
കരളിന്റെ കാതലേ...............

തേടിത്തേടി ഞാൻ അലഞ്ഞു
പാടിപ്പാടി ഞാൻ തളർന്നു.

**പ്രയോഗഭംഗി വിശദമാക്കാം**

കവിതാസ്വാദനവുമായി ബന്ധപ്പെട്ട മറ്റൊരു പ്രവർത്തനമാണിത്. ഇതിൽ കവിതയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രയോഗത്തിലേക്ക് കുട്ടിയുടെ ശ്രദ്ധ കൊണ്ടുവരികയാണ് ചെയ്യേണ്ടത്.

'കാവൽമാലാഖ'  എന്ന സമസ്തപദം വിഗ്രഹിച്ച് 'കാവൽ' എന്നും 'മാലാഖ' എന്നും രണ്ടു പദമാക്കി മാറ്റി ഈ അവസരത്തിൽ വിശകലനം ചെയ്യാം.

- മറ്റു കുട്ടികൾ പുറത്തു പോയപ്പോൾ ക്ലാസ് ലീഡർ പുസ്തകങ്ങൾക്കു കാവൽ നിന്നു.

എന്തിനാണ് കാവൽ നിൽക്കുന്നത്?

- നഷ്ടപ്പെട്ടുപോകാതിരിക്കാൻ

  എങ്ങനെയാണ് കുട്ടി പനിനീർച്ചെടിക്കു കാവൽ നിന്നത്?

- വെള്ളമൊഴിച്ചു കൊടുത്തും കീടങ്ങളിൽ നിന്നും ഉച്ചവെയിലിൽ നിന്നും സംരക്ഷിച്ചുകൊണ്ടും.

  എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്തത്?

- ചെടിയോടുള്ള സ്നേഹക്കൂടുതൽ കാരണം.

  കുട്ടി സ്വയം ആരാണെന്നാണ് കരുതുന്നത്?

- കാവൽമാലാഖ

  ആരാണ് മാലാഖ?

- നന്മയുടെ പ്രതിരൂപം

  ചെടിയോടുള്ള സ്നേഹം കാരണമായി അതിനെ സംരക്ഷിച്ച കുട്ടി ചെടിക്ക് കാവൽ മാലാഖയായിത്തീർന്നു. 'കാവൽ' എന്ന പദത്തിലെ 'സംരക്ഷണം', 'മാലാഖ'യിലെ 'നന്മ' എന്നീ ആശയങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. കാവൽ മാലാഖ എന്ന പദത്തിലെ ദൈവിക വിശുദ്ധി കൂടി ടീച്ചറുടെ ഓർമ്മയിലുണ്ടാവണം - (ഓരോ വ്യക്തിക്കും അവരെ സംരക്ഷിക്കുന്ന കാവൽ മാലാഖമാരുണ്ട് എന്നാണ് ക്രിസ്തീയ വിശ്വാസം)

## വിവരണം തയാറാക്കാം

കുട്ടി ചെടി നട്ടുവളർത്തിയതിനെക്കുറിച്ചാണല്ലോ കവിതയിൽ പറയുന്നത്. 'വീട്ടുമുറ്റത്തിന് അലങ്കാരമായ ചെമ്പനീർച്ചെടി ' എന്നാണ് കവിതയിലെ വർണന.

നിങ്ങളുടെ വീട്ടുമുറ്റത്തും ചെടികളില്ലേ?

ഏതെല്ലാം? പട്ടികപ്പെടുത്താം

ഒരു ചെടിയെക്കുറിച്ചോ ഒന്നിലധികം ചെടികളെക്കുറിച്ചോ വിവരണം തയാറാക്കാം. ചെടികളുടെ പേരും ഭംഗിയും മാത്രമല്ല ചെടികളെ താൻ എങ്ങനെ പരിപാലിക്കുന്നു എന്നതും വിവരണത്തിൽ ഉൾപ്പെടുത്താൻ നിർദേശിക്കാമല്ലോ

## നിറം കൊടുക്കാം

ഭാഷാപഠനപ്രവർത്തനത്തോട് കലാപഠനം സമന്വയിക്കുന്ന പ്രവർത്തനമാണിത്.

ആദ്യം ചിത്രം നിരീക്ഷിക്കാം.

ഇലയും തണ്ടും നോക്കി ചെടി ഏതാണെന്ന് തിരിച്ചറിയാൻ നിർദേശിക്കാം.

ആദ്യത്തേത് ചെമ്പരത്തിയും രണ്ടാമത്തേത് പനിനീർച്ചെടിയുമാണെന്നു തിരിച്ചറിയാൻ കുട്ടികൾക്കു കഴിയുമല്ലോ. ഓരോ കുട്ടിയും കഴിയുന്ന രീതിയിൽ നിർദേശിക്കപ്പെട്ട സ്ഥലത്ത് പൂക്കൾ വരച്ചു ചേർക്കട്ടെ.

ഇലയ്ക്കും തണ്ടിനും പൂവിനും നിറം കൊടുക്കട്ടെ.

യുക്തംപോലെ നോട്ടുപുസ്തകത്തിൽ വരച്ച് നിറം കൊടുക്കാനും ടീച്ചർക്ക് നിർദേശിക്കാം. നിറം നൽകിയതിനുശേഷം അതിനെക്കുറിച്ചുള്ള സർഗാത്മകരചനകളിലേക്ക് നയിക്കാം.

## ഞാവൽക്കാട്

യൂണിറ്റിലെ രണ്ടാമത്തെ രചനയായ ഞാവൽക്കാട് പിണ്ടാണി എൻ.ബി.പിള്ളയുടെ 'കാടുണരുന്നു' എന്ന സമാഹാരത്തിൽ ഉൾപ്പെട്ട കഥയാണ്.

### പാഠാപഗ്രഥനം

വടക്കൻമലയിലെ പടുകൂറ്റൻ ഞാവൽമരം പക്ഷികളുടെ താവളമാണ്. മനുഷ്യർ അവിടെ കാലുകുത്താറില്ല. ഗരുഡമ്മാവനാണ് പക്ഷികളുടെ നേതാവ്. ഞാവൽക്കാട് പക്ഷികളുടെ സ്വർഗമാണ്. ഒരു രാത്രി ഏതാനും നാട്ടുമനുഷ്യർ ഞാവൽക്കാടിനു തീവച്ചു. ഉണ്ടക്കണ്ണൻ മൂങ്ങയും കൂട്ടരുമാണ് കാട്ടിൽ തീയാളുന്ന കാഴ്ച ആദ്യം കണ്ടത്. പക്ഷികൾ പരിഭ്രാന്തരായി. ഗരുഡമ്മാവൻ പക്ഷികളെ സമാധാനിപ്പിച്ചു. ചില പക്ഷികൾ കാടുവിട്ടുപോകാൻ തീരുമാനിച്ചു. കാക്കകൾ താവളം വെടിഞ്ഞു പോയി. മൂങ്ങകളിൽ ചെറുപ്പക്കാരായ ചിലരും താവളം വിടാനൊരുങ്ങി. അർധരാത്രിയിൽ പെട്ടെന്ന് മഴ പെയ്തു. കോരിച്ചൊരിഞ്ഞ മഴ കാട്ടിലെ തീ കെടുത്തി. പക്ഷികൾ ആഹ്ലാദിച്ചു.

മനുഷ്യരുടെ അതിക്രമങ്ങൾ ഞാവൽക്കാട് എന്ന കഥ പങ്കുവയ്ക്കുകയാണ്. ജീവജാലങ്ങൾക്കെല്ലാം ഭൂമിയിൽ അവകാശമുണ്ടെന്നും മനുഷ്യൻ കാടിനെ ആക്രമിക്കുമ്പോൾ സ്വന്തം നിലനിൽപ്പുതന്നെയാണ് അപകടത്തിലാക്കുന്നതെന്നും ഇവിടെ സൂചിപ്പിക്കണം. അപകടത്തിലാകുമ്പോൾ മറ്റുള്ളവരെക്കുറിച്ചാലോചിക്കാതെ സ്വയം രക്ഷപ്പെടാൻ ശ്രമിക്കുന്നവരുടെ മനോഭാവം ചർച്ച ചെയ്യണം. ഈ പ്രവണതയ്ക്കെതിരായ മനോഭാവം കുട്ടികളിൽ രൂപപ്പെടുത്താൻ ഇതിലൂടെ കഴിയേണ്ടതുണ്ട്.

സാമാന്യം ദീർഘമായ കഥയായതിനാൽ കഥാവായന പൂർത്തിയാക്കാൻ സമയം കൂടുതൽ ചെലവഴിക്കേണ്ടി വരും. കഥ കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ. പൊതുവായി വായിക്കാൻ അവസരം നൽകുകയും ചെയ്യാം. കഥാവായനയുടെ ഭാവാത്മകത വിലയിരുത്തുവാൻ താഴെ ചേർത്ത സൂചകങ്ങൾ ഉപയോഗിക്കാവുന്നതാണ്.

- വേണ്ടിടത്ത് നിർത്തിയും ഊന്നൽ കൊടുത്തും വായിക്കുക.
- സന്ദർഭാനുസരണം വേഗം കൂട്ടിയും കുറച്ചും വായിക്കുക.
- ശബ്ദം ക്രമീകരിച്ച് വായിക്കുക.
- സംഭാഷണങ്ങൾ കഥാപാത്രങ്ങളുടെ ഭാവം ഉൾക്കൊണ്ട് അവതരിപ്പിക്കുക.

ഇങ്ങനെ കഥ വായിക്കാനും വായിച്ചുകേൾക്കാനും കഴിഞ്ഞാൽ കഥാവായന ക്ലാസിൽ ഒരു സർഗപ്രക്രിയയായി മാറും; ആശയവിശദീകരണങ്ങളൊന്നുമില്ലാതെ കഥാസ്വാദനം വലിയ അളവുവരെ നടക്കും.

കഥ വായിക്കുന്നതോടൊപ്പം പാഠഭാഗത്ത് ചേർത്തിട്ടുള്ള വർണചിത്രങ്ങളിലേക്കു കൂടി കുട്ടിയുടെ ശ്രദ്ധ കൊണ്ടുവരണം. അതുവഴി കഥാസ്വാദനം രസകരമായ ഒരനുഭവമാക്കി മാറ്റാൻ കഴിയും.

ഇങ്ങനെ ചിത്രങ്ങൾ നിരീക്ഷിച്ചുകൊണ്ട് ഒന്നിലധികം തവണ കഥ വായിച്ചതിനു ശേഷം കുട്ടികൾ കഥാപാത്രങ്ങളുടെ പേര് നോട്ടു പുസ്തകത്തിലെഴുതട്ടെ.

- ഞാവൽമരം
- ഗരുഡമ്മാവൻ
- ഉണ്ടക്കണ്ണൻ മൂങ്ങ

ഈ പേരുകൾ ആദ്യം പുസ്തകം നോക്കിയും പിന്നീട് നോക്കാതെയും എഴുതാൻ നിർദേശിക്കാം.

തുടർന്ന് ബി.ബി.യിൽ ഈ പേരുകൾ എഴുതിയശേഷം ഓരോന്നിനുമുള്ള വിശേഷണങ്ങളും എഴുതിച്ചേർക്കാം.

| | | |
|---|---|---|
| ഞാവൽമരം | – | പക്ഷികളുടെ താവളം |
| ഗരുഡമ്മാവൻ | – | പക്ഷികളുടെ സംരക്ഷകൻ |
| ഉണ്ടക്കണ്ണൻ | – | മൂങ്ങകളുടെ നേതാവ്. |

പാഠപുസ്തകത്തിൽ കൊടുത്ത പ്രവർത്തനങ്ങളിലേക്കു കടക്കുന്നതിനുമുമ്പ് അപരിചിതപദങ്ങളുടെ അർഥം അർഥസൂചിക നോക്കി കണ്ടെത്താനും അവ നോട്ടു പുസ്തകത്തിൽ എഴുതാനും നിർദേശിക്കാം.

## പ്രവർത്തന വിശകലനം

### പറയാം എഴുതാം

കഥയുടെ പ്രാഥമികമായ ആശയഗ്രഹണവുമായി ബന്ധപ്പെട്ട രണ്ടു ചോദ്യങ്ങളാണ് നൽകിയിരിക്കുന്നത്. ഞാവൽക്കാട് പക്ഷികൾക്ക് സ്വർഗമായി അനുഭവപ്പെട്ടതിന്റെ

കാരണം വ്യക്തമാക്കാനുള്ള ഒന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരം കഥയിൽ നിന്നു തന്നെ കണ്ടെത്താം.

- പക്ഷികളുടെ താവളമായ ഞാവൽക്കാട്ടിൽ മനുഷ്യരുടെയോ മൃഗങ്ങളുടെയോ ശല്യമുണ്ടാകാറില്ല.
- സന്ധ്യയായാൽ പരിസരം സംഗീതംകൊണ്ടു നിറയും
- ഞാവൽക്കായ് പഴുത്താൽ രാവും പകലും തീറ്റയാണ്.

ഈ ആശയങ്ങൾ ഉത്തരത്തിൽ ഉൾപ്പെട്ടുവെന്ന് അധ്യാപികയ്ക്ക് ഉറപ്പു വരുത്താം.

ഞാവൽക്കാട്ടിൽ തീ പടർന്നാൽ മറ്റേതെല്ലാം ജീവികൾക്കു പ്രയാസമുണ്ടാകും എന്ന രണ്ടാമത്തെ ചോദ്യം കാടിനെക്കുറിച്ച് കുട്ടിയുടെ അറിവ് പരിശോധിക്കുന്നതിനും കാട്ടിലെ അന്തരീക്ഷം അവലോകനം ചെയ്തും ഊഹിച്ചും ഉത്തരം പറയാൻ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടിയാണ്. തീ പടർന്നാൽ കാട്ടിലെ ഏതു മൃഗത്തിനും പ്രയാസമുണ്ടാകുമല്ലോ. കാട്ടിൽ ഏതൊക്കെ മൃഗങ്ങളാണ് താമസിക്കുന്നത് എന്ന് വ്യംഗ്യമായി ചോദിക്കുകയാണിവിടെ. കാട് ഒരു ജീവലോകമാണ് എന്ന ധാരണ ഉറപ്പിക്കാൻ ഈ ചോദ്യത്തിന്റെ ഉത്തരത്തിനുള്ള അന്വേഷണം സഹായിക്കും. കാട്ടിൽ താമസിക്കുന്ന ഏതു മൃഗത്തിന്റെയും പേര് അവർ ഉത്തരമായി പറയട്ടെ.

**കണ്ടെത്താം**

കുട്ടികളുടെ പദസമ്പത്ത് വർധിപ്പിക്കാനുള്ള ഈ പ്രവർത്തനനത്തോടൊപ്പം യുക്തം പോലെ ചില അധികപ്രവർത്തനങ്ങളും ടീച്ചർക്ക് സ്വീകരിക്കാവുന്നതാണ്.

പാഠപുസ്തകത്തിലെ കാട്ടുതീ, കാട്ടുമനുഷ്യൻ എന്നീ രണ്ടു വാക്കുകളും പറയിച്ച ശേഷം കുട്ടികളുടെ പദാവലിയിൽ അത്തരത്തിലുള്ള മറ്റു പദങ്ങളുണ്ടോ എന്നറിയുന്നതിനായി കൂടുതൽ പദങ്ങൾ പറയിക്കുകയും എഴുതിക്കുകയും ചെയ്യാം.

കാട്ടുചോല, കാട്ടുപക്ഷി, കാട്ടരുവി, കാട്ടുപൂവ്, കാട്ടുതേൻ ഇങ്ങനെ നിരവധി പദങ്ങൾ കിട്ടുമല്ലോ. ഇതോടൊപ്പം 'നാടു'മായി ചേർന്നു നിൽക്കുന്ന പദങ്ങളും പറയിക്കുകയും എഴുതിക്കുകയും ചെയ്യാം. ഉദാ: നാട്ടുഭക്ഷണം, നാട്ടുവഴി, നാട്ടുനടപ്പ്

## ഉചിതമായി പൂരിപ്പിക്കാം

സ്വന്തമായി അർഥമുള്ള പദങ്ങളെക്കൂടാതെ ശബ്ദംകൊണ്ട് അർഥം ധ്വനിപ്പിക്കുന്ന പദങ്ങളും നമ്മുടെ ഭാഷയിലുണ്ട്. ഒറ്റയ്ക്ക് എടുത്താൽ അവ അർഥബോധം ഉണ്ടാക്കുന്നില്ലെങ്കിലും വാക്യസന്ദർഭങ്ങളിൽ അർഥപൂർണമായിത്തീരുന്നു. ഇത്തരത്തിലുള്ള ധാരാളം പദങ്ങൾ ദൈനംദിന വ്യവഹാരത്തിൽ നാം ഉപയോഗിക്കാറുണ്ട്.

കഥയിൽ ഉപയോഗിച്ചിട്ടുള്ള അത്തരത്തിലൊരു പദമാണ് കലപില. അതുപോലെ മൂന്നു വാക്യങ്ങൾ പൂരിപ്പിക്കാനായി വലയത്തിൽ നിന്ന് പദങ്ങൾ എടുത്തു ചേർക്കുന്ന പ്രവർത്തനമാണ് നൽകിയിട്ടുള്ളത്.

നേരം പരപരാ വെളുത്തു

വാഹനങ്ങളുടെ കടകട ശബ്ദം

മഴ ചറപറ പെയ്തു

ഇങ്ങനെ പൂരിപ്പിക്കുമ്പോൾ ശബ്ദംകൊണ്ട് ധ്വനിക്കുന്ന അർഥം ശ്രദ്ധയിൽ കൊണ്ടുവരാമല്ലോ.

കൂടുതൽ ഉദാഹരണങ്ങൾ

കിടുകിടെ വിറച്ചു

മണിമണിയായി ഉത്തരം പറഞ്ഞു

കിലുകിലെ ചിരിച്ചു

മട മടാ കുടിച്ചു

കറുമുറെ തിന്നു

അവൾ പിറുപിറുത്തു

അവർ കുശുകുശുത്തു

അവൻ കുടുകുടെ ചിരിച്ചു

അവർ കലപിലാന്ന് ബഹളം വച്ചു.

## നമ്മുടെ കവിതകളിൽ ഇത്തരം പ്രയോഗങ്ങളുണ്ട്

*കുനുകുനെച്ചിന്നും കുറുനിരതന്നിൽ*
*നനുനനെപ്പൊടിഞ്ഞൊരു പൊടിപറ്റി*

***- എഴുത്തച്ഛൻ***

ഇത്തരത്തിലുള്ള കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്താൻ കുട്ടികളോട് നിർദേശിക്കാമല്ലോ.

## അഭിപ്രായം പറയാം

ഇത് ഒരു വാചിക പ്രവർത്തനമാണ്.

കഥ വായിച്ചു കഴിഞ്ഞ കുട്ടിക്ക് സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാൻ അവസരം നൽകണം. നാലാം ക്ലാസ്സിലെ കുട്ടിയിൽ സാമൂഹ്യബോധം ചെറിയ അളവിൽ വികസിച്ചിരിക്കുമല്ലോ. അത് മുൻനിർത്തിയുള്ള പ്രവർത്തനമാണിത്. ടീച്ചറുടെ കൈത്താങ്ങ് നന്നായി ആവശ്യമുള്ള സന്ദർഭം കൂടിയാവാം ഇത്.

- ഒരു കുടുംബത്തിന് ആപത്ത് വന്നുചേർന്നാൽ എങ്ങനെയാണതിനെ നേരിടേണ്ടത്?
  - ഒറ്റയ്ക്കോ കൂട്ടായോ
  - എല്ലാവരും ഒത്തുചേർന്ന് നേരിടണം എന്ന ഉത്തരം കുട്ടികളിൽനിന്ന് വരാവുന്ന രീതിയിൽ ചോദ്യം വിശദീകരിച്ചു കൊടുക്കാം.

ഞാവൽക്കാടിന് തീ പിടിച്ചപ്പോൾ യുവാക്കളായ മൂങ്ങകൾ എന്താണ് ചെയ്യേണ്ടിയിരുന്നത്?

- യുവാക്കൾക്ക് മറ്റുള്ളവരേക്കാൾ ആരോഗ്യമുണ്ട്
- വൃദ്ധർക്കും കുട്ടികൾക്കും തനിയെ രക്ഷപ്പെടാനാകില്ല
- യുവാക്കൾ മറ്റുള്ളവരേക്കൂടി രക്ഷിക്കേണ്ടതായിരുന്നു.
  യുവാക്കളായ മൂങ്ങകൾ എന്താണ് ചെയ്തത്?
- മറ്റുള്ളവരെക്കുറിച്ചാലോചിക്കാതെ സ്വയം രക്ഷപ്പെടാൻ ശ്രമിച്ചു.

ഇത് ശരിയാണോ എന്ന് ചോദിച്ചുകൊണ്ട് അവരിൽ ധാർമികരോഷം ഉയർത്താൻ അവസരമൊരുക്കണം. അവർ സ്വതന്ത്രമായി പ്രതികരിക്കട്ടെ.

ഓരോ ആൾക്കും കടുംബത്തോടും ചുറ്റുപാടുമുള്ള ആളുകളോടും ഉത്തരവാദിത്തമുണ്ട്. കുട്ടികൾക്ക് മുതിർന്നവരോടും മുതിർന്നവർക്ക് കുട്ടികളോടും ഉത്തരവാദിത്തമുണ്ട്. യുവാക്കൾക്ക് മറ്റുള്ളവരെ രക്ഷിക്കാനുള്ള ഉത്തരവാദിത്തമുണ്ട്. കഥയിൽ പറഞ്ഞതുപോലുള്ള പല പ്രവർത്തനങ്ങളും നമ്മുടെ നാട്ടിൽ നടക്കുന്നു. (പത്രവാർത്തകളോ പ്രാദേശികസംഭവങ്ങളോ ചൂണ്ടിക്കാട്ടാം.) അവനവനെപ്പറ്റി മാത്രം ചിന്തിക്കുമ്പോഴല്ല, മറിച്ച് അന്യനെക്കുറിച്ച് കൂടി ചിന്തിക്കുമ്പോഴാണ് നാം നന്മയുള്ള മനുഷ്യരായിത്തീരുന്നത്.

### പോസ്റ്റർ തയാറാക്കാം

പലതരത്തിലുള്ള പോസ്റ്ററുകളുണ്ട്. ഒരു പ്രത്യേക ആശയം പ്രചരിപ്പിക്കാനായി പോസ്റ്ററുകൾ നിർമിക്കാം. അതിൽ ആകർഷകമായ വാക്യങ്ങളാണ് ഉണ്ടാവുക.

അവയ്ക്ക് താഴെ പറയുന്ന പ്രത്യേകതകൾ ഉണ്ടായിരിക്കും.

- താളാത്മകത
- കാവ്യാത്മകത
- കാച്ചിക്കുറുക്കിയ രൂപം
- അർഥവ്യാപ്തി

**പോസ്റ്റർ**

ചിത്രങ്ങളും ലഘുവാക്യങ്ങളും ആകർഷകമായി വിന്യസിച്ച് ഒരു പ്രത്യേക ആശയം പ്രചരിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന പ്രചാരണമാധ്യമമാണ് പോസ്റ്റർ

പ്രതിഷേധവാക്യങ്ങളാകുമ്പോൾ വാക്യങ്ങളിലൂടെ പ്രതിഷേധത്തിന്റെ ശക്തിയും ആവേശവും വെളിപ്പെടണം.

നോട്ടുപുസ്തകത്തിൽ കളങ്ങൾ വരച്ച് ആകർഷകമാക്കി അതിനുള്ളിൽ ഇത്തരം വാക്യങ്ങൾ നിർമിക്കുന്ന രീതിയിൽ ഈ പ്രവർത്തനം ആസൂത്രണം ചെയ്യാം. ബി.ബി. യിൽ എഴുതി പ്രദർശിപ്പിക്കാം.

*കാട് ഞങ്ങളുടെ വീട്*
*കാടിനെ വെറുതെ വിടുക*
*കാട്ടിൽ ജീവിക്കാനനുവദിക്കുക*
*കാട് ചുട്ടെരിച്ചവർ ക്രൂരമനുഷ്യന്മാർ*
*കാടാക്രമിച്ചാൽ നാടാക്രമിക്കും.*
*കാടില്ലെങ്കിൽ നാടില്ല.*

നോട്ടുപുസ്തകത്തിലെഴുതിയ വാക്യങ്ങൾ കുറച്ചുകൂടി ഭംഗിയാക്കി ചാർട്ടുപേപ്പറുകളിലെഴുതുകയും ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്യാം.

## പത്രവാർത്ത തയാറാക്കാം

പത്രവാർത്തയെക്കുറിച്ച് സാമാന്യധാരണ മാത്രമെ നാലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് ഉണ്ടാവുകയുള്ളു. അതുകൊണ്ടുതന്നെ ഈ പ്രവർത്തനം നടത്തുന്നതിനു മുമ്പായി ക്ലാസ്സിൽ പത്രവായന നടക്കണം.

സ്കൂളുമായോ പ്രദേശവുമായോ ബന്ധപ്പെട്ടതോ അവരവർക്കിഷ്ടപ്പെട്ട മേഖലയിലൂള്ളതോ ആയ ചെറുവാർത്തകൾ നോട്ടുപുസ്തകത്തിലെഴുതിക്കൊണ്ടുവന്ന് ക്ലാസ്സിൽ വായിക്കട്ടെ. പത്രം വായിക്കുന്നത് ശീലമാക്കാൻ ഇതിലൂടെ കഴിയും. ശീർഷകങ്ങൾ മാത്രമായി എഴുതി വരാനും നിർദേശിക്കാം. ഇങ്ങനെ പത്രം വായിക്കുന്ന ശീലം ഉണ്ടാക്കിയെടുത്തശേഷമാണ് പത്രവാർത്ത തയാറാക്കുന്ന പ്രവർത്തനം നടക്കേണ്ടത്. കേരളത്തിൽ ഇപ്പോൾ പ്രചാരത്തിലുള്ള പത്രങ്ങളെക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യാം.

വാർത്തയുടെ ശീർഷകം പാഠപുസ്തകത്തിൽത്തന്നെ നൽകിയിരിക്കുന്നു. നോട്ടുപുസ്തകത്തിൽ ആ ശീർഷകം എടുത്തെഴുതാൻ നിർദേശിക്കാം. അതിനു താഴെ തലേ ദിവസം കാട്ടിൽ നടന്ന പ്രധാന സംഭവം എഴുതട്ടെ. തുടർന്ന് അതിന്റെ വിശദാംശങ്ങൾ നൽകാൻ ആവശ്യപ്പെടാം. വാർത്തയിൽ

എന്ത്? - (നടന്ന സംഭവം) എവിടെ? - (സംഭവം നടന്ന സ്ഥലം) എപ്പോൾ? - (സംഭവം നടന്ന സമയം) ആരെല്ലാം? - (സംഭവുമായി ബന്ധപ്പെട്ട ആളുകൾ) എന്തുകൊണ്ട്? - (സംഭവത്തിന്റെ കാരണം) എങ്ങനെ? - (സംഭവം നടന്ന രീതി)

ഇവയെല്ലാം ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുമല്ലോ? ഇതിനായി

മനുഷ്യർ കാടിന് തീവെച്ചു പക്ഷികൾ പരിഭ്രാന്തരായി - സംഭവം
മഴ പെയ്തു തീയണഞ്ഞു

വടക്കൻ മല - സംഭവസ്ഥലം

രാത്രി - സമയം

ഞാവൽമരം കാടിനു തീവച്ച മനുഷ്യർ, ഗരുഡമ്മാവൻ,
ഉണ്ടക്കണ്ണൻ മൂങ്ങ - സംഭവവുമായി ബന്ധപ്പെട്ടവർ

ഈ തരത്തിലുള്ള വിശകലനം നടന്നതിനുശേഷം വാർത്ത എഴുതാൻ തുടങ്ങാം.

## മഴ കോരിച്ചൊരിഞ്ഞപ്പോൾ തീയണഞ്ഞു

വടക്കൻ മല : ഇന്നലെ രാത്രിയിൽ ഏതാനും നാട്ടുമനുഷ്യർ ഞാവൽക്കാട്ടിനു തീ വച്ചെങ്കിലും മഴപെയ്തപ്പോൾ തീയണഞ്ഞു. ഞാവൽ മരത്തിൽ താമസിക്കുന്ന ഉണ്ടക്കണ്ണൻ മൂങ്ങയും കൂട്ടരുമാണ് ആദ്യം കാഴ്ച കണ്ടത്. ഞാവൽമരത്തിലെ പക്ഷികൾ ഇതുകണ്ട് പരിഭ്രാന്തരായി. പക്ഷികളുടെ നേതാവായ ഗരുഡമ്മാവൻ എല്ലാവരെയും സമാധാനിപ്പിച്ചു. കാക്കകളിൽ ചിലർ താവളം വിട്ടുപോയി. ചെറുപ്പക്കാരായ മൂങ്ങകളും സ്ഥലം വിടാൻ ഒരുങ്ങി. പെട്ടെന്ന് കാട്ടിൽ മഴ പെയ്തു. തീയണഞ്ഞപ്പോൾ പക്ഷികൾക്ക് ആശ്വാസമായി. മനുഷ്യർ നിരാശരായി നാട്ടിലേക്കു മടങ്ങി.

## വായിച്ച് ആസ്വദിക്കൂ, കുറിപ്പെഴുതൂ

കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കേണ്ട പ്രവർത്തനത്തിന് നാലാം ക്ലാസിലെ കുട്ടികൾക്ക് ടീച്ചറുടെ സഹായം ആവശ്യമാണ്.

പി. മധുസൂദനന്റെ 'എത്ര കിളിയുടെ പാട്ടറിയാം' എന്ന കവിതയാണ് ആസ്വാദനക്കുറിപ്പ് തയാറാക്കാനായി നൽകിയിരിക്കുന്നത്. കവിതയിലെ പദങ്ങൾ സുപരിചിതങ്ങളായതിനാൽ കുട്ടികൾക്ക് അർഥം മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല.

കവിത ചൊല്ലിക്കേൾക്കാൻ അവസരമുണ്ടാക്കാം. ശേഷം കുട്ടികൾ രണ്ടോ മൂന്നോ ആവൃത്തി വായിക്കട്ടെ.

## ആസ്വാദനക്കുറിപ്പ് തയാറാക്കുമ്പോൾ

- കവിതയുടെ പ്രമേയം

- കവിതയിലെ സൗന്ദര്യാംശങ്ങൾ (പ്രയോഗങ്ങൾ, വർണ്ണനകൾ, അലങ്കാര ബിംബകല്പനകൾ, ഭാവം, ധ്വന്യാത്മകത, ശബ്ദഭംഗി)
- കവിതയിലെ സാമൂഹ്യാംശം

തുടങ്ങിയവ കടന്നുവരേണ്ടതുണ്ട്.

എന്നാൽ നാലാം ക്ലാസ്സിലെ കുട്ടികൾ തയാറാക്കുന്ന ആസ്വാദനക്കുറിപ്പിൽ ഇവയെല്ലാം കടന്നുവരുമെന്ന് പ്രതീക്ഷിക്കുക വയ്യ. കവിതയുടെ പ്രമേയവും ഏതെങ്കിലും തരത്തിലുള്ള വർണനാഭംഗിയും അവരുടെ ആസ്വാദനക്കുറിപ്പിലും കടന്നുവരണം. നൽകിയിരിക്കുന്ന കവിതയിലെ ശബ്ദഭംഗി, കവിതയിലെ ചോദ്യരൂപത്തിന്റെ പ്രത്യേകതകൾ എന്നിവ ഉൾപ്പെടുത്താം.

ചില ചോദ്യങ്ങളിലൂടെ കുട്ടികളെ കവിതയുടെ പ്രമേയത്തിലേക്ക് കൊണ്ടുവരാം.

- ആരെ കുറിച്ചൊക്കെയാണ് കവിതയിൽ പറയുന്നത്?

  കിളി, മരം, പുഴ, പഴം, പൂവ്
- കിളിയെക്കുറിച്ച് എന്തു ചോദ്യമാണ് ചോദിക്കുന്നത്?

  എത്ര കിളിയുടെ പാട്ടറിയാം?
- മരത്തെക്കുറിച്ച്
  പുഴയെക്കുറിച്ച് – എന്തൊക്കെ ചോദ്യങ്ങൾ?
  പഴത്തെക്കുറിച്ച്
  പൂവിനെക്കുറിച്ച്

  നിങ്ങൾ എത്ര കിളികളെ കണ്ടിട്ടുണ്ട്? എത്രയെണ്ണത്തിന്റെ പാട്ട് കേട്ടിട്ടുണ്ട്? നമുക്കു ചുറ്റും കാണാത്ത കിളികളില്ലേ? പുഴകളും പൂക്കളും പഴങ്ങളുമില്ലേ?

  നമുക്കു ചുറ്റും നാം കാണാത്ത പലതുമില്ലേ?
  നമുക്കറിയാത്ത ഒത്തിരി കാര്യങ്ങളില്ലേ?

ഇനി കവിതയെക്കുറിച്ച് എഴുതാമോ?

പ്രകൃതിയോട് നമുക്കുള്ള ബന്ധത്തെയാണ് കവിത വിശകലനം ചെയ്യുന്നത്. പ്രകൃതിയെക്കുറിച്ച് വളരെക്കുറച്ചേ നമുക്കറിയൂ. നാം പ്രകൃതിയിൽനിന്നും അകലുകയാണ്. ഇവ ആസ്വാദനത്തിൽ കടന്നുവരണം. കവിതയ്ക്ക് ഉചിതമായ ശീർഷകവും നൽകാം.

ആസ്വാദനക്കുറിപ്പിന് തൊട്ടു പുറകേ കൊടുത്തിരിക്കുന്ന സ്വയം വിലയിരുത്തൽ പ്രക്രിയ ആസ്വാദനക്കുറിപ്പ് തയാറാക്കിയതിനുശേഷം കുട്ടി സ്വയം ചെയ്യേണ്ടതാണ്. സൂചകങ്ങൾ വിശദീകരിച്ചു കൊടുക്കണം. വിലയിരുത്തൽ പ്രക്രിയ പൂർത്തിയായാൽ പാഠപുസ്തകത്തിലെ പ്രസ്തുത കോളങ്ങളും കുട്ടിയുടെ നോട്ടുപുസ്തകവും പരിശോധിക്കേണ്ടതും തുടർമൂല്യനിർണയത്തിന്റെ ഭാഗമായി പരിഗണിക്കേണ്ടതുമാണ്.

### പച്ചോലകൊണ്ടൊരു പച്ചത്തത്ത

ഭാഷാപഠനപ്രവർത്തനങ്ങൾക്കൊപ്പം കലാപ്രവർത്തനങ്ങളും പ്രവൃത്തിപരിചയവും ഏകോപിപ്പിക്കാൻ വേണ്ടിയുള്ള പ്രവർത്തനമാണിത്. ഓലകൊണ്ട് തത്തയെ ഉണ്ടാക്കിയെടുക്കുമ്പോൾ അവരെ പ്രകൃതിയോട് ബന്ധപ്പെടുത്തുക കൂടിയാണ്.

എട്ടു ഘട്ടങ്ങളാണ് പ്രവർത്തനത്തിനുള്ളത്.

അവ ചിത്രത്തിൽ നിന്നും മനസ്സിലാക്കാമല്ലോ. ചിത്രത്തിൽ കാണാത്ത മറ്റു രീതികളും പരീക്ഷിച്ചു നോക്കാം. ഓലകൊണ്ട് കിളിയെക്കൂടാതെ മറ്റു രൂപങ്ങളും ഉണ്ടാക്കാൻ ശ്രമിക്കാവുന്നതാണ്.

### എഴുതാം അഭിനയിക്കാം

പ്രവർത്തനത്തിലേക്കു കടക്കുന്നതിന്റെ മുന്നോടിയായി ചിത്രം നിരീക്ഷിക്കട്ടെ. ചിത്രത്തിൽ കാണിച്ച മൃഗങ്ങൾ മാത്രമല്ല കാട്ടിലുള്ളതെന്ന് ബോധ്യപ്പെടുത്തണം. പ്രതിഷേധയോഗത്തിൽ അഭിപ്രായം പറഞ്ഞ പക്ഷികളുടെയും മൃഗങ്ങളുടെയും പേരെഴുതി അതിനുനേരെ അവർ പറഞ്ഞിരിക്കാവുന്ന അഭിപ്രായങ്ങൾ ഊഹിച്ച് എഴുതാൻ നിർദേശിക്കാം.

### എഴുതിയവ വായിക്കുക

വ്യത്യസ്ത മൃഗങ്ങളുടെ പേരെഴുതിയ കുട്ടികളെ ഉപയോഗിച്ച് രംഗം ക്ലാസ്സിൽ അഭിനയിച്ചു കാണിക്കാം. ഒരേ കുട്ടിതന്നെ പല മൃഗങ്ങളുടെയും പേര് എഴുതിയിരിക്കുമല്ലോ. പല കുട്ടികളെ വിളിച്ച് വ്യത്യസ്ത മൃഗങ്ങളുടെ ഭാഗം അഭിനയിച്ചു കാണിക്കാൻ ആവശ്യപ്പെടാം.

### വിരുന്നുകാർ ആരൊക്കെ?

പരിസരവുമായി കുട്ടികളെ ബന്ധിപ്പിക്കാനുദ്ദേശിച്ച പ്രവർത്തനമാണിത്. ഇത് ഒരു ഭാഷാപഠനപ്രവർത്തനമായിത്തീരണം.

കുട്ടികൾ പരിസരം നിരീക്ഷിക്കട്ടെ.

തൊടിയിലോ മുറ്റത്തോ കാണാറുള്ള ഒരു പക്ഷിയെ നിരന്തരം ശ്രദ്ധിക്കട്ടെ.

നിരീക്ഷണഫലം കുറിപ്പുരൂപത്തിൽ, ശീർഷകം നൽകി രേഖപ്പെടുത്തട്ടെ.

#### ഡോ. സാലിം അലി

ലോകപ്രസിദ്ധനായ പക്ഷിനിരീക്ഷകനാണ് ഡോ. സാലിം അലി. 1896 നവംബർ 12 ന് മുംബൈയിൽ ജനിച്ചു. ഇന്ത്യയുടെ പക്ഷിമനുഷ്യൻ എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. ഡോ. സാലിം അലിയെപ്പറ്റി മൂന്നാം ക്ലാസിൽ നിന്ന് കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 12 ദേശീയ പക്ഷിനിരീക്ഷണദിനമായി ആചരിച്ചുവരുന്നു.

കേരളത്തിലെ പക്ഷിനിരീക്ഷണ പ്രവർത്തനങ്ങൾക്കു തുടക്കമിട്ട പ്രസിദ്ധനായ പക്ഷിനിരീക്ഷകനാണ് ഇന്ദുചൂഡൻ. കെ.കെ. നീലകണ്ഠൻ എന്നാണ് യഥാർഥ പേര്. 1923 ൽ പാലക്കാട് ജില്ലയിലെ കൊണ്ടളക്കോട് ഗ്രാമത്തിൽ ജനിച്ചു. കർണാടകയിലെ തുംകൂറിൽ അച്ഛൻ ജോലിചെയ്തിരുന്ന മൃഗാശുപത്രി വളപ്പിൽ കണ്ട ഉപ്പുപ്പൻ എന്ന പക്ഷിയുടെ കൂട് കുട്ടിക്കാലത്ത് നീലകണ്ഠനെ ആകർഷിച്ചു. ഇന്ദുചൂഡന്റെ പക്ഷിനിരീക്ഷണം ആരംഭിച്ചത് ഈ സംഭവത്തോടെയാണ്. ഇന്ത്യയിലെ ഏറ്റവും വലിയ പെലിക്കൻ സങ്കേതം കണ്ടെത്തിയത് അദ്ദേഹമായിരുന്നു. കേരളത്തിലെ പക്ഷികളെക്കുറിച്ച് ലേഖന പരമ്പര പ്രസിദ്ധീകരിച്ചു. ഇന്ദുചൂഡനാണ് പല പക്ഷികൾക്കും മലയാളത്തിൽ പേരിട്ടത്. 'കേരളത്തിലെ പക്ഷികൾ' ആണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ പുസ്തകം. 1992 ൽ അദ്ദേഹം അന്തരിച്ചു.

## നിങ്ങൾക്കും പക്ഷികളെ നിരീക്ഷിക്കാം

പക്ഷിയെ നിരീക്ഷിച്ച് കുറിപ്പ് തയാറാക്കുന്ന പ്രവർത്തനം മൂന്നാം ക്ലാസിൽ കുട്ടികൾ ചെയ്തിട്ടുണ്ടല്ലോ. പക്ഷിനിരീക്ഷണവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾകൂടി അവരുടെ ശ്രദ്ധയിൽപ്പെടുത്താം. പക്ഷിനിരീക്ഷണം പ്രകൃതിനിരീക്ഷണമാണ്. പ്രകൃതിയെ നശിപ്പിക്കുന്ന യാതൊരു പ്രവർത്തനവും പക്ഷിനിരീക്ഷണത്തിനിടയിൽ ഉണ്ടായിക്കൂടാ. പതുങ്ങിനടക്കാനും ചെടികളും മരച്ചില്ലകളും ഇളക്കാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കണം. ചുറ്റുപാടിന് ഇണങ്ങുന്ന വസ്ത്രം ധരിച്ചാണ് പക്ഷിനിരീക്ഷണത്തിനിറങ്ങേണ്ടത്. തിളങ്ങുന്നതോ കടും നിറത്തിലുള്ളതോ ആയ വസ്ത്രങ്ങൾ പക്ഷിനിരീക്ഷണത്തിനിടയ്ക്ക് ധരിക്കരുത്. നിങ്ങളുടെ സാന്നിധ്യം പക്ഷികൾക്ക് ശല്യമായിക്കൂടാ. ബഹളം കൂട്ടി സംസാരിക്കുകയോ കൂകുകയോ പക്ഷികളെ പേടിപ്പിക്കുന്ന തരത്തിൽ ശബ്ദം ഉണ്ടാക്കുകയോ പാടില്ല. പക്ഷികളുടെ കൂട്ടിൽ ഒരു കാരണവശാലും കൈയിടരുത്. കൂട് നിരീക്ഷിക്കുന്നുവെങ്കിൽ ദൂരെ മാറിനിന്ന് ചെയ്യണം.

പക്ഷിനിരീക്ഷണത്തിനിറങ്ങുമ്പോൾ ഒരു നോട്ടുപുസ്തകം കൈയിൽ കരുതാം. ഒന്നിലധികം പക്ഷികളെ നിരീക്ഷിക്കുന്നുവെങ്കിൽ ഓരോ പക്ഷിക്കും ഓരോ പേജ് നീക്കിവയ്ക്കാം. ഓരോ സമയത്ത് കാണുന്ന പ്രത്യേകതകൾ അപ്പോൾ കുറിച്ചുവയ്ക്കാം. പക്ഷികളുടെ ആവാസം അറിഞ്ഞാൽ പക്ഷിനിരീക്ഷണം എളുപ്പമാകും. പക്ഷികളുടെ കൊക്ക്, കാലുകൾ, ചിറകുകൾ, വാൽ എന്നീ ഭാഗങ്ങളുടെ പ്രത്യേകത നിരീക്ഷിച്ച് കുറിച്ചുവയ്ക്കാം. പക്ഷികൾ ഇര തേടുന്നത് ഒറ്റയ്ക്കാണോ സംഘം ചേർന്നാണോ, ആഹാരം ശേഖരിക്കുന്ന രീതിയുടെ പ്രത്യേകതകൾ, സസ്യഭുക്കാണോ, മാംസഭുക്കാണോ അതോ മിശ്രഭുക്കാണോ എന്നീ കാര്യങ്ങൾ പക്ഷികളുടെ കൂടിന്റെ പ്രത്യേകതകൾ തുടങ്ങിയവയും നിരീക്ഷിക്കാം. പക്ഷികളുടെ ഫോട്ടോകൾ, ചലനങ്ങളുടെ വീഡിയോകൾ ശബ്ദത്തിന്റെ റിക്കോർഡ് എന്നിവയും ശേഖരിക്കാം.

**കഥ തുടരാം**

കുട്ടികളുടെ ഭാവനാശേഷി ഉണർത്തി, അത് ആവിഷ്കരിക്കാൻ സന്ദർഭമുണ്ടാക്കുക എന്നത് ഭാഷാപഠനത്തിലെ ഒഴിച്ചുകൂടാനാവാത്ത പ്രവർത്തനമാണ്.

സ്വന്തമായി കഥകളും കവിതകളും എഴുതാൻ നിർദേശിക്കുന്നതിനു മുമ്പ് കഥാപൂരണമോ, കവിതാപൂരണമോ നൽകുന്നത് ഉചിതമായിരിക്കും. 'ഞാവൽക്കാട്' എന്ന കഥ കുട്ടികൾ വായിക്കുകയും ആസ്വദിക്കുകയും ചെയ്തിട്ടുണ്ട്. കഥയുടെ അന്ത്യം മറ്റൊരു തരത്തിൽ ആയിരുന്നെങ്കിൽ എന്ന് അവരെക്കൊണ്ട് തന്നെ ചിന്തിപ്പിക്കുകയും ഓരോരുത്തരുടെയും ഭാവനയ്ക്കനുസരിച്ച് കഥ പൂർത്തിയാക്കാൻ ആവശ്യപ്പെടുകയും ചെയ്യാം.

"അർധരാത്രി സമയം..........................." എന്നു തുടങ്ങുന്ന ഖണ്ഡിക മുതൽ മാറ്റിയെഴുതാൻ ആവശ്യപ്പെടാം.

യൂണിറ്റിലെ പഠനപ്രവർത്തനങ്ങൾ പൂർത്തിയായാൽ വിലയിരുത്തൽ കോളം പൂരിപ്പിക്കണം. എല്ലാവരും എല്ലാ കോളങ്ങളും പൂരിപ്പിക്കണം.

ഇവ തുടർമൂല്യനിർണയത്തിന്റെ ഭാഗമായി പരിഗണിക്കപ്പെടണം.